

ദേവൻ, വേദം, ഗുരു, മന്ത്രം, തീർത്ഥം,
മഹാത്മാവ്, ഔഷധം എന്നിവയിൽ
ഒരാൾക്ക് എത്രത്തോളമാണോ
ശ്രദ്ധയും, വിശ്വാസവുമുള്ളത്,
അത്രത്തോളമാണ് അവയുടെ ഫലവും.
അശ്രദ്ധാലുക്കൾക്കും അവിശ്വാസികൾക്കും
ഇവയൊന്നും പ്രയോജനപ്പെടുന്നില്ല.
എന്നാൽ ശ്രദ്ധാലുക്കൾക്കാവട്ടെ,
അവയോരോന്നും കല്പവൃക്ഷം പോലെ
സർവ്വാഭീഷ്ടപ്രദമാണുതാനും.

(സർവ്വ വേദാന്തസിദ്ധാന്ത സാരസംഗ്രഹം 213)

# മെയ് 6 – ശ്രീശങ്കരജയന്തി


ബ്രഹ്മശ്രീ
ദ്വൈമാസിക
മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
2022 മാർച്ച് – ഏപ്രിൽ, വാല്യം : 19 – ലക്കം : 2



## മൂന്നാം ശ്രാദ്ധദിനം
23 ഏപ്രിൽ 2022

**മിനി ദാമോദരൻ നമ്പൂതിരി**
ഊരകത്തില്ലം
കാവുംഭാഗം പി ഒ
ചെറുവള്ളി, കോട്ടയം ജില്ല.

സന്തപ്ത കുടുംബാംഗങ്ങൾ



## ഒന്നാം ശ്രാദ്ധദിനം
24 മെയ് 2022

**സരോജിനി അന്തർജ്ജനം**
ഊരകത്തില്ലം,
കാവുംഭാഗം പി.ഒ,
ചെറുവള്ളി, കോട്ടയം ജില്ല

2022 മാർച്ച്–ഏപ്രിൽ : വാല്യം 19 – ലക്കം 2

# ബ്രഹ്മശ്രീ

മലയാള ബ്രാഹ്മണസമാജം പ്രസിദ്ധീകരണം
ദ്വൈമാസിക

ഓം ഭൂർഭുവസ്വഃ തത്സവിതുർ വരേണ്യം
ഭർഗ്ഗോദേവസ്യ ധീമഹി
ധിയോ യോ നഃ പ്രചോദയാത്

## പത്രാധിപസമിതി

**പി. ഹരികുമാർ** (ചീഫ് എഡിറ്റർ)
പാണാട്ട് ഇല്ലം, കുറിച്ചിത്താനം പി. ഒ.,
കോട്ടയം–686 634, Ph : 8281108575

**പ്രൊഫ. ബാലചന്ദ്രശർമ്മ കെ.** (കേന്ദ്ര പ്രസിഡന്റ്)
കണത്തുരുത്തിൽ ഇല്ലം, കൊക്കോതമംഗലം പി.ഒ.
ചേർത്തല – 688527, Ph: 94478 65535

**കെ ശ്രീവത്സലൻ നമ്പൂതിരി,** (കേന്ദ്ര സെക്രട്ടറി)
ശബരിയാംമൂട്ടിൽ ഇല്ലം, VARA 132, അറപ്പുര റോഡ്,
വട്ടിയൂർക്കാവ്– 695013. തിരുവനന്തപുരം. Ph:. 9037068911

**റ്റി.വി.നാരായണ ശർമ്മ,** (മാനേജിംഗ് എഡിറ്റർ)
താമരശ്ശേരി ഇല്ലം മാലം പി.ഒ., കോട്ടയം – 686019
Ph: 95623 56959

**ഡോ. കെ.എൻ.ഹരികൃഷ്ണ ശർമ്മ** (സബ് എഡിറ്റർ)
കൈനിക്കര ഇല്ലം, മണലുങ്കൽ പി.ഒ.
കോട്ടയം–686 503, Ph: 98475 98896

**അമ്പിളി പി താമരശ്ശേരി** (സബ് എഡിറ്റർ)
താമരശ്ശേരി ഇല്ലം, മാലം പി .ഒ, കോട്ടയം 686019.,
Ph: 98479 89402

**രാജേഷ് ഡി** (സർകുലേഷൻ)
മുല്ലശ്ശേരി ഇല്ലം, പട്ടണക്കാട് പി.ഒ., ചേർത്തല 688532
Ph: 81292 73500

**അരുൺ കീച്ചേരിൽ** (അഡ്വർടൈസ്മെന്റ്)
കീച്ചേരിൽ ഇല്ലം, മുരിക്കുംപുഴ
പാലാ പി.ഒ.–686 575, Ph: 94468 46461

**വി. എൻ. ടി. നമ്പൂതിരി** (ഫിനാൻസ്)
പ്രയാഗ, ഏരൂർ വെസ്റ്റ് പി. ഒ., തൃപ്പൂണിത്തുറ,
എറണാകുളം–682 306, Ph : 94475 66168

Bank Account : **Indian Bank,** M.G. Road,
Ernakulam | A/c. No. **: 867897300,**
Account Name: **Brahmasree**
IFSC Code : **IDIB000M036**
email : **brahmasreembs@gmail.com**

സദാശിവ സമാരംഭാം ശങ്കരാചാര്യ മദ്ധ്യമാം
അസ്മദാചാര്യ പര്യന്താം വന്ദേ ഗുരുപരമ്പരാം
ശ്രുതിസ്മൃതി പുരാണാനാം ആലയം കരുണാലയം
നമാമി ഭഗവത് പാദം ശങ്കരം ലോകശങ്കരം
ശങ്കരം ശങ്കരാചാര്യം കേശവം ബാദരായണം
സൂത്രഭാഷ്യകൃതൗ വന്ദേ ഭഗവന്തൗ പുനഃ പുനഃ
ഈശ്വരോ ഗുരുരാത്മേതി മൂർത്തിഭേദ വിഭാഗിനേ
വ്യോമവദ് വ്യാപ്തദേഹായ ദക്ഷിണാമൂർത്തയേ നമഃ

## പത്രാധിപക്കുറിപ്പ്

'ഇതു ഞാൻ നട്ടു വളർത്തിയ മരമാണ്' എന്നു പറഞ്ഞ് തൊട്ടു കാണിക്കാൻ ഒരു മരമെങ്കിലു മുണ്ടാകുമോ നമുക്കോരോരുത്തർക്കും ഈ ഭൂമിയുടെ ഉപരിതലത്തിൽ? നമുക്ക് മുൻപ് മരിച്ച് മണ്ണടിഞ്ഞവരും നമുക്കൊപ്പം ഇന്നു ജീവിക്കുന്നവരും ഒക്കെ തൈ വച്ചു പരിപാലിച്ചു വളർത്തിയെടുത്ത വൃക്ഷങ്ങളുടെ തണലും തടിയും ഫലങ്ങളും ഒക്കെയാണ് നാമിന്ന് സന്തോഷപൂർവം അനുഭവിക്കുന്നത്. ഒന്നും രണ്ടുമല്ല ലക്ഷക്കണക്കിന് മരങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള തുണ പ്രത്യക്ഷമായും പരോക്ഷമായും ജീവിതത്തിലെ ഓരോ നിമിഷത്തിലും നമുക്കെല്ലാം ലഭിക്കുന്നുണ്ട്.

എന്നിട്ടും താനായി ഒരു മരമെങ്കിലും വളർത്തിയെടുക്കാത്തവരുണ്ടെങ്കിൽ ഈ നന്ദികേടിനു ഉടൻ പരിഹാര നടപടികൾ തുടങ്ങിവയ്ക്കേണ്ടതുണ്ട്.

ഇനി മറ്റൊന്ന്; നഴ്സറി സ്കൂളും പോലീസ് സ്റ്റേഷനും മുതൽ വായനശാലയും വില്ലേജ് ഓഫീസും വരെയുള്ള ഏതെങ്കിലും ഒരു പൊതു സ്ഥാപനത്തിന്റെയെങ്കിലും സ്ഥാപനത്തിനോ പുരോഗതിക്കോ പുനരുദ്ധാരണത്തിനോ വേണ്ടി താൻ മുൻകൈ എടുത്തോ മുൻകൈ എടുക്കുന്നവരുടെ കൂട്ടത്തിൽ കൂടിയോ എന്തെങ്കിലും കാര്യമായി ചെയ്തിട്ടുണ്ടോ? പിരിവു ചോദിച്ചു വരുമ്പോൾ ഒരു ചെറിയ തുക സംഭാവന നൽകി ഒഴിവാക്കുന്നതല്ല ഇവിടെ ഉദ്ദേശിക്കുന്നത്.

➡

**ഉപദേശകസമിതി**
**എം.നാരായണൻ നമ്പൂതിരി | ഡോ.ഹരിഹരൻ,**
**പ്രൊഫ.(റിട്ട) സുകുമാരി അന്തർജ്ജനം**

Layout & Printing
S.N.Nampoothiri, Essence Creations, Kottayam



ജനിച്ചനാൾ തുടങ്ങിയെന്നെയോമനിച്ചു തുഷ്ടിയോ-
ടെനിക്കു വേണ്ടതൊക്കെ നൽകിയാദരിച്ച ലോകമേ

നാം തൊഴുതുപോരുന്ന ക്ഷേത്രം മുതൽ അസുഖം വരുമ്പോൾ അഭയം പ്രാപിക്കുന്ന ആശുപത്രി വരെ കെട്ടിപ്പൊക്കിയതിനു പിന്നിൽ പൂർവ്വികരുടെ സമർപ്പണ ത്യാഗങ്ങളുടെയും വിയർപ്പു ചിന്തിയ അദ്ധ്വാനദാനങ്ങളുടെയും ഒത്തിരിയൊത്തിരി കഥകൾ ഉണ്ട്. ഇവിടെ നിന്നൊന്നുമുള്ള സേവനങ്ങൾ ഇന്നു സൗജന്യമല്ലെങ്കിൽ കൂടി ഈ സ്ഥാപനങ്ങളുടെ സ്ഥലം കെട്ടിടം മുതലായവയ്ക്കായി മൂലധന സമാഹരണം നടത്തിയവർ നമുക്ക് പേരറിയാത്ത, അന്നു ജീവിച്ചിരുന്ന ചില സാമൂഹ്യ പ്രവർത്തകർ തന്നെയാകും.

ഇവിടെയും നമുക്ക് ലഭിച്ചത് തിരിച്ച് സമൂഹത്തിനു നൽകാനുള്ള പ്രത്യുപകാര മനസ്ഥിതി നമുക്കുണ്ടാകേണ്ടേ?

നാമിന്നു യാത്ര ചെയ്യുന്ന പ്രധാന വഴികളെല്ലാം തന്നെ സ്ഥലം സൗജന്യമായി ഉടമസ്ഥർ നൽകി നിർമിച്ചതാണ്. അല്ലാതെ സർക്കാർ 'പൊന്നുംവില'യ്ക്കെടുത്തത് അല്ലെന്നർത്ഥം. ഇന്ന് ഏതെങ്കിലും ഒരു വഴി നിർമ്മിയ്ക്കാൻ പോട്ടെ, ഒന്ന് വീതി കൂട്ടാൻ ശ്രമിച്ചാൽ എന്തെല്ലാം പുകിലാണ് ആ വഴിക്കു ചുറ്റും ജീവിക്കുന്ന, ആ വഴി ഉപയോഗിക്കുന്നവർ തന്നെ കാട്ടിക്കൂട്ടുന്നത്!

ഇവിടെയും ചോദ്യം അതു തന്നെയാണ്. ഈ രംഗത്ത് നമ്മുടെ ജീവിതകാലത്തെ സംഭാവനയെന്ത്?

തീർന്നില്ല. ക്ഷേത്രത്തിന്റെ ഉത്സവക്കമ്മറ്റിയോ സാമുദായിക സംഘടനകളോ മുതൽ തൊഴിലാളി സംഘടനകളോ രാഷ്ട്രീയപ്പാർട്ടികളോ വരെ ഏതെങ്കിലും സാമൂഹ്യ, സാംസ്കാരിക, കലാ, സാഹിത്യ, ജീവകാരുണ്യ സംഘടനയിൽ പ്രവർത്തിയ്ക്കുന്നുണ്ടോ? അംഗമാവുകയോ കെട്ടിയേല്പിച്ച ഭാരവാഹിത്വം വഹിയ്ക്കുകയോ ചെയ്തതുകൊണ്ടായില്ല. സംഘടനയ്ക്കു വേണ്ടി, സംഘടനയുടെ ഉദ്ദേശലക്ഷ്യങ്ങൾക്കു വേണ്ടി ആത്മാർത്ഥമായി പ്രവർത്തിയ്ക്കുന്നുണ്ടോ എന്നതാണു പ്രധാനം.

നിസ്സ്വാർത്ഥമായി നമ്മൾ എന്തു ചെയ്തു, എന്തു ചെയ്യുന്നു ഇതാണ് അടിസ്ഥാന ചോദ്യം.

കുടുംബത്തിന് വേണ്ടിയും സാമ്പത്തിക ലാഭത്തിനു വേണ്ടിയും അദ്ധ്വാനിക്കുന്നവരാകും എല്ലാവരും.

അതിനപ്പുറം എന്തു ചെയ്തു എന്നാണറിയേണ്ടത്. മരിച്ചു ചെല്ലുമ്പോൾ ചിത്രഗുപ്തന്റെ പുസ്തകത്തിൽ ഈ താളിൽ എഴുതിവച്ചിരിക്കുന്നതിനേ വിലയുണ്ടാകൂ

ജോലി ചെയ്ത് ജീവിക്കണം. അത് എല്ലാവരുടെയും കടമയും ഉത്തരവാദിത്തവും തന്നെയാണ്. അതോടൊപ്പം കുറച്ചു ജോലിയെങ്കിലും നിസ്സ്വാർത്ഥമായി, ഫലം സമൂഹത്തിനു സമർപ്പിക്കുന്ന രീതിയിൽ, ഗീതയിൽ പറയുന്ന യജ്ഞഭാവത്തിൽ ചെയ്യാൻ തയ്യാറായാലേ ജന്മം അൽപ്പമെങ്കിലും സാർത്ഥകമാകൂ.

ഒരു സംഘടനയിലും പ്രവർത്തിയ്ക്കാതെ, ഒരു സാമൂഹ്യ പ്രവർത്തനത്തിലും പങ്കാളിയാകാതെ, താൻ ഏകനായിപ്പോലും ചെയ്യാൻ കഴിയുന്ന അനേകം നന്മ നിറഞ്ഞ ധർമ്മകർമങ്ങൾ ഒന്നുപോലും ചെയ്യാതെ ,കുടുംബത്തെയും സമ്പത്തിനെയും മാത്രം കെട്ടിപ്പിടിച്ച് ജീവിക്കുന്നത് ആണായാലും പെണ്ണായാലും അപൂർണം തന്നെ.

ചുരുക്കത്തിൽ ഇത്രയേയുള്ളൂ. കുറച്ച് സമയവും അല്പം ചിന്തയും കുറച്ചൊക്കെ ധനവും വേണ്ടിവന്നാൽ ശാരീരികാദ്ധ്വാനവും പൊതു സമൂഹത്തിന്റെ ഉന്നതിയ്ക്ക് സന്തോഷ പൂർവം വിനിയോഗിയ്ക്കാൻ തയ്യാറാവുക. കലാരംഗം മുതൽ രാഷ്ട്രീയം വരെയുള്ള ഏതു വേദിയുമാകാം.

ആരോ പറഞ്ഞിട്ടുണ്ട്. ജീവിതാവസാനത്തിൽ തിരിഞ്ഞു നോക്കുമ്പോൾ കൂടുതൽ ദുഃഖം തോന്നുക താൻ ചെയ്ത കാര്യങ്ങളെ ഓർത്തായിരിക്കില്ല, താൻ ചെയ്യാത്ത, ചെയ്യാൻ ശ്രമിയ്ക്കാത്ത, ചെയ്യുവാൻ പറ്റുമായിരുന്ന കാര്യങ്ങളെ ഓർത്തായിരിക്കും എന്ന്.

അങ്ങിനെയൊരു വിഷമം തോന്നാതിരിയ്ക്കാൻ ജീവിതം യജ്ഞ ഭാവസമ്പുഷ്ടവും കർമ്മ ചടുലവും ചരാചരപ്രേമ ബന്ധുരവും ആയിരിയ്ക്കട്ടെ.

'ഭവാനധീനം പരമെന്നുടലും
പ്രാണനു, മവരണ്ടും
പരാർത്ഥമാക്കുക പകലും രാവും
പ്രഭോ നമസ്കാരം!''

ഹരി പത്രാധിപർ


വേഷമെനിക്കെന്തെന്നു വിധിപ്പതു വിഭോ ഭവച്ചിത്തം
വിശ്വപ്രിയമായ് നടനം ചെയ്‌വതു വിധേയനെൻ കൃത്യം

# ശങ്കരാചാര്യർ – കാലാതീതനായ കർമ്മയോഗി

അമ്പിളി പി. താമരശ്ശേരി
താമരശ്ശേരി ഇല്ലം, മാലം –
98479 89402

**(മെയ് 6 ന് ശ്രീ ശങ്കര ജയന്തി. ശങ്കരാചാര്യ ജീവിത – ദർശന – കൃതികളിലേക്ക് ഒരെത്തിനോട്ടം – പത്രാധിപർ)**

വീണ്ടും ഒരു ശങ്കരജയന്തി കൂടി കടന്നു വരുന്നു. ശങ്കരാചാര്യരെ ആചാര്യനായി ആദരിക്കുന്ന ബ്രാഹ്മണസമുദായം ഓരോ ശങ്കരജയന്തിയും ഒരു പ്രചോദനമായി കാണുകയും ശങ്കരാചാര്യർ എന്ന ലോകം കണ്ട മനീഷിയെ അടുത്തറിയാനും ലോകത്തിനും മാനവസമുദായത്തിനും അദ്ദേഹം നൽകിയ സംഭാവനകൾ തിരിച്ചറിയാനും അവയെ ഉൾക്കൊള്ളാനും പ്രാവർത്തികമാക്കാനുമുള്ള അവസരമായി ഈ സുദിനത്തെ സ്വീകരിക്കേണ്ടതുണ്ട്.

ഭാരതസംസ്കാരം ആർഷ സംസ്കാരമാണ്. ഋഷിമാരിൽ നിന്ന് ഉദയംകൊണ്ട് പരിപാലിക്കപ്പെട്ട് പോഷിപ്പിക്കപ്പെട്ട് വളർന്ന സംസ്കാരം. വേദങ്ങളിലും ഉപനിഷത്തുകളിലും ബ്രാഹ്മണങ്ങളിലും ആരണ്യകങ്ങളിലും ഇതിഹാസങ്ങളും പുരാണങ്ങളിലുമായി ഈ സംസ്കാരത്തിന്റെ നിർവചനങ്ങളും വ്യാഖ്യാനങ്ങളും പടർന്നുകിടക്കുന്നു. ''ആരണ്യാന്തരഗഹ്വരോദര തപസ്ഥാനങ്ങളി''ലിരുന്നുകൊണ്ട് പ്രപഞ്ചത്തിന്റെ ചലനത്തെ സുസൂക്ഷ്മം നിരീക്ഷിച്ച് നേടിയ കണ്ടെത്തലുകളെ കാവ്യരൂപത്തിൽ ഋഷിമാർ അവതരിപ്പിച്ചു. ആ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ജീവിതത്തെ വ്യാഖ്യാനിച്ച് സാധാരണ മനുഷ്യന്റെ നിത്യജീവിതത്തിൽ അവയെ പ്രയോഗപഥത്തിൽ കൊണ്ടുവരാനാണ് അവർ പരിശ്രമിച്ചത്. ഇത്തരത്തിലുള്ള ആചാര്യന്മാരുടെ പരമ്പരയിലെ കേരളത്തിന്റെ അതിമഹത്തായ സംഭാവനയാണ് ശങ്കരാചാര്യർ.

പെരിയാറിന്റെ തീരത്ത് അങ്കമാലിക്ക് സമീപം കാലടി എന്ന ഗ്രാമത്തിൽ കൈപ്പിള്ളി ഇല്ലത്ത് ബ്രാഹ്മണശ്രേഷ്ഠനായ ശിവഗുരുവിന്റെയും ആര്യാംബയുടെയും പുത്രനായി ക്രിസ്തുവിനുപിൻപ് എട്ടാം ശതകത്തിൽ ശങ്കരാചാര്യർ ജനിച്ചു. അദ്ദേഹത്തിന്റെ കൃത്യമായ ജീവിതകാലത്തെക്കുറിച്ച് പണ്ഡിതന്മാർക്കിടയിൽ ഇപ്പോഴും അഭിപ്രായവ്യത്യാസങ്ങൾ നിലവിലുണ്ട്. വളരെ ചെറിയ പ്രായത്തിൽ തന്നെ പിതാവിനെ നഷ്ടപ്പെട്ടുവെങ്കിലും പഠനത്തിൽ അസാധാരണമായ ബുദ്ധിവൈഭവം പ്രദർശിപ്പിച്ച ശങ്കരനെ അമ്മ ഉപനയനം നടത്തി ഗുരുകുലത്തിൽ പറഞ്ഞയച്ചു. സർവ്വ ശാസ്ത്രങ്ങളും വളരെ വേഗത്തിൽ സ്വായത്തമാക്കിയ ശങ്കരൻ പഠനത്തിൽ അസാധാരണവും ആശ്ചര്യകരവുമായ ബുദ്ധിശക്തിയാണ് പ്രകടിപ്പിച്ചത്. എട്ട് വയസ്സോടുകൂടി വിദ്യാഭ്യാസം പൂർത്തിയാക്കി ഇല്ലത്തേക്കു മടങ്ങിയെത്തിയ ശങ്കരൻ സന്യാസം സ്വീകരിക്കാൻ ആഗ്രഹിച്ചു എങ്കിലും പുത്ര വത്സലയായ മാതാവ് അതിന് അനുവാദം നൽകിയില്ല എന്നും പെരിയാറിലെ കുളിക്കടവിൽ വെച്ചു കാലിൽ പിടിച്ച മുതലയുടെ കടി വിടുവിക്കാനായി സന്യസിക്കാൻ അനുവാദം തരണമെന്ന് ശങ്കരൻ അപേക്ഷിച്ചപ്പോഴാണ് അമ്മ സന്യസിക്കാൻ അനുവദിച്ചതെന്നും കഥ. ശങ്കരാചാര്യരുടെ ജീവിതത്തെ കുറിച്ച് ഐതിഹ്യവും ചരിത്രവും കെട്ടുപിണഞ്ഞ അറിവുകളാണ് ലഭ്യമായിട്ടുള്ളത്.

കഥകൾക്കപ്പുറം യഥാർത്ഥത്തിൽ ശങ്കരാചാര്യരെ അടുത്തറിയാൻ കഴിയുന്നത് അദ്ദേഹത്തിന്റെ രചനകളിലൂടെയാണ് മുന്നൂറോളം രചനകൾ അദ്ദേഹത്തിന്റേതയുണ്ടെന്നും അതല്ല 116 കൃതികൾ മാത്രമാണ് അദ്ദേഹത്തിന്റെ സ്വന്തമായ രചനകൾ എന്നും മറ്റുള്ളവ അദ്ദേഹത്തിന്റെ പിൻഗാമികളാൽ രചിക്കപ്പെട്ടതാണെന്നും ചില പണ്ഡിതർ അഭിപ്രായപ്പെടുന്നു

ഭാരതീയ തത്ത്വചിന്തയുടെ അടിസ്ഥാനശിലയായ ഷഡ്ദർശനങ്ങളിൽ വേദാന്തത്തിന്റെ വക്താവായിരുന്നു ശങ്കരാചാര്യർ. വേദാന്തത്തിന്റെ 3 ഉപദർശനങ്ങളിൽ ഒന്നായ അദ്വൈതസിദ്ധാന്തമാണ് ശങ്കരാചാര്യർ വ്യാഖ്യാനിച്ചു വിശദീകരിച്ചത്. വ്യത്യസ്ത ചിന്താധാരകളിലൂടെ സഞ്ചരിച്ചിരുന്ന ഭാരതീയ ദാർശനികരെ വാദപ്രതിവാദങ്ങളിൽ കൂടി ബൗദ്ധികമായി കീഴടക്കി അദ്വൈത ദർശനത്തിന്റെ ആത്മസത്തയെ ബോധ്യപ്പെടുത്തുകയാണ് ആചാര്യസ്വാമികൾ ചെയ്തത്.

''ഏകം സദ് വിപ്രാഃ ബഹുധാ വദന്തി'' (സത്ത് ഒന്നു മാത്രം. വിബുധന്മാർ അനേക



ഭജഗോവിന്ദം ഭജഗോവിന്ദം
ഗോവിന്ദം ഭജ മൂഢമതേ.............

വിധത്തിൽ അതിനെക്കുറിച്ചു സംസാരിക്കുന്നു) എന്ന ഋഗ്വേദ സൂക്തം തന്നെ ആയിരിക്കാം അദ്ദേഹത്തിന് അദ്വൈത സിദ്ധാന്തത്തിന് പ്രചോദനമായത്. തന്റെ രചനകളിലൂടെ ശങ്കരാചാര്യർ അദ്വൈത വേദാന്തം വ്യാഖ്യാനിക്കാനും പ്രചരിപ്പിക്കാനുമാണ് പരിശ്രമിച്ചത്. അദ്വൈതസിദ്ധാന്തത്തെ അംഗീകരിക്കാത്തവരുടെ വാദങ്ങൾക്ക് യുക്തിയുക്തമായ പ്രതിവാദങ്ങൾ നിരത്തി അദ്ദേഹം അദ്വൈതസിദ്ധാന്തത്തിന്റെ ആധികാരികത ഉറപ്പിച്ചു.

ഭാഷ്യം പ്രകരണം സ്തോത്രം എന്നിങ്ങനെ വിവിധ വിഭാഗങ്ങളിലായി അദ്ദേഹത്തിന്റെ രചനകൾ പടർന്നുകിടക്കുന്നു. ഉപനിഷത്തുകൾ ബ്രഹ്മസൂത്രം ഭഗവത്ഗീത ഇവയ്ക്ക് അദ്ദേഹം രചിച്ച ഭാഷ്യങ്ങൾ ആണ് അദ്ദേഹത്തിന്റെ സംഭാവനകളിൽ ഏറ്റവും വിലപ്പെട്ടത്. ഈ കൃതികൾ അദ്വൈതസിദ്ധാന്തത്തിന് ഉറച്ച അടിത്തറ പണിതു.

ആർജ്ജിച്ച വിജ്ഞാനത്തെ പ്രചരിപ്പിക്കുന്നതിനും അദ്വൈതചിന്തയിലൂടെ ഒരു ക്ഷേമ രാഷ്ട്രം പണിതുയർത്തുന്നതിനുമായി ആചാര്യർ ഭാരതഭൂമിയുടെ നാലു ഭാഗങ്ങളിലായി നാല് മഠങ്ങൾ സ്ഥാപിച്ചു. വടക്ക് ബദരീനാഥിൽ ജ്യോതിർ മഠം, പടിഞ്ഞാറ് ഗുജറാത്തിലെ ദ്വാരകയിൽ ദ്വാരക പീഠം കിഴക്കു ഒറീസയിലെ ഗോവർധന മഠം തെക്ക് കർണാടകയിലെ ശൃംഗേരിയിൽ ശാരദാപീഠം എന്നിവയാണ് അദ്ദേഹം സ്ഥാപിച്ച പ്രധാന മഠങ്ങൾ. പിന്നീട് ഇതിലോരോന്നിന്റെയും ചുമതല അദ്ദേഹം തന്റെ പ്രധാന ശിഷ്യരെ ഏൽപ്പിക്കുകയും ചെയ്തു. ഗോവർധന മഠത്തിന്റെ പ്രവർത്തനത്തിന്റെ ചുമതല പത്മപാദാചാര്യരേയും ശാരദാ പീഠത്തിന്റെ ചുമതല സുരേശ്വരാചാര്യരെയും ദ്വാരകാ പീഠത്തിന്റെ ചുമതല ഹസ്താമലകാചാര്യരെയും ജ്യോതിർമഠം ചുമതല തോടകാചാര്യരേയുമാണ് ഏൽപ്പിച്ചത്. അദ്വൈതസിദ്ധാന്തത്തിന്റെ നിലനിൽപ്പും പ്രചരണവും ഉറപ്പാക്കുകയാണ് അദ്ദേഹം ചെയ്തത്.

ആധ്യാത്മിക ദർശനത്തിന് സാമൂഹിക മാനം നൽകി സമുദായത്തിന്റെയും സമൂഹത്തിന്റെയും രാഷ്ട്രത്തിന്റെയും പുനർനിർമാണം കൂടി അദ്ദേഹം വിഭാവനം ചെയ്തിരുന്നുവെന്നും മനസ്സിലാക്കാം.

സന്യാസത്തിന് അനുവാദം നൽകിയ സമയത്ത് അമ്മക്ക് നൽകിയ വാക്ക് അനുസരിച്ച് അമ്മയുടെ അന്ത്യ സമയത്ത് അടുത്തെത്തി മാതൃശുശ്രൂഷയിൽ മുഴുകവേ ശങ്കരാചാര്യർ രചിച്ചതാണ് മാതൃപഞ്ചകം

''ആസ്താംതാവദിയം പ്രസൂതിസമയേ....'' എന്ന് തുടങ്ങുന്ന വരികൾ ഇന്നും നമ്മുടെ സമൂഹത്തിന് വലിയൊരു സന്ദേശമാണ് നൽകുന്നത്. ഏതു സന്യാസത്തിനും തകർക്കാൻ കഴിയാത്ത ഒന്നാണ് മാതൃ പുത്രബന്ധം എന്നു ശങ്കരൻ തെളിയിച്ചു. എല്ലാം ബന്ധങ്ങളും ഉപേക്ഷിച്ച ആത്മ പിണ്ഡം വെച്ച് സന്യാസം സ്വീകരിക്കുന്ന സർവസംഗപരിത്യാഗിക്കുപോലും മാതാവിനോടുള്ള ആത്മബന്ധം അറുത്തു കളയാൻ ആവില്ല എന്ന് ശങ്കരൻ മാതൃ പഞ്ചകത്തിലൂടെ പറയുന്നു മാതാവിനോടുള്ള കടപ്പാട് എത്ര ഉന്നതനായ പുത്രനും തീർക്കാൻ കഴിയുന്ന ഒന്നല്ല.

ജീവിതകാലത്തെക്കുറിച്ച് എന്നത് പോലെ തന്നെ ശങ്കരാചാര്യ സ്വാമികളുടെ സമാധിയെക്കുറിച്ചും പണ്ഡിത ജനങ്ങൾക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങൾ നിലവിലുണ്ട്. അദ്ദേഹം കേദാർനാഥിൽ വെച്ചാണ് ഭൗതിക ശരീരം വെടിഞ്ഞത് എന്നും അതല്ല തൃശ്ശൂർ വടക്കുംനാഥക്ഷേത്രം സമീപത്തുവെച്ചാണ് സമാധിയടഞ്ഞതെന്നും കരുതപ്പെടുന്നു. ഒരു മേഘ ജ്യോതിസ്സുപോലെ കേവലം 32 വർഷത്തെ ജീവിതകാലത്തിനിടയിൽ എട്ടാം വയസ്സിൽ വിദ്യാഭ്യാസം പൂർത്തിയാക്കി പതിനാറു വയസ്സിനുള്ളിൽ തന്നെ രചനകളെല്ലാം നിർവഹിച്ച് മുപ്പത്തിരണ്ട് വയസ്സിനുള്ളിൽ ഭാരതം മുഴുവൻ ചുറ്റി സഞ്ചരിച്ച് തന്റെ ആശയങ്ങളെ പ്രചരിപ്പിക്കുകയും പണ്ഡിതരായ ശിഷ്യ സമൂഹത്തെ നേടുകയും ചെയ്ത അദ്ദേഹതിന്റെ വിസ്മയകരമായ ജീവിതം നമുക്ക് എന്നും പ്രചോദനമാവട്ടെ.

തന്റെ ജീവിതത്തിലൂടെ ശങ്കരൻ മാനവ സമൂഹത്തിന് നൽകുന്ന സന്ദേശം എന്താണ്? മനുഷ്യജന്മം ഇന്ദ്രിയസുഖങ്ങൾ അനുഭവിക്കാൻ മാത്രമുള്ളതല്ല മറിച്ച് വിജ്ഞാനം ആർജിക്കാനുള്ളതുകൂടിയാണ്. ആർജ്ജിച്ച വിജ്ഞാനം വിജ്ഞാനമായി നിലകൊള്ളാൻ ഉള്ളതല്ല അത് ജീവിതത്തിന് പ്രയോജനകരം ആകേണ്ടതാണ്. ജീവിക്കുന്ന നാടിനോടും



സംപ്രാപ്തേ സന്നിഹിതേ കാലേ
നഹി നഹി രക്ഷതി ഡുകൃഞ്കരനേ

സമൂഹത്തിനോടും നമുക്ക് കടപ്പാടുകളുണ്ട്. എല്ലാ വിഭാഗീയചിന്തകൾക്കും അതീതമായി ഞാനും ഈശ്വരനും ഒന്നാണ് എന്ന് തിരിച്ചറിയുക ഓരോവ്യക്തിയിലും ഈശ്വരീയതയിലേക്കു വളരാനുള്ള അനന്തമായ സാധ്യത നിറഞ്ഞിരിപ്പുണ്ട്.

സ്വാർത്ഥ ചിന്ത വെടിഞ്ഞ് സ്വയം ഈശ്വരംശമാണെന്നു തിരിച്ചറിഞ്ഞ് പൂർണതയിലേക്കു വളരുക അതുതന്നെയാണ് മോക്ഷം. ശങ്കരാചാര്യരുടെ ഉപദേശങ്ങളെയും ജീവിതത്തെയും ഹൃദയത്തിൽ സ്വീകരിച്ചുകൊണ്ട് മനുഷ്യത്വത്തിൽ നിന്നും ദൈവികതയിലേക്ക് ഉയരാനുള്ള പരിശ്രമം ആചാര്യരുടെ പിൻഗാമികളെന്ന് അവകാശപ്പെടുന്ന നമ്മുടെ ഓരോരുത്തരുടെയും കർത്തവ്യമാണ്. അടിയുറച്ച ആത്മീയതയിലും യാഥാർത്ഥ്യ ബോധത്തിലും പടുത്തുയർത്തിയ അദ്ദേഹത്തിന്റെ ദർശനങ്ങൾ കാലമെത്രകഴിഞ്ഞാലും ലോകത്തിന് വെളിച്ചം പകർന്നുകൊണ്ട് നിലനിൽക്കുക തന്നെ ചെയ്യും.



ഓതറ ശാഖ പ്രസിഡന്റ് ശ്രീകുമാര ശർമ്മയുടെ അച്ഛന്റെ മരണാനന്തരചടങ്ങുകളോട് അനുബന്ധിച്ച് ഹവിസിലേക്കുള്ള സംഭാവന ശാഖാ സെക്രട്ടറി ശ്രീകുമാര ശർമ്മ ഏറ്റുവാങ്ങുന്നു. കേന്ദ്ര പ്രതിനിധി ത്രിവിക്രമൻ നമ്പൂതിരി, കേന്ദ്ര ജോയിന്റ് സെക്രട്ടറി മോഹൻ കുമാർ എന്നിവർ സന്നിഹിതരായിരുന്നു



കുറവിലങ്ങാട് ശാഖ അമ്മടത്തിൽ ഇല്ലത്ത് പ്രദീപിന്റെയും കവിതയുടേയും പുത്രൻ അദ്വൈതിന്റെ ഉപനയനത്തോടനുബന്ധിച്ച് ഹവിസ്സിലേയ്ക്കുള്ള സംഭാവനയും അടിയന്തിര സംഭാവനയും ശാഖാ ഹവിസ്സ് കോ-ഓർഡിനേറ്റർ സ്വീകരിക്കുന്നു

## മുഖചിത്രം

**മേൽപ്പാഴൂർ മന, വെളിയനാട്, പിറവം**

ശ്രീ ശങ്കരന്റെ ജന്മസ്ഥലം കാലടിയാണെന്നാണ് പരക്കെ അറിയപ്പെടുന്നത് .

എങ്കിലും അദ്ദേഹം ജനിച്ചത് മാതാവായ ആര്യാംബയുടെ ഇല്ലമായ എറണാകുളം ജില്ലയിലെ പിറവത്തിനടുത്തുള്ള വെളിയനാട് എന്ന ഗ്രാമത്തിലെ മേൽപ്പാഴൂർ മനയിലാണെന്നും പറയപ്പെടുന്നുണ്ട്. അന്യം നിന്ന് പോയ ഈ മനയും ചുറ്റുമുള്ള ഏതാണ്ട് അഞ്ചേക്കർ ഭൂമിയും ഇപ്പോൾ ചിന്മയാ ഇന്റർനാഷണൽ ഫൗണ്ടേഷന്റെ സംരക്ഷണയിലാണ്. മനയും ആശ്രമവും ഒരു അയ്യപ്പ ക്ഷേത്രവും പുസ്തകശാലയും വലിയൊരു വായനശാലയും യോഗമണ്ഡപവും ' ചിന്മയ വിശ്വവിദ്യാപീഠം' എന്ന deemed to be university യുടെ ആസ്ഥാനവും ഒക്കെ ചേർന്ന് ധാരാളം കെട്ടിട സമുച്ചയങ്ങൾ ഉള്ള ഈ ക്യാമ്പസ് ഹരിതാഭമായും മനോഹരമായും സുരക്ഷിതമായും സംരക്ഷിക്ക പ്പെടുന്നുണ്ട്.

പിറവം - എറണാകുളം പാതയിൽ പിറവത്തുനിന്നും ഏതാണ്ട് രണ്ടു കിലോമീറ്റർ അകലെയുള്ള പേപ്പതി ജംഗ്ഷനിൽ നിന്നും ഇടത്തോട്ടു തിരിഞ്ഞ് ഒരു കിലോമീറ്റർ പോയാൽ ഇവിടെ എത്തിച്ചേരാം.

ശങ്കരാചാര്യർ ജനിച്ചതെന്ന് വിശ്വസിക്കപ്പെടുന്ന മുറിയിൽ നമുക്കും അൽപ നേരം ധ്യാനനിരതരാകാം. പ്രത്യേക ടിക്കറ്റ് ചാർജൊന്നും ഇല്ലാതെ മന ആർക്കും സന്ദർശിക്കാം .

**ഫോട്ടോയും രൂപകൽപ്പനയും : സെൻ**

## കവിത

# മിന്നാമിനുങ്ങ്

സുമംഗല ജാതവേദൻ,
മഴുവഞ്ചേരി ഇല്ലം
വാപ്പാലശ്ശേരി,
(അങ്കമാലി, 9747925156)

1

കറുത്തവാവാണു പുറത്തിറങ്ങാ-
നൊരുത്തനേറെപ്പണി, തട്ടിവീഴാം;
വഴിത്തെളിച്ചം പകരു മട്ടിൽ
പരത്തിടും ശോഭ, ചെരാതുമേന്താം

2

ഇരുട്ടിനെക്കീറിമുറിച്ചുപോകാൻ
ഒരിറ്റു വെട്ടം മതി, വേണ്ടതായി;
ചുരുട്ടി നന്നായ് മുറുകെപ്പിടിച്ചാൽ
ഇരട്ടിവേഗത്തൊടു സഞ്ചരിയ്ക്കാം

3

മിന്നാമിനുങ്ങന്നൊരു രാവിലെന്നോ
എന്നോടു ചൊന്നാനതിസാരവാക്യം;
'എന്നിൽ സ്ഫുരിയ്ക്കുപ്രഭാങ്കുരത്താ-
-ലെനിയ്ക്കു കാണാം വഴി നേർക്കുനേരേ

4

'കുതിച്ചുയർന്നങ്ങു രസിച്ചിടാനും
പതുക്കെ ലാസ്യത്തിലമർന്നിടാനും
പരുക്കുപറ്റാതെ ഒളിച്ചിടാനും
എനിയ്ക്കു താങ്ങാകുവതെൻ പ്രകാശം

5

'എനിയ്ക്കു നീങ്ങാനുതകും പ്രകാശം
വഹിച്ചുകൊണ്ടേ കഴിയുന്നു ഞാനും;
പകുത്തു നൽകാനെളുതല്ല നൂനം
തനിയ്ക്കു സിദ്ധിച്ച പ്രകാശലേശം '

6

എനിയ്ക്കു നിന്നോടൊരുപാടിണക്കം
തുടിപ്പൂ, നൽകാനരുതെൻ പ്രകാശം;
ശരിയ്ക്കു നീയോർക്ക, നിനക്കു പോരാ
ഇരുൾമുറിയ്ക്കാനപരന്റെ വെട്ടം.

7

ഇരുട്ടിലാഴു പഥത്തിലൂടെ
നടിടാനായ് ഇടവന്നുവെന്നാൽ
തനിയ്ക്കിണങ്ങുന്ന ചെറുത്തെളിച്ചം
കരത്തിലാരും കരുതീട വേണം.

8

എരിഞ്ഞുവാഴുന്ന പകൽപ്പരപ്പിൽ
കളിച്ചിടാനാവതെനിയ്ക്കു പോരാ;
എരിഞ്ഞടങ്ങി, കൊഴിയും തപ്പിൽ-
ഇരുൾപ്പുതപ്പെന്റെ നിയോഗലോകം.

9

അതിങ്കലൊന്നും മമ ശങ്കയില്ല
പരാതിയില്ലാ ജഗദീശനോടും;
ഇരുൾപ്പടർപ്പിൽ പരതിത്തുടിയ്ക്കാൻ
പതിച്ചുവല്ലോ പ്രഭ പുച്ഛഭാഗേ

10

കനത്തസന്ദേശമെനിയ്ക്കു നൽകി-
പ്പറന്നുപോയച്ചെറുതേജകീടൻ
തരിച്ചുനിന്നോരു മനപ്പരപ്പിൽ
പ്പതിഞ്ഞൊരക്കാര്യമുരച്ചിടാം ഞാൻ

11

മനസ്സിനാലാവതു ചിന്തചെയ്തു
ഗ്രഹിയ്ക്ക സാക്ഷാത്പരമേശതത്ത്വം
നയിയ്ക്ക നമ്മെയതു തൂകിടുന്ന
ശരിയ്ക്കു ചിത്ക്ഷിപ്തമതാം പ്രകാശം.



പത്താംക്ലാസ്സിൽ ഉന്നത വിജയം നേടിയ **അനന്യ** വെണ്ണുമന ഇല്ലത്ത് ഹരിശർമ്മയുടെയും വിദ്യയുടേയും മകളാണ്.



കുറിച്ചി മാടമന ഇല്ലത്ത് ഈശ്വര ശർമ്മയുടെ മകൻ **ശ്രീഹരി നമ്പൂതിരി** പ്ലസ്ടു പരീക്ഷയിൽ ഉന്നതവിജയം നേടി



മലയാള ബ്രാഹ്മണ സമാജത്തിന്റെ അഭ്യുദയകാംക്ഷിയായ ISRO ചെയർമാൻ ശ്രീ എസ്. സോമനാഥ് അവർകൾക്ക് MBS തിരുവനന്തപുരം ജില്ല ഉപഹാരം നൽകി ആദരിച്ചപ്പോൾ.

തനിക്കിണങ്ങുന്ന ചെറുത്തെളിച്ചം
കരത്തിലാരും കരുതീട വേണം

# അങ്ങനെ ഒരു കോവിഡ് കാലം

**അനിയൻ മാങ്ങോട്ട്രി**
(വി.എസ്.എസ്.സി,തിരുവനന്തപുരം
അസോസിയറ്റ് ഡയറക്ടർ
9496080045)

കാര്യങ്ങൾ ഓൺലൈനിൽനിന്ന് വീണ്ടും ഓഫ് ലൈനിലേയ്ക്ക് മാറുകയാണ്. രണ്ടും ചേർന്ന ഹൈബ്രിഡ് മോഡും ഇനി ധാരാളമാവും. എന്തായാലും മുഖത്തോടുമുഖം കണ്ട്, കണ്ണോടുകണ്ണ് നോക്കി നടത്തുന്ന കൂടിച്ചേരലുകളുടെ ഊഷ്മളത ഓൺലൈൻ പരിപാടികൾക്കില്ല. 2019ൽ ഞാനും ഒരു കോൺഫറൻസിന്റെ ചുമതലക്കാരനായിരുന്നു. ലോക്കൽ ഓർഗ്ഗനൈസിങ്ങ് കമ്മിറ്റി ചെയർമാൻ. തിരുവനന്തപുരം മസ്കറ്റ് ഹോട്ടലിൽ നിശ്ചയിക്കുകയും ചെയ്തു. അവസാന ദിവസം കൾച്ചറൽ പ്രോഗ്രാം, ഡിന്നർ എന്നിവയ്ക്ക് പൂൾസൈഡ് ലോൺ വരെ തീരുമാനിച്ചു. അപ്പോഴാണ് കോവിഡ് പടർന്നുപിടിച്ച് ആളിക്കത്തിയത്. എല്ലാം തകിടം മറിഞ്ഞു. കാര്യങ്ങൾ എല്ലാം മാറ്റിവെച്ച് നീണ്ട കാത്തിരിപ്പ്.

ഒഫീഷ്യൽ ജീവിതവും വ്യക്തിജീവിതബന്ധങ്ങളുമെല്ലാം ഓൺലൈൻ ആയി. റോഡുകൾ കാലിയായി. അന്തരീക്ഷമലിനീകരണം കുറഞ്ഞു. ടി.വിയിൽ കോവിഡ് ദുരിതങ്ങൾ, മരണവാർത്തകൾ. വീട്ടിൽ അടച്ചിരിപ്പായി. ഇടയ്ക്ക് മാത്രം ഓഫീസിൽ പോവുക എന്നായി. അവിടെയും നീണ്ട അവധിയുടെ പ്രതീതി. ലാബുകൾ അടഞ്ഞുകിടന്നു. ജാനറ്റോറിയൽ സ്റ്റാഫ് ഇല്ലാതെ വരാന്തകളും കോറിഡോറുകളും പൊടിപിടിച്ച്കിടന്നു. വരണ്ടകാറ്റിനൊപ്പം, എത്രകാലം ഇങ്ങനെയൊക്കെ എന്ന ചിന്ത എല്ലാവരുടെ മനസ്സുകളിലും വീശിയടിച്ചു.

നഗരങ്ങളിലെ നിശ്ശബ്ദമായ റോഡുകളിലേയ്ക്ക് മയിലുകളും മൃഗങ്ങളും പാമ്പുകളും വന്നു. രാവിലെ, മലിനീകരണം കുറഞ്ഞ തെളിഞ്ഞ ചക്രവാളങ്ങളിൽ കാണാത്ത മലകളുടെ കൊടുമുടികൾ തെളിഞ്ഞുവന്നു.

പല കച്ചവടക്കാരുടേയും ബിസിനസ് പൊളിഞ്ഞു. വാട്ട്സാപ്പിലും ഫേസ്ബുക്കിലും കോവിഡ് വിശേഷങ്ങൾ പല രൂപഭാവങ്ങളിൽ വന്നുകൊണ്ടിരുന്നു.

പുറത്തുപോയിവന്നാൽ കാലും മുഖവും കഴുകണം കുളിക്കണം എന്നൊക്കെ, പണ്ടുള്ളവർ പറയുന്നതിന്റെ പ്രാധാന്യം എല്ലാവർക്കും ബോദ്ധ്യമായി. എങ്ങനെ വൃത്തിയായി കൈകൾ കഴുകണം എന്നും എല്ലാവരും പഠിച്ചു.

മാസികകൾക്കും പുസ്തകങ്ങൾക്കുമിടയിൽ ലാപ്ടോപ്പുമായി എന്റെ ദിനങ്ങൾ നീങ്ങി. എറണാകുളം വിപ്രോവിൽ ജോലിയുള്ള മകനും ഓൺലൈൻ പണിയുമായി വീട്ടിലായി.

അങ്ങനെയൊരുനാൾ കോവിഡ് എന്റെ വീട്ടിലും വന്നു. ആദ്യം മകന്, പിന്നെ എനിക്ക്. വല്ലാത്ത അസ്വസ്ഥത.പനിയില്ല. എത്രസുഗന്ധമുള്ള സോപ്പിനും മണമില്ലാതായി. ചുമലിനും കൈകൾക്കും വേദന. ശ്വാസമെടുക്കാൻ ബുദ്ധിമുട്ടില്ലാത്തകാരണം ഓക്സിജൻ ലെവൽ ബ്ലഡ്ഡിൽ കുറഞ്ഞില്ല. ഓഫീസിൽ സഹപ്രവർത്തകർക്ക് പലർക്കും കോവിഡ് വന്നു. ചെറുപ്പക്കാരായും മദ്ധ്യവയസ്കരുമായി പലരും ഈ ലോകത്തോടുതന്നെ വിടപറഞ്ഞ വാർത്ത ഭീതിയോടെ വാട്സാപ്പ് ഗ്രൂപ്പുകളിൽ കണ്ടു. ചിലർ ഐ.സി.യു വിൽ കിടന്ന് വല്ലാതെ ബുദ്ധിമുട്ടി. കോവിഡ് നെഗറ്റീവ് ആയിട്ടും എനിക്ക് ഉറക്കം തിരിച്ചുകിട്ടാൻ വീണ്ടും നാളുകളെടുത്തു.

വീട്ടിൽ അടച്ചിരിപ്പായിയെങ്കിലും പലതരം ഓൺലൈൻ മീറ്റിങ്ങുകളിലൂടെ അത്യാവശ്യ ഓഫീസ്കാര്യങ്ങളും മറ്റ് പരിപാടികളും നടന്നിരുന്നു. ഒരു റിസോഴ്സ് പേഴ്സൺ എന്നുള്ളനിലയിൽ പ്രൊഫഷണൽ സൊസൈറ്റികൾ, എഞ്ചിനിയറിങ്ങ് കോളേജുകൾ, നാട്ടിലെ സ്കൂളുകൾ എന്നിവകളുമായി ധാരാളം പരിപാടികളിൽ പങ്കെടുത്തു. വ്യാസൻ, നാരദൻ, സൂര്യൻ, ദീർഘതമസ്സ്, ഗർഗ്ഗൻ, ആര്യഭട്ടൻ, വരാഹമിഹിരൻ, ബ്രഹ്മഗുപ്തൻ, ഭാസ്കരൻ, പുതുമനസോമയാജി, സംഗ്രമഗ്രാമമാധവൻ, തലക്കുളത്തു പട്ടേരി, തൃക്കണ്ടിയൂർ അച്യുതപ്പിഷാരടി എന്നിവരിലൂടെയൊക്കെ ഉരുത്തിരിഞ്ഞുവന്ന



ഈ വിശ്വതലത്തിന്റെ കർമ്മ മേഖലകളിൽ
ജീവിതം നോവുമ്പോ , ളെന്നാത്മാവു നൊന്തീടുന്നു .

ഭാരതീയ ജ്യോതിശാസ്ത്ര, ഗണിതശാസ്ത്ര പാരമ്പര്യത്തിന്റെ ചരിത്രം കുറേ തലയിൽ കയറി. അവയിൽനിന്നൊക്കെ പ്രചോദനമുൾക്കൊണ്ട്, ഡോ. വിക്രംസാരാഭായിയെപ്പോലെ, ഏ.പി.ജെ.അബ്ദുൾക്കലാമിനെപ്പോലെ, ഡോ.ബ്രഹ്മപ്രകാശ്, സതീഷ്ധവാൻ, പ്രൊഫസർ.യു.ആർ.റാവു എന്നിവരെപ്പോലെ കഠിനാദ്ധ്വാനനിരതരായി,ആദരണീയ പ്രധാനമന്ത്രി നരേന്ദ്രമോദി ഉത്ഘോഷിച്ച ആത്മനിർഭർഭാരത് അഭിയാൻ പദ്ധതികളിലൂടെ എങ്ങനെ, എലോൺ മസ്ക് (SpaceX), ജെഫ്ബസ്സോസ് (Blueorigin), റിച്ചാർഡ് ബ്രാസൺ (Vergingalatic) എന്നിവരൊക്കെ എത്തിയനിലയിൽ അല്ലെങ്കിൽ അതിനെക്കാൾ ഉന്നതനിലയിൽ എത്താം എന്നൊക്കെ പറഞ്ഞ് യുവതലമുറക്ക് പ്രചോദനമേകി. അറുപതുകളിൽ അമേരിക്ക ചന്ദ്രനിൽ കാലുകുത്തിയപ്പോൾ ചെറിയസൗണ്ടിങ്ങ് റോക്കറ്റിൽ തുടങ്ങിയ ഇന്ത്യ ഇന്ന് വൻശക്തികൾക്കൊപ്പമായി ഗഗൻയാൻ വരെ എത്തിയ ചരിത്രങ്ങളും ഓൺലൈനിലൂടെ ആവേശപൂർവ്വം പറഞ്ഞു. ജീനിയസ് എന്നാൽ ഒരു ശതമാനം 'ഇൻസ്പെറേഷനും' തൊണ്ണൂറ്റി ഒമ്പതുശതമാനം 'പെർസ്പറേഷനു'മാണെന്നും പറഞ്ഞ് അവരെ പ്രചോദിപ്പിച്ചു. ഇന്ത്യൻ ബഹിരാകാശമേഖലയിലെ പ്രവൃത്ത്യനുഭവങ്ങൾ, ഔദ്യോഗികമായ നിയമങ്ങൾക്കകത്തുനിന്ന് പറയാവുന്നവ യുവതലമുറയിലെ വിദ്യാർത്ഥികളുമായി പങ്കുവെച്ചു. അതുപോലെ സൗപർണ്ണിക പോലുള്ള ഓൺലൈൻ സാഹിത്യവേദി കളിലും മറ്റ് വാട്സാപ് സാംസ്കാരിക കൂട്ടായ്മകളിലും സജീവമായി. ഇഷ്ടപ്പെട്ട വൃത്തങ്ങളിൽ കുറേ ശ്ലോകങ്ങളെഴുതി ഉറക്കെച്ചൊല്ലി കണ്ഠശുദ്ധിവരുത്തി. കുറച്ചു കവിതകളെഴുതി എഴുത്തുപുരപോലുള്ള സാഹിത്യക്കൂട്ടായ്മകളിൽ ചൊല്ലി അവതരിപ്പിച്ചു. പലരാജ്യങ്ങളിലെയും ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലെത്തന്നെയും ശ്മശാനങ്ങൾ കോവിഡ് ബാധിച്ച് മരിച്ചവരുടെ തിരക്കുകൊണ്ട് നിറയുന്ന കാഴ്ച ടി.വി യിൽ കണ്ട് നടുങ്ങി. വാക്സിന്റെ വരവ് മെഡിക്കൽ ഫീൽഡിന്റെ ഉണർവ്വാകുന്ന കാഴ്ചയും കണ്ടു.

കേരളത്തിലെ സർക്കാർ വളരെ സമർത്ഥമായി അവസരത്തിനൊത്ത് കോവിഡ് ഭീഷണിയെ നേരിട്ടതും അനുഭവിച്ചറിഞ്ഞു.

പലസ്ഥാപനങ്ങളും പുതിയ ഐഡിയകളുമായി മെഡിക്കൽ ഓക്സിജൻ നിർമ്മിതി, വെന്റിലേറ്ററുകളോടെ രൂപകല്പന എന്നിവയിൽ സവിശേഷ സംഭാവനകൾ നല്കി.

ഓൺലൈൻ രീതിയുടെ തുടർച്ച കൂടുതൽ ഫലപ്രദമായ ഒരു സമ്പ്രദായമായി തുടർന്നും നിലനില്ക്കുന്നരീതിയിൽ വളർന്ന് വലുതായി.

ആദ്യം ഞാൻ സൂചിപ്പിച്ച കോൺഫറൻസ് നടത്താൻ കാത്ത്കാത്തിരുന്നിട്ടും, കോവിഡ് മാറുന്നില്ല എന്ന് കണ്ട് ഞങ്ങൾ ഓൺലൈൻ വഴി നടത്തി. ചെയർമാൻ ഐ.എസ്.ആർ.ഒ തൊട്ട് പ്രഗത്ഭരും, മിഷിഗൺ സ്റ്റേറ്റ് യൂണിവേഴ്സിറ്റി, ഐ.ഐ.ടികൾ എന്നിവയിലെ പ്രൊഫസർമ്മാരും പങ്കെടുത്ത ആ പരിപാടി വലിയ വിജയമായി മാറി.

ഇന്ന് കോവിഡ് 'പാന്റമിക്ക്'എന്നത് ചിക്കൺ പോക്സുപോലെ ഒരു 'എന്റമിക്ക്' ആയി എന്ന് വിദഗ്ധർ പറയുന്നു.

ദുരന്തങ്ങളിൽനിന്നും നല്ല പാഠങ്ങൾ മനഷ്യൻ ഉൾക്കൊണ്ടുവോ? സംശയമാണ്. അതിനുതെളിവായി മൂന്നാം ലോകമഹായുദ്ധമാവുമോ എന്നു ഭയന്ന ഒരു യുദ്ധഭീകരതതന്നെ തെളിവായി നമുക്കുമുമ്പിൽ.

നമ്മുടെ സംസ്ഥാനത്തും അക്രമവും കൊലപാതകങ്ങളും കുറയുകയല്ല. കൂടുകതന്നെയാണ്.

കോവിഡ് വകഭേദം ചൈനയിലും യൂറോപ്പിലും പടരുന്നു എന്നറിയുന്നു. വീണ്ടും ഒരു ലോക്ക്ഡൗൺ വരല്ലേ എന്ന് വസുധയാകുന്ന ഈ കുടുംബത്തിലിരുന്ന് 'ലോകാഃ സമസ്താഃ സുഖിനോഭവന്തു' എന്ന് നമുക്കൊന്നിച്ച് പ്രാർത്ഥിക്കാം.



നീലംപേരൂർ
കൊല്ലപ്പള്ളി മഠത്തിൽ
നാരായണൻ
പോറ്റിയുടെ മകൾ
**വാണീകൃഷ്ണ**
പത്താംക്ലാസ്
പരീക്ഷയിൽ
ഉന്നതവിജയം നേടി



വീണ്ടുമുണർന്നു മനുഷ്യനീ ഭൂമിയിൽ
വീണ്ടുവിചാരം തുടുത്ത പ്രത്യാശയായ്

# വാസ്തുശാസ്ത്രത്തിലെ സയൻസ്

എ.എൻ. ഹരികുമാർ
(വാസ്തു കൺസൾട്ടന്റ്)
ഏറത്തുരുത്തി ഇല്ലം
ആണ്ടൂർ, 94954 44950

(ചില വാസ്തു ശാസ്ത്ര വിധികൾക്കു പിന്നിലെ ശാസ്ത്രയുക്തികളെക്കുറിച്ചു പ്രതിപാദിക്കുന്നു ലേഖകൻ) - പത്രാധിപർ

വാസ്തുശാസ്ത്രത്തിൽ അതിന്റെ തത്ത്വങ്ങളും വിധികളും എല്ലാം പറയുന്നുണ്ടെങ്കിലും ശാസ്ത്രീയ വശങ്ങളെപ്പറ്റി ഒന്നും തന്നെ പറയുന്നില്ല. അതായത്, ഈ വിധികളുടെ അല്ലെങ്കിൽ വിധിനിഷേധങ്ങളുടെ പുറകിലുള്ള ശാസ്ത്രീയമായ കാരണങ്ങൾ എന്താണ് എന്ന് വ്യക്തമാക്കിയിട്ടില്ല. എല്ലാത്തിനും ശാസ്ത്രീയമായ തെളിവുകൾ സാധ്യമല്ലാതാനും. ഇതിൽ അന്തർലീനമായിരിക്കുന്ന ശാസ്ത്രീയത സാധാരണക്കാരന് ഉൾക്കൊള്ളാൻ ബുദ്ധിമുട്ടുമുണ്ട്. അതുകൊണ്ടുകൂടിയായിരിക്കാം ആ വക കാര്യങ്ങൾ ഒന്നും പറയാതെ വിധിനിഷേധങ്ങളുടെ ദോഷങ്ങളെക്കുറിച്ച് പറഞ്ഞത്. ആചാര്യന്മാർ സഹസ്രാബ്ദങ്ങളിലൂടെ മനനം ചെയ്ത് നിരീക്ഷിച്ച് പരീക്ഷിച്ച ശാസ്ത്രമാണ് വാസ്തുശാസ്ത്രം. വേദകാലത്തോളം പഴക്കമുള്ള ശാസ്ത്രമാണ് വാസ്തുശാസ്ത്രം. അഥർവ്വവേദത്തിന്റെ ഉപവേദമായ സ്ഥാപത്യവേദത്തിലാണ് വാസ്തുവിദ്യയെപ്പറ്റി പ്രതിപാദിയ്ക്കുന്നത്.

വാസ്തുശാസ്ത്രത്തിലെ നാല് തത്ത്വങ്ങളുടെ (വിധികളുടെ) ശാസ്ത്രീയതയാണ് (സയൻസ്) ഇവിടെ പരിശോധിക്കുന്നത്.

1. കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് ഈ നാലു മഹാദിക്കുകളിൽ ഏതെങ്കിലും ഒരു ദിക്കിലേയ്ക്ക് വേണം ഗൃഹത്തിന്റെ ദർശനം.
2. ഭൂമിയെ ദിക്കനുസരിച്ച് ചതുരശ്രീകരിക്കണം.
3. കന്നിമൂലയിൽ അടുക്കള പാടില്ല.
4. ശ്മശാനത്തിൽ ഗൃഹം നിർമ്മിക്കരുത്.

1. ഏതെങ്കിലും ഒരു ദിക്കിലേയ്ക്ക് വേണം ഗൃഹത്തിന്റെ ദർശനം എന്നും, അല്ലാതെ നിർമ്മിക്കുന്ന ഗൃഹങ്ങളിൽ ഉള്ള വാസം അസ്വസ്ഥതകൾ നിറഞ്ഞതായിരിക്കും എന്നുമാണ് വാസ്തുശാസ്ത്രം പറയുന്നത്. ഭയം, കലഹം, ചാപല്യം, കുലനാശം എന്നീ നാല് ദോഷങ്ങളാണ് ഉണ്ടാവുന്നത് എന്നും വാസ്തുശാസ്ത്രം പറയുന്നു. എന്താണ് ഇതിന്റെ സയൻസ്? നമുക്ക് പരിശോധിക്കാം.

ഒരു നിർമ്മിതി എപ്പോഴും ഭൂമിക്ക് ലംബമായിട്ട് നില്ക്കണം. ചാഞ്ഞും ചരിഞ്ഞും ഉള്ള നിർമ്മിതികൾക്ക് പ്രകൃതി കോപങ്ങളെ അതിജീവിക്കാൻ കഴിയുകയില്ലല്ലോ? അതുപോലെതന്നെയാണ് നാല് മഹാദിക്കുകളിലേയ്ക്ക് അഭിമുഖമായ നിർമ്മികൾക്കും, നാല് ദിക്കുകളിലേയ്ക്ക് അല്ലാതെയുള്ളവയ്ക്കും സംഭവിക്കുന്നത്.

പുരാതന കാലത്ത് ധ്രുവ നക്ഷത്രം നോക്കിയും, സൂര്യഛായ ഉപയോഗിച്ചും കൃത്യമായിട്ട് ദിക്ക് നിർണ്ണയിക്കപ്പെട്ടിരുന്നു. അത്ര പ്രാധാന്യത്തോടെയാണ് ഏതെങ്കിലും ഒരു മഹാദിക്കിലേയ്ക്ക് ഗൃഹങ്ങളും, ദേവാലയങ്ങളും നിർമ്മിച്ചിരുന്നത്. ദേവാലയങ്ങളുടെ ദർശനം കൃത്യമായിട്ട് ദിക്കിലേയ്ക്കാണ് ചെയ്തിരുന്നത് എന്നത് ശ്രദ്ധേയമാണ്.

ഭൂമിയുടെ നിത്യചലനവും, അയനചലനവും ദിക്കിനെ ആസ്പദമാക്കിയാണല്ലോ നടക്കുന്നത്. ഈ ഭൂമിയിൽ വസിക്കുന്ന നാം ഓരോരുത്തർക്കും ഭൂമിയെ സ്വാധീനിക്കുന്ന എല്ലാത്തരം ശക്തികൾക്കും (ആകർഷണ വികർഷണങ്ങൾ ഉൾപ്പെടെ) വിധേയരാണ്. സൂര്യനെ അപ്രദക്ഷിണമായി ചുറ്റുന്നതും സ്വയം അപ്രദക്ഷിണമായി കറങ്ങുന്നതുമായ ഭൂമിയിൽ പല തരത്തിലുള്ള ബലങ്ങൾ ഉണ്ടാവുന്നുണ്ട് (വേലിയേറ്റം, വേലിയിറക്കം മുതലായവ) എന്ന് നമുക്ക് അറിവുള്ളതാണല്ലോ. ഈ ബലങ്ങൾ എല്ലാം നമ്മളെ ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ സ്വാധീനിക്കുന്നുണ്ട്. സൂര്യചന്ദ്ര നക്ഷത്രാദി ഗോളങ്ങളും ഭൂമിയുടെ ചലനത്തിനനുസരിച്ചാണ് നമുക്ക് ഇന്ദ്രിയ വിഷയമാവുന്നത്. നമ്മുടെ നടപ്പിലും ഇരിപ്പിലും കിടപ്പിലും എന്നുവേണ്ട ഉറക്കത്തിലും വരെ ഈ ചലനങ്ങളുടെ സംതുലിതാവസ്ഥ നമ്മെ സ്വാധീനിക്കുന്നുണ്ട്. അതായത് ഈ ചലനങ്ങൾ സംതുലിതമല്ലെങ്കിൽ ഉറക്കത്തിനു വരെ തടസ്സമുണ്ടാവാം എന്നു സാരം.

BC 7-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ട ''ഗോളദീപിക''യിൽ 'പൂർവ്വാഭിമുഖ ഭ്രമതി ക്ഷോണീം.......' എന്ന് പറഞ്ഞിട്ടുണ്ട്.

അതായത് ഭൂമി കിഴക്ക് അഭിമുഖമായിട്ട് കറങ്ങിക്കൊണ്ടിരിക്കുന്നു. അപ്പോൾ അന്നു മുതലേ ദിക്കിനേക്കുറിച്ച് നമ്മുടെ പൂർവ്വികർ മനസ്സിലാക്കിയിരിക്കുന്നു എന്നു കാണാം. അതുകൊണ്ട് സാധാരണ ജീവിതത്തിലെ മിക്ക കാര്യങ്ങളും സന്ധ്യാവന്ദനവും മറ്റും ദിക്കിനനുസരിച്ചാണല്ലോ ക്രമീകരിച്ചിരിക്കുന്നത്. അങ്ങനെ ദിക്കനുസരിച്ചുള്ള എല്ലാ കാര്യങ്ങളിലും ശീതോഷ്ണങ്ങളും തമപ്രകാശങ്ങളും സമീകരിക്കപ്പെടുന്നു എന്നും കാണാം. പ്രകൃതിയുടെ ഏതാണ്ട് എല്ലാ കാര്യങ്ങളും തന്നെ ദിക്കിനെ അവലംബിച്ചാണ് നടക്കുന്നത്.

മനുഷ്യന് ദിക്കു മനസ്സിലാക്കാനുള്ള ഒരു സൂക്ഷ്മേന്ദ്രിയം ഉണ്ടെന്ന് മാഞ്ചസ്റ്റർ യൂണിവേഴ്സിറ്റിയിൽവച്ച് ആരോ കണ്ടുപിടിച്ചിട്ടുള്ളതായി ഒരു പുസ്തകത്തിൽ വായിച്ചത് ഞാൻ ഓർക്കുന്നു. മനുഷ്യമസ്തിഷ്ക്കത്തിലെ ജ്ഞാനേന്ദ്രിയം നിർബാധം പ്രവർത്തിക്കണമെങ്കിൽ ദിക്കനുസൃരിച്ചുള്ള പ്രവർത്തനം കൂടിയേതീരൂ എന്നുവരുന്നു. ഓടിക്കൊണ്ടിരിക്കുന്ന വാഹനത്തിൽ മുന്നോട്ട് തിരിഞ്ഞിരുന്ന് യാത്ര ചെയ്യുന്നതാണല്ലോ സുഖകരം. പുറകോട്ടോ, വശങ്ങളിലേയ്ക്കോ തിരിഞ്ഞിരുന്ന് യാത്ര ചെയ്താൽ ഉണ്ടാവുന്ന അസ്വസ്ഥത എല്ലാവരും മനസ്സിലാക്കിയിട്ടുണ്ടല്ലോ. ഇതുപോലെ കറങ്ങിക്കൊണ്ടിരിക്കുന്ന (ഓടിക്കൊണ്ടിരിക്കുന്ന) ഭൂമിയിൽ ഏതെങ്കിലും ഒരു ദിക്കിലേയ്ക്ക് നോക്കിയുള്ള ജീവിതയാത്രയിലും ഈ സുഖം നമുക്ക് അനുഭവവേദ്യമാവുന്നു. വശങ്ങളിലേയ്ക്കോ പുറകിലേയ്ക്കോ തിരിഞ്ഞിരുന്ന് വാഹനത്തിൽ യാത്ര ചെയ്യുമ്പോഴുണ്ടാകുന്ന അസുഖകരമായ ഫലമാണ് ദിക്കിലേയ്ക്കല്ലാതെ തിരിഞ്ഞിരിക്കുന്ന ഗൃഹത്തിൽ വസിക്കുമ്പോൾ ഉണ്ടാവുന്നത് എന്നു സാരം.

ദിക്കനുസരിച്ച് ചെയ്തിട്ടുള്ള ഗൃഹങ്ങൾ (നിർമ്മിതികൾ) ഉള്ളിടത്തെല്ലാം സമാധാനം ഉണ്ടെന്നും അല്ലാത്ത സ്ഥലങ്ങളിൽ അസമാധാനമാണ് ഫലം എന്നും വാസ്തുവിദ്യയിൽ റിസേർച്ച് ചെയ്തിട്ടുള്ള ഡോ. മനോജ്. എസ്. നായർ പറയുന്നു. നിർമ്മിതികൾ എല്ലാം വിദിക്കായിട്ട് (ദിക്കനുസരിച്ചല്ലാത്തത്) ചെയ്തിട്ടുള്ള ലോകത്തിലെ പല പ്രധാന പട്ടണങ്ങളെപ്പറ്റിയും അദ്ദേഹം പറയുന്നുണ്ട്. തിരുവനന്തപുരത്തെ പഴയ നിർമ്മിതികൾ എല്ലാം ദിക്കനുസരിച്ചാണെന്നും അതുകൊണ്ടാണ് തിരുവിതാംകൂറിലെ രാജഭരണം ആയിരം വർഷം നിർബാധം തുടർന്നത് എന്നും അദ്ദേഹം സാക്ഷ്യപ്പെടുത്തുന്നു.

2. ഭൂമിയെ ദിക്കനുസരിച്ച് ചതുരശ്രീകരിക്കണം എന്നും അതിൽ ഗൃഹം നിർമ്മിക്കണം എന്നുമാണ് വാസ്തുശാസ്ത്രത്തിൽ പറയുന്നത്. ഇതിന്റെ സയൻസാണ് ഇനി പരിശോധിയ്ക്കുന്നത്.

ഭൂമി ഒരു കാന്തം ആണെന്ന് ശാസ്ത്രം തെളിയിച്ചിട്ടുണ്ടല്ലോ. ഒരു കാന്തത്തിൽ നോർത്ത് പോളും സൗത്ത് പോളും ഉണ്ടെന്നും സയൻസ് പറയുന്നുണ്ടല്ലോ. ഒരു കാന്തം മുറിച്ച് രണ്ടാക്കിയാൽ അതിൽ ഓരോന്നിനും നോർത്ത് പോളും സൗത്ത് പോളും ഉണ്ടാകുമെന്നും നാം കണ്ടിട്ടുണ്ട്. എന്നതുപോലെതന്നെ ഭൂമി എന്ന കാന്തത്തെ ചതുരത്തിൽ മുറിച്ചാലും ഇതേപോലെതന്നെ അതിന് നാല് ദിക്കുകളും നാലു മൂലകളും എന്ന് വേണ്ട ഭൂമിയുടെ എല്ലാ പ്രത്യേകതകളും അതിനും ഉണ്ടാവും. കാന്തത്തിനെന്നപോലെ ഭൂമിയുടെ ഏത് അംഗുലീപരിമിതമായ സ്ഥലത്തിനും ഈ പ്രത്യേകത ഉണ്ടാവുമല്ലോ. ഭൂമി ഒരു കാന്തമായതുകൊണ്ട് തെക്കുവടക്കു ദിശയിൽ കാന്തവലയവും അതിന് ലംബമായിട്ട് വൈദ്യുതവലയവും സ്ഥിതിചെയ്യുന്നുണ്ട്. ഈ കാന്തവലയവും (Magnetic Field) വൈദ്യുതവലയവും (Electricfield) ക്രമാനുഗതമായിട്ട് തടസ്സം കൂടാതെ സർവത്ര പ്രവർത്തിക്കുമ്പോഴാണ് ഭൂമിയ്ക്ക് ഊർജ്ജം കിട്ടുന്നത്.

ഇവിടെ ഗൃഹം നിർമ്മിയ്ക്കുന്ന ഭൂമി അത് എത്ര ചെറുതാണെങ്കിലും അവിടെയും ഊർജ്ജം കിട്ടുന്നത് ഇങ്ങനെതന്നെയാണ്. ഈ കാന്തവലയവും, വൈദ്യുതവലയവും ഗൃഹം നിൽക്കുന്ന ഭൂമിയിൽ ക്രമാനുഗതമായി പ്രവർത്തിച്ചില്ലെങ്കിൽ ആ ഭൂമിയിൽ വസിയ്ക്കുന്നവർക്ക് മാനസികമായും, ശാരീരികമായും അസ്വസ്ഥതകൾ ഉണ്ടാവുമെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ചതുരശ്രമായിട്ട് തിരിയ്ക്കുന്ന ഭൂമിയിൽ പല മർമ്മ സ്ഥാനങ്ങളും വാസ്തുവിദ്യയിൽ പറയുന്നുണ്ട്. ഇത് കഥാരൂപത്തിൽ വാസ്തു പുരുഷനായിട്ടും വാസ്തു പുരുഷന്റെ മർമ്മസ്ഥാനങ്ങൾ ആയിട്ടും ആ മർമ്മസ്ഥാനങ്ങളിൽ ഇരിയ്ക്കുന്ന ദേവതാസങ്കല്പമായിട്ടും പറഞ്ഞിരിയ്ക്കുന്നു.

ഈ മർമ്മ സ്ഥാനങ്ങളിൽ പീഡ വന്നാൽ അവിടെ വസിയ്ക്കുന്നവർക്കും അതേപോലെയുള്ള അസ്വസ്ഥതകൾ വരുന്നു.

നമ്മുടെ ശരീരത്തിലെ മർമ്മസ്ഥാനങ്ങളിൽ ചെറിയതോതിൽ പീഡിപ്പിച്ചാലും അത് നമുക്ക് ഗുരുതര പ്രശ്നങ്ങൾ ഉണ്ടാക്കുമല്ലോ. ഈ മർമ്മസ്ഥാനങ്ങൾക്ക് (Energy Points) തടസ്സം ഉണ്ടാവാത്ത വിധം വേണം ഗൃഹനിർമ്മാണം എന്നുതന്നേയാണ് വാസ്തുശാസ്ത്രം നിഷ്കർഷിയ്ക്കുന്നത്.

**3. അടുക്കളയുടെ സ്ഥാനം**

'പർജന്യേ പചനാലയം ' എന്നു തുടങ്ങുന്ന പ്രമാണ ശ്ലോകത്തിൽ അടുക്കളയ്ക്ക് വേണ്ടസ്ഥാനം നിർവ്വചിച്ചിരിക്കുന്നു. വടക്ക് കിഴക്ക്, തെക്കുകിഴക്ക് അല്ലെങ്കിൽ വടക്കുപടിഞ്ഞാറ് ഇതാണ്. എന്നാൽ കന്നിമൂലയിൽ അടുക്കള പാടില്ല.

കന്നിമൂലയിൽ അടുക്കള വന്നിട്ടുള്ള ഗൃഹങ്ങളുടെ ഒരു സർവ്വേ നടത്തിയപ്പോൾ ഭൂരിഭാഗം ഗൃഹങ്ങളിലും ദാരിദ്ര്യം അല്ലെങ്കിൽ അസ്വസ്ഥതകളാണ് കണ്ടതെന്ന് ആറൻമുള വാസ്തുവിദ്യാ ഗുരുകുലത്തിന്റെ ഒരു അറിയിപ്പിൽ പറഞ്ഞിരുന്നു.

ഇതിന്റെ സയൻസ് മറ്റൊന്നല്ല. കേരളത്തിൽ തെക്കുപടിഞ്ഞാറ് നിന്നാണ് കാറ്റു വീശുന്നത്. അപ്പോൾ കന്നിമൂലയിലുള്ള അടുക്കളയാണെങ്കിൽ പുക മുഴുവൻ ഗൃഹത്തിനകത്തേയ്ക്ക് വരുവാൻ ഇടയാവുന്നു.

എന്നാൽ മറ്റുമൂലകളിലാണെങ്കിൽ ഇത് ഒഴിവാകുമല്ലോ.

മേൽ പറഞ്ഞത് കൂടാതെ ഗൃഹത്തിന് അഗ്നിബാധ വരെ ഉണ്ടാവാനും സാധ്യത ഉണ്ട്. പണ്ട്കാലത്ത് തടികൊണ്ടുണ്ടാക്കിയതും ഓലമേഞ്ഞതുമായ ഗൃഹങ്ങൾ ആയിരുന്നല്ലോ ഉണ്ടായിരുന്നത്. തീ പിടിക്കാൻ എളുപ്പമാണ്. എന്തായാലും ഇന്നത്തെക്കാലത്താണെങ്കിലും ഒരു എക്സോസ്റ്റ് ഫാൻ ഉപയോഗിച്ച് തടയാവുന്ന ഒന്നല്ല തെക്ക് പടിഞ്ഞാറൻ കാറ്റ്. ഇത് പ്രകൃത്യാ നിരന്തരം വീശിക്കൊണ്ടിരിയ്ക്കുന്ന ഒരു വായു പ്രവാഹം ആണ്. പ്രകൃതി ശക്തികളെ തടയുകയോ നിയന്ത്രിക്കുകയോ ചെയ്യാൻ സാധ്യമല്ല. കോരിച്ചൊരിയുന്ന പേമാരിയേയോ വീശി അടിക്കുന്ന കൊടുങ്കാറ്റിനേയോ തടയാൻ സാധ്യമല്ലല്ലോ. ഏതാണ്ട് ഇതേ കാരണങ്ങൾ തന്നെയാണ് ടോയ്ലറ്റ് കന്നിമൂലയിൽ വരുമ്പോഴും സംഭവിക്കുന്നത്. അവിടെ നിന്നും ഉള്ള മലിനവായു നിരന്തരം വീടിനകത്തേയ്ക്കു സഞ്ചരിക്കുന്നതുമൂലം അവിടെ വസിക്കുന്നവർക്ക് പല തരത്തിലുള്ള രോഗങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടാവാം.

**4. ശ്മശാനങ്ങളിൽ ഉണ്ടാക്കുന്ന ഗൃഹം**

ശ്മശാനത്തിൽ ഗൃഹം നിർമ്മിച്ചു വസിച്ചാൽ അവിടെ വസിയ്ക്കുന്നവർക്ക് ഭൂതപ്രേതബാധ ഉണ്ടാവും എന്നാണ് വാസ്തുശാസ്ത്രം പറയുന്നത്. ഇതിലും സയൻസ് ഉണ്ട്.

അസ്ഥിയിൽ ഫോസ്ഫറസ് എന്ന രാസവസ്തു അടങ്ങിയിട്ടുണ്ട് എന്ന് ശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ട്. ശ്മശാനത്തിൽ അസ്ഥിയുടെ അംശം ഉള്ളതുകൊണ്ട് അവിടെ ഫോസ്ഫറസിന്റെ അംശം ധാരാളമായിട്ടുണ്ട്. മൃതശരീരം കുഴിച്ചിട്ടതാണെങ്കിൽ ഫോസ്ഫറസ്സിന്റെ അംശം കൂടുതലായിരിയ്ക്കുകയും ചെയ്യും. അവിടെ ഗൃഹം ഉണ്ടാക്കി താമസിയ്ക്കുമ്പോൾ അവിടെയുള്ള മണ്ണുമായിട്ട് നമുക്ക് നിരന്തരം സമ്പർക്കമുണ്ടാവുന്നു. അതുവഴി ഫോസ്ഫറസിന്റെ അംശം മസ്തിഷ്കത്തിൽ ചെല്ലാൻ ഇടയാവുന്നു. ഫ്യുറഡാൻ ഇട്ട വാഴയുടെ കുലയിലും ചുണ്ടിലുമെല്ലാം ഫ്യുറഡാന്റെ അംശം ഉണ്ടാവുമെന്ന് നാം പറയുന്നതുപോലെയാണ് ഇത്. ഫോസ്ഫറസ് തലച്ചോറിൽ ചെന്നാൽ ഉന്മാദം ഉണ്ടാവുമെന്ന് ആധുനിക ശാസ്ത്രം തെളിയിച്ചിട്ടുണ്ട്. ഉന്മാദം ഉള്ളയാൾക്ക് ഭൂതം, പ്രേതം, എന്നുവേണ്ട പിശാച് ഒക്കെ ഉള്ളതായിട്ട് തോന്നുന്നു. ഇതാണ് മേൽപറഞ്ഞതിന്റെ ശാസ്ത്രീയ വിശദീകരണം. ഇത് ജർമ്മനിയിൽ റിസർച്ച് ചെയ്തുകിട്ടിയ ഫലമാണ്.

ചുരുക്കത്തിൽ ഭൂമി ഒരു കാന്തമാണ്. അതിന് കാന്തത്തിന്റെ എല്ലാ സവിശേഷതകളും ഉണ്ട്. കാന്തത്തിന്റെ ആകർഷണ വികർഷണങ്ങൾക്കും മറ്റു ബലങ്ങൾക്കും അനുകൂലമായിട്ട് പ്രകൃതിയുമായി സമന്വയിച്ചാൽ മാത്രമേ ഇവിടെയുള്ള ഓരോ പ്രവർത്തിയ്ക്കും, താമസത്തിനും ഒക്കെ ഒരു സുഖം ഉണ്ടാവുകയുള്ളൂ. സുഖമായിട്ട് ഗൃഹത്തിൽ താമസിയ്ക്കാൻ ആചാര്യന്മാർ വിഭാവനം ചെയ്തിരിയ്ക്കുന്ന ശാസ്ത്രശാഖയാണ് വാസ്തുശാസ്ത്രം.

മാനപ്രമാണ സംയുക്തം
ശാലാം തത്രൈവ യോജയേൽ
ആയുരാരോഗ്യ സൗഭാഗ്യം
ലഭതേ നാത്രസംശയഃ എന്നാണ് പ്രമാണം.

ജീവിതം എന്നത് ഒരു യാത്രയാണല്ലോ. ഗൃഹത്തിലെ വാസവും ഒരു യാത്രപോലെയാണ്. ശരിയായ രീതിയിൽ ഇരുന്ന് യാത്ര ചെയ്താൽ കാഴ്ചകൾ കാണുകയും, ആസ്വദിയ്ക്കുകയും ചെയ്ത് ലക്ഷ്യസ്ഥാനത്ത് എത്താം. എന്നാൽ ശരിയായ രീതിയിൽ ഇരിയ്ക്കാതെ (നിൽക്കാതെ) യാത്ര ചെയ്താൽ യാത്രയ്ക്ക് സുഖം കിട്ടില്ലെന്ന് മാത്രമല്ല, ചെറിയ ഒരു ബ്രേക്ക് ചെയ്യുമ്പോൾ തന്നെ വല്ലാത്ത ഉലച്ചിൽ ജീവിതത്തിൽ സംഭവിയ്ക്കാനും അതുവഴി താഴെ വീഴാൻ തന്നെ ഇടയാക്കിയേക്കാം. ഇത് യാത്രയ്ക്ക് തടസ്സമുണ്ടാക്കുമല്ലോ. ശരിയായ രീതിയിൽ ഇരുന്ന് യാത്ര ചെയ്യുന്നവർ സുഖമായിട്ട് ഉറങ്ങുകയും ഉണരുകയും ചെയ്ത് കാഴ്ചകൾ കണ്ട് ആസ്വദിച്ച് ഇറങ്ങേണ്ടിടത്ത് ഇറങ്ങുന്നു.

## അനുമോദനങ്ങൾ



മുംബൈ IIT യിൽ നിന്നും സൈക്കോളജി (Cognitive Science) ൽ ഡോക്ടറേറ്റ് നേടിയ സത്യനാരായണ ശർമ്മ.

ഇപ്പോൾ IIT Dhanbad ൽ അസിസ്റ്റൻറ് പ്രൊഫസർ ആയി നിയമനം ലഭിച്ചിരിക്കുന്നു.

പെരുവ കാരിക്കോട് ഇടമന ഇല്ലത്ത് ഹരിശർമ്മ - ശൈലജ ദമ്പതികളുടെ മകനും പരേതനായ നാരായണൻ ഇളയതിന്റെയും പാർവതി അന്തർജനത്തിന്റെയും പേരക്കുട്ടിയുമാണ്. കുറവിലങ്ങാട് ശാഖാ അംഗം.................. National Academy of Psychology യുടെ 2022-ലെ ഏറ്റവും നല്ല ഗവേഷണ പ്രബന്ധത്തിനുള്ള Durganand Sinha Dissertation Award ഇദ്ദേഹത്തിന്റെ പ്രബന്ധത്തിന് ലഭിച്ചു

# പുതുവർഷത്തിലേക്ക്

സൗമ്യ എൻ കെ
പുതുമന ഇല്ലം
ചേർത്തല

പോകുന്നു മറ്റൊരു വാസരം ചെറ്റുമേ
വേഗം കുറയ്ക്കാതെ, കൂട്ടാതെയും

പോക നാം കൂടങ്ങു ശങ്കിച്ചു നിൽക്കൊലാ
ചേർക്കാം മികവുകൾ നമ്മിലേക്കായ്

ഇന്നലത്തേതിലും നന്നാകുവാ'നിന്ന് '
ഇന്നിലുമേറെ നന്നായൊരു'നാളെയും'

അത്രയും മാത്രമാണുള്ളിൽ നിനയ്ക്കേണ്ടു,
എത്രയോ ഉന്നതി കൈവരിക്കാം !

വല്ലാത്തനുഭവം വന്നീടും നേരത്തു
വല്ലായ്മ തോന്നിടാം സാരമില്ല,

ഏറ്റക്കുറച്ചിലിൽ ഈ സുഖദുഃഖങ്ങൾ
മാറ്റുകൂട്ടും ജീവപന്ഥാവിതിൽ

എന്തൊന്നു വാഴ്‌വിൽ വരുകിലുമെന്തൊന്നു-
വന്നു ചേരാതെ മറഞ്ഞാലുമേ

വ്യർത്ഥമായ് കാണേണ്ടതില്ലിഹ ജന്മത്തേ-
യൊട്ടും പഴിക്കുവാൻ നിൽക്കവേണ്ട

കാര്യങ്ങളേറെ തെളിഞ്ഞു വിളങ്ങിലും
കാരണങ്ങൾ നമ്മൾ കാണ്മതില്ല

ഉണ്ടൊരു കാരണം കാര്യത്തിനു പിന്നിൽ ,
കണ്ടെത്തുവാൻ മർത്ത്യർക്കുണ്ടു ക്ലേശം

ഇന്നിൽ അഭിരമിച്ചീടുകയല്ലാതെ
നാളെയേ ചിന്തിച്ചു ഖേദിക്കേണ്ട

'ഇന്നുകൾ'കോർത്തിട്ടമാലയാ'ണിന്നലെ',
'നാളെകൾ' എന്നു വേണ്ടെന്നെന്നുമേ

ഉള്ളതിനെല്ലാം കൃതജ്ഞാഭരിതരായ്
ഇല്ലായ്മയെചൊല്ലി കേണിടാതെ

ഉള്ളാലെ ശാന്തരായ് എല്ലോളവും പോലും
ഉള്ളിൽ കൃതഘ്നത തീണ്ടിടാതെ

വന്നിങ്ങു ചേരുന്നൊരീ നവവാസര
വല്ലകീ ഗാത്ര മതിങ്കൽ നിന്നും

ഭംഗിയായ് കേൾപ്പിക്കാം ആ നവസുന്ദര
മോഹന രാഗത്തിലുള്ളൊരീണം.



വ്യർത്ഥമായ് കാണേണ്ടതില്ലിഹ ജന്മത്തേ -
യൊട്ടും പഴിക്കുവാൻ നിൽക്ക വേണ്ട .

# ആത്മാവോളം കുളിരുന്ന കുളിമന്ത്രം

മുരളീധരൻ
ചുണ്ടക്കാട്ടില്ലം, അഷ്ടമിച്ചിറ
9496361386

(കൃഷ്ണ യജുർവ്വേദത്തിലെ കുളിക്കുമ്പോൾ ജപിക്കാവുന്ന അത്ര സുപരിചിതമല്ലാത്ത ലളിതമായ ഒരു മന്ത്രത്തെയാണ് ലേഖകൻ ഇവിടെ പരിചയപ്പെടുത്തുന്നത് . ' വിശ്വമസ്മത് പ്രവഹന്തു രിപ്രം ' എന്ന ഈ മന്ത്രം അർത്ഥബോധത്തോടെ ഉരുവിട്ട് ജപിച്ചു കുളിച്ചാൽ സ്വയം ബോധനത്തിന്റെ (auto suggestion) തലത്തിലും അത് ശരീര മനസ്സുകളിലെ മാലിന്യങ്ങളെ നീക്കി പൂർണ്ണ ആരോഗ്യമുള്ള ജീവിതം പ്രദാനം ചെയ്യും എന്ന് അദ്ദേഹം വിശദീകരിക്കുന്നു - പത്രാധിപർ )

പുതിയ പുതിയ ചീത്ത കാര്യങ്ങൾ അരങ്ങേറുന്ന ഒരു ലോകത്താണ് നാമിന്ന് ജീവിക്കുന്നത്. അതുകൊണ്ടുതന്നെ ദേഹ മനസ്സുകളുടെ സുസ്ഥിതിയും വളരെ സുപ്രധാനമാണ്. നിത്യേനയുള്ള ശുചിത്വപാലനം കൊണ്ടല്ലാതെ ഇതിന് പരിഹാരവുമില്ല. രോഗാരോഗ്യപരമായി ചിന്തിക്കുമ്പോൾ ശുചിത്വം ശരീരത്തിനേക്കാളുപരി മനസ്സിനാണ് വേണ്ടതെന്ന് പഴമക്കാരോടൊപ്പം ഇന്ന് ആധുനികരും അഭിപ്രായപ്പെടുന്നു. പുതിയ രോഗം, പുതിയ ചികിത്സ, പുതിയ മരുന്ന്, പുതിയ ആശുപത്രി തുടങ്ങിയവയെല്ലാമിന്ന് മനുഷ്യജീവിതത്തിന്റെ ഭാഗമായിരിക്കുന്നു. ഇന്ന് ഏറ്റവും കൂടുതൽ പണച്ചിലവും ദുരിതങ്ങളും നാമനുഭവിക്കുന്നതും ഇതുകൊണ്ടുതന്നെയാണ്. എന്തായാലും ആരോഗ്യം മോശമായൊരു ലോകത്തെങ്ങിനെ ജീവിക്കും! വാസ്തവത്തിൽ സമൂഹത്തിന്റെ ആരോഗ്യപരിപാലനം ഇന്ന് വളരെ ബുദ്ധിമുട്ട് അനുഭവിക്കുന്ന സംഗതിയാണ്. ഈ ദുരിതപശ്ചാത്തലത്തിലാണ് ഞാൻ നിങ്ങളുടെയെല്ലാം ശ്രദ്ധയെ ഒരു കുളി മന്ത്രത്തിലേക്ക് ക്ഷണിക്കുന്നത്. ഈ ലേഖനത്തിന്റെ വിഷയവും അതുതന്നെയാണ്.

രോഗപാപങ്ങൾക്കെതിരെ ദേഹമനസ്സുകളെ സ്വയം ശക്തമാക്കുന്ന, ഒരു അൽഭുത മന്ത്രമാണ് കൃഷ്ണ യജുർവേദത്തിലെ 'വിശ്വമസ്മത് പ്രവഹന്തുരിപ്രം എന്നത്. കുളിക്കുന്ന സന്ദർഭത്തിൽ ദേഹത്തിലെ അഴുക്ക് നീക്കപ്പെടുമ്പോൾ ചൊല്ലുന്ന ഒരു മന്ത്രമാണിത്. ഞങ്ങളിൽ നിന്നും എല്ലാ പാപവും നീങ്ങിപ്പോകട്ടെ എന്നാണിതിന്റെ അർത്ഥവും. സന്ദർഭശുദ്ധി കൊണ്ട് ശ്രേഷ്ഠമായ ഈ മന്ത്രം കഠിന സാധനകളൊന്നും ആവശ്യമില്ലാത്തതും പ്രത്യേക സമയംപോലും വേണ്ടാത്തതുമായതിനാൽ കുട്ടികളടക്കം ആർക്കും എളുപ്പത്തിൽ അനുവർത്തിക്കാവുന്നതാണ്. ഈ മന്ത്രം അതിന്റെ അതിലാളിത്യം കൊണ്ട് അവഗണിക്കപ്പെടാതിരിക്കുന്നതിനുവേണ്ടിയാണ് ഇത് ഒരു ലേഖനമായി അവതരിപ്പിക്കുന്നത്.

ഭക്തി വിശ്വാസങ്ങളോടെ ഇത് ജപിക്കുന്നവർക്ക് മനോബലം, ദേഹദീപ്തി, രോഗമുക്തി, രോഗപ്രതിരോധശക്തി, ദീർഘായുസ്സ് തുടങ്ങിയ ഫലങ്ങൾ നിശ്ചയമായും ലഭിക്കുന്നതാണ്.

ശുചിത്വം ദേഹത്തിനേക്കാളുപരി മനസ്സിനാണ് വേണ്ടതെന്ന് സൂചിപ്പിക്കുന്ന ഒരു മഹത്തായ മന്ത്രമാണ് കൃഷ്ണയജുർവേദത്തിലെ ''വിശ്വമസ്മത് പ്രവഹന്തു രിപ്രം എന്നത്.'' ശരീരത്തിലെ അഴുക്ക് തേച്ചു കളയുമ്പോൾ ചൊല്ലുന്ന ഈ മന്ത്രത്തിന്റെ അർത്ഥം ചുവടെ ചേർക്കുന്നു.

അസ്മത് = ഞങ്ങളിൽ നിന്നും
വിശ്വരിപ്രം = എല്ലാ പാപവും
പ്രവഹന്തു = മാറിപ്പോകട്ടെ (കഴുകിപ്പോകട്ടെ)

സന്ദർഭ ശുദ്ധികൊണ്ട് ശ്രേഷ്ഠവും സൂക്ഷ്മത കൊണ്ട് പഠനാർഹവുമാണീ മന്ത്രം എന്നതിന് സംശയമില്ല.
ശരീര മനസ്സുകളെ ഒരേ സമയം ആരോഗ്യപ്രദമാക്കുന്നു. മന്ത്രം ചൊല്ലിയുള്ള ഈ കുളി ലളിതമെങ്കിലും അതിശക്തമാണിതിന്റെ ഫലം.

രണ്ടു നേരമാണല്ലോ നാം ദേഹശുചി വരുത്തുന്നത്. മേൽ പറഞ്ഞവിധം സാധനാനിഷ്ഠമായ മന്ത്രം ചൊല്ലിയുള്ള കുളിയാണെങ്കിൽ മനസ്സിൽ നിന്നും അതാതു ദിവസംതന്നെ അനിഷ്ടമായ രോഗബീജങ്ങളെ നീക്കം ചെയ്യുന്നതിന് സാധിക്കുന്നു. മാത്രമല്ല ഏതു സാധാരണക്കാരനും എളുപ്പത്തിൽ അനുഷ്ഠിക്കാവുന്ന മുക്തിസഹവും ശാസ്ത്രീയവുമായ ഒരു മന്ത്രം ചൊല്ലിക്കുളിയായി ഇതിനെ മനസ്സിലാക്കണം. കുറച്ചുനാൾക്കകം തന്നെ നമുക്ക് മനോബലം സിദ്ധിക്കുകയും നിർഭയരാകാനും ഇതുകൊണ്ട് കഴിയുന്നു.

കൂടാതെ അശ്രദ്ധയോടെയുള്ള സോപ്പു കമ്പനിക്കാർക്കു വേണ്ടിയുള്ളതുമായ നമ്മുടെ കുളിയിൽ നിന്നും മുക്തരാകാനും കഴിയുന്നു. കുളി തികഞ്ഞ മാനസിക സാന്നിദ്ധ്യമുള്ളതും സാധനാനിഷ്ഠയുള്ള തുമായ ഒരു ശുചീകരണ പ്രക്രിയയായി മാറുകയും ചെയ്യുന്നു. ഇവിടെ കുളിയും മന്ത്രവും ശുചീകരണ പ്രക്രിയയുമെല്ലാം ചേർന്ന് നാമാകെ നവീകരിക്കപ്പെടുന്ന ഒരു അവസ്ഥയും സംജാതമാകുന്നു. അത്രയ്ക്കും സന്ദർഭശുദ്ധി ഈ മന്ത്രത്തിനു ണ്ടെന്നർത്ഥം. അതായത് ആത്മാവോളം കുളിരുന്ന ഒരു ശക്തി വിശേഷത്തിലേക്ക് ഈ കുളി നമ്മളെ നയിക്കുന്നു.

അടുത്തതായി ആദ്ധ്യാത്മിക ശാസ്ത്രം അനുശാസിക്കുന്ന നമ്മുടെ കുളി യെക്കുറിച്ച് യുക്തിസഹമായും ശാസ്ത്രീയ മായും ഒന്ന് ചിന്തിക്കാം. രോഗാരോഗ്യപര മായി ചിന്തിക്കുമ്പോൾ, സാധാരണയായി നമ്മുടെ രോഗനിദാന നിരീക്ഷണം ധാതുക്ക ളോളമെ ചെന്നെത്താറുള്ളൂ.
മനസ്സിൽ പറ്റുന്ന അഴുക്കിനെക്കുറിച്ച് നാം വേണ്ടത്ര ബോധവാന്മാരല്ല എന്നു പറയട്ടെ!

ദൃശ്യങ്ങളുടെ ഉറവിടം അദൃശ്യതയി ലിരിക്കുന്നുവെന്ന് വേദാന്തം പറയുന്നു. ഇവിടെ മനസ്സിനെ നാമാരും കണ്ടിട്ടില്ല. എന്നാൽ മനസ്സുണ്ടെന്ന അനുഭവവും നമു ക്കുണ്ട്. ചുരുക്കത്തിൽ മനസ്സിന്റെ കണ്ണാടി യാണ് ശരീരം - മനസ്സോ? ശബ്ദാകാരവും. ദേഹ, മനസ്സുകളുടെ ഈ ബന്ധം ആഴ ത്തിലും സൂക്ഷ്മതയിലും അറിഞ്ഞവരാണ് കൃഷ്ണ യജുർവേദത്തിലെ കുളിമന്ത്രം ചിട്ട പ്പെടുത്തിയിരിക്കുന്നത്. നാമത് ഉപയോഗി ക്കാറില്ലെന്ന് മാത്രം.

ശബ്ദാകാരമായ മനസ്സിലെ രോഗ കാരണമായ വാസനാണുക്കളെ സങ്കല്പശു ദ്ധിയാർന്ന ചില പ്രത്യേക ശബ്ദങ്ങളുടെ ശക്തികൊണ്ട് (മന്ത്രം) നീക്കാനും മാറ്റാനും രൂപാന്തരപ്പെടുത്താനും കഴിയുമെന്നാണ് മന്ത്രധ്വനി - ഇതിനായി സത്യത്തിൽ മന സ്സിനെയാണ് നാം കുളിപ്പിക്കുന്നതെന്ന സാധനാ നിഷ്ഠയിലെത്തണം. ഇത് ദിവസ ത്തിൽ രണ്ടുനേരം ചെയ്യുമ്പോൾ നിസ്സാര മാറ്റമല്ല സംഭവിക്കുന്നത്. ആത്മാവിന്റെ മോചനംവരെയെത്താവുന്ന ഒരു അവസ്ഥ യാണിത്.

ദേഹമനസ്സുകളുടെ ബന്ധം ഇങ്ങനെയാണെ ങ്കിൽ എല്ലാ പ്രശ്നങ്ങളുടെയും ഉറവിടം മന സ്സിൽ തിരയുന്നത് യുക്തിസഹവും ശാസ്ത്രീയവുമല്ലേ! ആദ്ധ്യാത്മിക ശാസ്ത്ര ത്തിന്റെ അടിസ്ഥാനവും ഇതുതന്നെയാണ്.

ശരീരത്തെ അറിയുന്നത് മനസ്സുകൊ ണ്ടാണെങ്കിൽ ശരീരത്തിൽ നാം നടത്തുന്ന, ശുചീകരണമടക്കം, എല്ലാ ഗുണപരമായ പ്രക്രിയകളും മനസ്സിലും നടത്തിയിരി ക്കണം. നമുക്കറിയാം മനഃസാന്നിദ്ധ്യമില്ലെ ങ്കിൽ ഒരു പ്രവർത്തനവും വിജയിക്കില്ലെന്ന്. മനസ്സ് പങ്കെടുക്കുമ്പോഴേ സ്ഥൂലേന്ദ്രിയങ്ങ ളുടെ പ്രവർത്തികൾ പൂർണ്ണമാകൂ. സന്തോഷം, ഉൽസാഹം, ഉന്മേഷം, വ്യസനാ ലസ്യങ്ങൾ, മൗഢ്യങ്ങൾ എല്ലാമെല്ലാം മന സ്സിലാണ് നടക്കുന്നത്. അതുകൊണ്ട് മനസ്സ് കെട്ടാൽ ശരീരം കെടും. ശരീരം കെട്ടാൽ മനസ്സും കെടും. അതുപോലെ ശരീരനിഷ്ഠ മനസ്സിനേയും മനോനിഷ്ഠ ശരീരത്തി നേയും ഒരുപോലെ ബലപ്പെടുവാൻ സഹാ യിക്കുന്നു.

ഈ വിധം ശരീര ചലനങ്ങളുടെ ഹേതു മനസ്സിലാണെങ്കിൽ ശരീരത്തെ മന സ്സായിത്തന്നെ സങ്കല്പിച്ച് 'വിശ്വമസ്മത് പ്രവഹന്തുരിപ്രം'' എന്ന മന്ത്രവും ചൊല്ലി ശുചിയാക്കുന്നത് സ്ഥൂല ശരീരത്തിനും സൂക്ഷ്മ ശരീരത്തിനും ഒരുപോലെ ആരോ ഗ്യം പ്രദാനം ചെയ്യുന്നു. ഒരു കാര്യം തീർച്ച - രോഗം വന്നാലും വരുന്നതിന് മുമ്പും മന സ്സിന് ചികിത്സ വേണം. മനസ്സെപ്പോഴും ചികിത്സയ്ക്ക് വിധേയമാകണം എന്നർത്ഥം. രോഗം കുറവും ആരോഗ്യം സുഭിക്ഷവുമാ യിരുന്ന ഒരു കാലം ഉണ്ടായിരുന്നുവെന്നതും ചികിത്സയും മരുന്നുമെല്ലാം അപൂർണ്ണമാ ണെന്നും നാമെപ്പോഴും ഓർത്തിരിക്കുന്നത് നല്ലത്.

മന്ത്രം ചൊല്ലിയുള്ള ആത്മാവോളം കുളി രുന്ന ഈ കുളി എല്ലാവരും ഹൃദയത്തിലേറ്റു വാങ്ങി അനുവർത്തിക്കണമെന്നഭ്യർത്ഥിക്കു ന്നതോടൊപ്പം ഇതിന്റെ പൂർണ്ണഫലം സക ലർക്കും ലഭിക്കട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു.





## ഉപനയനം

ഏപ്രിൽ 3ന് തിരുവനന്തപുരം ഭജനപ്പുര കൊട്ടാരത്തിൽ വെച്ചു രാവിലേ 9 നും 11 നും ഇടക്കുള്ള ശുഭ മുഹൂർത്തത്തിൽ ആനിക്കാട് മനോജ് ശർമയുടെ കാർമികത്വത്തിൽ ഉപനയനവും സമാവർത്തനവും കഴിഞ്ഞ **ഗിരിധർ**. എം.ബി.എസ്.തിരുവനന്തപുരം ശാഖ അംഗമായ തുണ്ടത്തിൽ ഇല്ലത്തെ(ജ്യോത്സ്ന) ഡോ:മനോജിന്റെയും ഡോ:ഇന്ദുവിന്റെയും പുത്രനായ **ഗിരിധർ**, പരേതനായ പ്രൊഫ:മാധവൻ നമ്പൂതിരിയുടെയും ശ്രീമതി ലീലയുടെയും പൗത്രനും,ഓച്ചിറ തോട്ടത്തിൽ ഇല്ലത്തു അധ്വ:സോമസുന്ദരത്തിന്റെയും ശ്രീമതി ദേവകിയുടെയും ദൗഹിത്രനും ആണ്.



# 61-ാം പിറന്നാൾ

**എൻ. മനോഹരൻ ഇളയത്.**

2022 ഫെബ്രുവരി 26ന്
61-ാം പിറന്നാൾ
ആഘോഷിച്ച കപ്രശ്ശേരി
കോൽക്കുഴി ഇല്ലത്ത്
**എൻ. മനോഹരൻ ഇളയത്.**



മലയാളബ്രാഹ്മണ സമാജം കുറവിലങ്ങാട് ശാഖയിൽ മുരിയമംഗലത്തുതാഴത്തില്ലത്ത് പരേതനായ ഗോപാലകൃഷ്ണശർമ്മയുടെ ഭാര്യ **ഓമനയുടെ** സപ്തതിയും, പൗത്രൻ **അരവിന്ദന്റെ** (മധുവിന്റെയും വൃന്ദയുടെയും പുത്രൻ) ഉപനയനവും 7/4/22(1197മീനമാസം 24)തീയതി ഇല്ലത്തുവച്ചു മംഗളകരമായി നടത്തി





## ഉപനയനം

ചേർത്തല മുഹമ്മ താമരശ്ശേരി ഇല്ലത്ത് പരേതനായ ഉണ്ണികൃഷ്ണന്റേയും മഞ്ജു ഉണ്ണികൃഷ്ണന്റേയും പൗത്രൻ (പ്രതീഷിന്റേയും സൗമ്യയുടേയും പുത്രൻ) **ഗോവിന്ദിന്റെ** ഉപനയനം 2022 ഫെബ്രുവരി 12 നു താമരശ്ശേരി ഇല്ലത്ത് വച്ചു നടന്നു




## 40-ാം വിവാഹവാർഷികം

ഏപ്രിൽ 16 ാം തീയ്യതി
നാൽപതാം വിവാഹ
വാർഷികം ആഘോഷിക്കുന്ന
പുതിയില്ലത്ത്
**നാരായണൻ നമ്പൂതിരിയും**
**സഹധർമിണി**
**ഉഷ നാരായണനും.**

ആശംസകളോടെ നിഷ
വിനോദ്,
വിനോദ്. ടി. എസ്സ്.,
കൊച്ചുമക്കൾ
ദേവനാരായണൻ, ദേവശങ്കർ.




## വേളി

വൈക്കം ചെമ്പ് ചുള്ളിമംഗലത്ത് ഇല്ലത്ത് പരേതനായ ഉണ്ണികൃഷ്ണൻ സി.എസ് ന്റെയും ശ്രീമതി ജയ ഉണ്ണികൃഷ്ണന്റെയും പുത്രൻ **അരവിന്ദും** പാലക്കാട് പറളി പൂശേരി ഇല്ലത്ത് (കൃഷ്ണ കൃപ ) സന്തോഷ് കുമാറിന്റെയും രാധികയുടെയും മകൾ **രാകേന്ദുവും** തമ്മിലുള്ള വേളി ജനുവരി 23 ന് ചുള്ളിമംഗലത്ത് കുളങ്ങര ഭഗവതി ക്ഷേത്രത്തിൽ വച്ച് നടന്നു




## വേളി

മണിമല മുഖ്യപ്പുറത്തില്ലത്ത് എം.എൻ. കൃഷ്ണൻ ഇളയതിന്റെയും പരേതയായ സുകുമാരി അന്തർജ്ജനത്തിന്റെയും പൗത്രനും എം.കെ. പ്രസന്നകുമാറിൻറെയും ശൈലേന്ദ്ര കുമാരിയുടെയും മകനുമായ **ശ്രീരാജും** കർണാടക കൈഗ ടൗൺഷിപ്പിൽ ഇഎ202ൽ മണി അയ്യരുടെയും നാച്ചിയാർ അമ്മാളിന്റെയും മകളുമായ **സൊനാലിയും** തമ്മിലുള്ള വേളി 2022 മാർച്ച് 20 ന് മണിമലക്കാവ് ക്ഷേത്ര ഓഡിറ്റോറിയത്തിൽ വെച്ച് നടന്നു



## 30-ാം വിവാഹവാർഷികം


ചേർപ്പ് തായംകുളത്ത് ഇല്ലത്ത് **രാധാകൃഷ്ണൻ ഇളയതിന്റെയും ശ്രീദേവി അന്തർജ്ജനത്തിന്റെയും** 30-ാം വിവാഹവാർഷികം 2022 ഫെബ്രുവരി 9 ന് ആഘോഷിച്ചു.





## ഉപനയനം

കുറവിലങ്ങാട് ശാഖ
അമ്മടത്തില്ലത്ത്
പ്രദീപിന്റെയും
കവിതയുടെയും
മകൻ **അദ്വൈതിന്റെ**
ഉപനയനം 10.04.2022
ന് ഇല്ലത്തുവച്ച്
നടന്നു.



## 50-ാം വിവാഹവാർഷികം

2022 മാർച്ച് 21 നു 50-ാം
വിവാഹവാർഷികം ആഘോഷിച്ച
കുറവിലങ്ങാട് വയലാ കല്ലാർവേലി
ഇല്ലത്ത്
**ബാലകൃഷ്ണശർമ്മയും**
**സഹധർമ്മിണി**
**ഇന്ദിര ബി ശർമ്മയും**
ആശംസകളോടെ മക്കളും
മരുമക്കളും





വെളുത്തമേശ്ശേരി
ഇല്ലത്തു
(അമർ സംഗമം
പനമ്പിള്ളി നഗർ)
രമയുടെയും
പരേതനായ
മോഹന്റെയും മകൻ
**വരുൺ മോഹന്റെ**
ഉപനയനം
തൃപ്പൂണിത്തുറ
കണ്ണൻകുളങ്ങര
അന്യോന്യം ഹാളിൽ
വച്ചു 2022 ഏപ്രിൽ 3
നു സമംഗളം നടന്നു



ചേർത്തല പുല്ലയിൽ ഇല്ലത്ത് പി.വി. മധുസൂദനൻ നമ്പൂതിരിയുടെ പൗത്രന്മാരായ (രമേശന്റെയും മായയുടേയും പുത്രന്മാർ) **മാധവകൃഷ്ണന്റേയും മുകുന്ദകൃഷ്ണന്റേയും** ഉപനയനവും സമാവർത്തനവും 2022 ഏപ്രിൽ 17 ഞായറാഴ്ച സമംഗളം നടന്നു.



വടക്കൻ പറവൂർ ചേന്ദമംഗലം ഞെരിഞ്ഞാമ്പിള്ളി ഇല്ലത്തു ജയരാജ് - സ്മിത ദമ്പതികളുടെ പുത്രനും, ഡോ.ചന്ദ്രശേഖരന്റെയും തങ്കമണി അന്തർജ്ജനത്തിന്റെയും പൗത്രനും അഡ്വ. ഡി.സോമസുന്ദരത്തിന്റെയും ദേവകി അന്തർജ്ജനത്തിന്റെയും ദൗഹിത്രനുമായ **ആദിത്യ**യുടെ **ഉപനയനവും സമാവർത്തനവും** പുതുക്കുടി ഇല്ലത്ത് ബ്രഹ്മശ്രീ സതീശൻ ഇളയതിന്റെ മുഖ്യകാർമികത്വത്തിൽ 07.04.2022 നു പകൽ 07.15 നും 08.15 നും മദ്ധ്യേയുള്ള ശുഭമുഹൂർത്തത്തിൽ ഇല്ലത്തുവച്ച് സമംഗളം നടന്നു.







# ഉപനയനം

## മുകുന്ദ് – ശാംഭവ്

കുമ്മണ്ണൂർ മുട്ടത്തുമന ശ്രീ പരമേശ്വരൻ നമ്പൂതിരിയുടേയും ശ്രീമതി ഉമാദേവിയുടേയും പൗത്രന്മാരായ (സുജിത്തിന്റെയും അഞ്ജനയുടേയും പുത്രന്മാർ) ശാംഭവിന്റെയും മുകുന്ദിന്റെയും ഉപനയനവും സമാവർത്തനവും 2022 ഏപ്രിൽ 6ന് ഏറ്റുമാനൂർ നന്ദാവനം ഓഡിറ്റോറിയത്തിൽ വച്ച് സമംഗളം നടന്നു.

## ഉപനയനം

### അരവിന്ദ്



വൈക്കം ശാഖ, പെരുംതുരുത്ത്, ചേലമറ്റത്തില്ലത്ത് ശ്രീ സന്തോഷ് കുമാറിന്റെയും , സന്ധ്യ സന്തോഷ് കുമാറിന്റെയും പുത്രൻ **അരവിന്ദിന്റെ** ഉപനയനം 2022 ഫെബ്രവരി 11 ന് ചേല മറ്റത്തില്ലത്ത് വച്ച് നടന്നു.



ആണ്ടൂർ പറഞ്ചിക്കാട്ട് ഇല്ലത്ത് ഡോ.പി എൻ ഹരിശർമ - പി.ജയശ്രീ യുടെ പൗത്രനും, വരുൺ സൂര്യ ദമ്പതികളുടെ പുത്രനുമായ **നീൽ വാസുദേവ് ശർമ യുടെ അന്ന പ്രാശനം** ആണ്ടൂർ ശ്രീ മഹാദേവ ക്ഷേത്രത്തിൽ വച്ച് സമംഗളം നടന്നു.

with best compliments:
Nico Narayan Sharma



## അന്നപ്രാശം

എരമല്ലൂർ വഴുതനപ്പിള്ളി ഇല്ലത്ത് പരേതരായ കൃഷ്ണൻ ഇളയതിന്റെയും പാർവ്വതി അന്തർജ്ജനത്തിന്റേയും പൗത്രനും മുരളീ ശർമ്മയുടെയും രാജേശ്വരിയുടെയും പുത്രനുമായ **വാസുദേവൻ നമ്പൂതിരി** യുടെ അന്നപ്രാശം ഏപ്രിൽ 7ന് വഴുതനപ്പള്ളി ഇല്ലത്തുവച്ച് നടന്നു

## പദപ്രശ്നം 18 ശരിയുത്തരം

| | | | | | | |
|---|---|---|---|---|---|---|
| 1 സു | 2 ദാ | 3 മാ | വ് | 4 സം | 5 വ | നം |
| ര | രി | ല | 6 മേ | ഘ | 7 ദൂ | ത് |
| 8 സ | ക | തീ | രു | മി | ത | 9 ര |
| ബ | ൻ | 10 മാ | 11 മി | ത്ര | ൻ | വാ |
| ർ | നം | 12 ധാ | ഥി | 13 ക്ഷേ | ത്രം | 14 ന |
| 15 മ | 16 നു | വം | ല | രു | 17 പ | ന്നി |
| 18 തി | 19 ര | 20 ആ | ളി | 21 കു | ടി | 22 കോ |

പദപ്രശ്നം 18 – ശരിയുത്തരമയച്ചവർ

1. ശ്രീകുമാർ ടി. എസ്., തുരുത്തി ഇല്ലം, കുറവിലങ്ങാട്
2. ഹരി ശർമ്മ, പറഞ്ചിക്കാട്ടില്ലം, ആണ്ടൂർ
3. ഗിരിജ എൻ. നമ്പൂതിരി, വടുതലായിൽ ഇല്ലം, കുടക്കച്ചിറ
4. ഗിരിജ കേശവൻ, രാജ് ഭവൻ (മേച്ചേരിൽ ഇല്ലം), തൃപ്പൂണിത്തുറ
5. പ്രസീത പരമേശ്വരൻ, കൈലാസ് ഭവൻ, കുടക്കച്ചിറ
6. വി. എൻ. ദിവാകരൻ,വെള്ളിയെപ്പിള്ളിൽ ഇല്ലം, ആണ്ടൂർ
7. ഗീത സി.കെ., അപർണ , മൈമ്പിള്ളിൽ ഇല്ലം, തൃശൂർ
8. കെ. എൻ. ശ്രീധരൻ, ശ്രീനിധി, എറണാകുളം
9. ഇന്ദിര ദേവി, തിരുമംഗലത്തില്ലം, പെരുമ്പാവൂർ
10. വാണീകൃഷ്ണ കെ. എൻ., കൊല്ലപ്പള്ളി, വെണ്ണമന
11. ശ്രീരഞ്ജിനി ആർ. അറവിക്കുളത്തില്ലം , മണിമല
12. ഉഷാദേവി നീലകണ്ഠൻ, ശ്രീശൈലം, കുറവിലങ്ങാട്
13. ദേവനാരായണൻ പി., പുതിയില്ലം, മുടക്കുഴ
14. നിഷ വിനോദ്, പുതിയില്ലം, മുടക്കുഴ
15. തങ്കമണി രാജീവൻ നമ്പൂതിരി, കരിക്കാട്ടിൽ ഇല്ലം, ചേർത്തല
16. രമാദേവി അന്തർജനം, തോട്ടത്തിൽ ഇല്ലം, ഏഴാച്ചേരി, പാല
17. സതി മുരളീധരൻ , ചെറുവള്ളി ഇല്ലം , കുറ്റൂർ , തൃശ്ശൂർ

# ചിത്രഗുപ്തന്റെ ഗുപ്തതന്ത്രം

ലാൽ മംഗലശ്ശേരി
പേരൂർ
9400689601

ദുഷ്ടൻ മഹാദുഷ്ടനത്യന്തദുഷ്ടൻ
ചെയ്തില്ല കർമ്മങ്ങൾ പുണ്യമായൊന്നും
നിത്യം ജപിക്കുമുറങ്ങുവാൻ നേരത്തു
"ചിത്രഗുപ്തായതേ നമഃ"യെന്നമന്ത്രം
തന്റെയീ ഭക്തനെ രക്ഷപ്പെടുത്തുവാൻ
മാർഗ്ഗമായെന്തേലുമുണ്ടോന്നറിയുവാൻ
പേരോടുതന്നിൽ തിരഞ്ഞു സസൂക്ഷ്മമായ്
പുണ്യത്തിൻ കോളങ്ങൾ ശൂന്യമത്രേ
ഇനിയെന്തു ചെയ്യേണ്ടുവെന്നോർത്തുഗുപ്തൻ
ഭക്തനൊരു രാത്രി ദർശനം നൽകി.
അറിയാതെയെങ്കിലുമൊരു നന്മ ചെയ്യണം.
എങ്കിലേ രക്ഷക്കു വഴിയൊരുങ്ങൂ.
വഴിയോരദേശത്തൊരു കുളം കുത്തണം
അതിൽ വന്നു ചാടിമരിക്കും ചിലരെല്ലാം
അതുകണ്ടു സന്തോഷത്താൽ തൃപ്തനാകാം.
എന്നുപറഞ്ഞു മറഞ്ഞു ഗുപ്തൻ
വഴിയോരദേശത്തു തീർത്ഥക്കുളമതിൽ
സ്വച്ഛസ്ഫടിക സമാനം ജലം കണ്ടാൽ
ആർക്കുമിറങ്ങിക്കുളിച്ചിട്ടുപോകാൻ
കൊതി തോന്നുമെന്നതു സത്യമത്രേ
ഉച്ചക്കു പതിവായി ഗോക്കളൊക്കെ
ജലപാനം ചെയ്യുവാനെത്തിടുന്നു
സന്യാസിമറ്റുള്ള ശിഷ്യജനങ്ങളും
സ്നാന സുഖമോർത്തു വന്നിടുന്നു
അതുപോലെ പക്ഷികൾ വന്നുനിരന്നിട്ടു
ജലപാനം ചെയ്തു കുളിച്ചു മടങ്ങുന്നു
ഇതു മൂലം ദുഷ്ടന്റെ പുണ്യകോളം
അറിയാതെതന്നെ നിറയാൻ തുടങ്ങി
ഏറെക്കഴിയാതെ ദുഷ്ടനാം ഭക്തന്റെ
ഭൂമിവാസത്തിന്റെ കാലമൊടുങ്ങി
കാലം കളയാതെ കിങ്കരൻ ദുഷ്ടനെ
യമധർമ്മരാജന്റെ സന്നിധിലെത്തിച്ചു
ചിത്രഗുപ്തൻ തന്റെ പേരോടു നോക്കീട്ട
വലോകനംചെയ്തു പുണ്യപാപങ്ങളെ
പുണ്യമായുണ്ടു കുറഞ്ഞോരുകാലം
അതുകൊണ്ടീയാത്മാവെ സ്വർഗ്ഗത്തിലാക്കാം
പുണ്യത്തിൻ കാലങ്ങൾ വൈകാതെ തീരും
ശേഷമെത്തിച്ചിടാം നിത്യനരകത്തിൽ
യമധർമ്മരാജന്റെ സമ്മതത്തോടെ
യെത്തിച്ചു ദുഷ്ടനെ സ്വർഗ്ഗദേശേ
കുളം കുത്തിയാർജിച്ച പുണ്യവ്യൂഹം
ഒടുങ്ങാതെ നിത്യം വളർന്നുവന്നു
ചിത്രഗുപ്തൻ തന്റെ ഗുപ്തതന്ത്രത്താൽ
ദുഷ്ടനുലഭ്യമായ് നിത്യസ്വർഗ്ഗം.

# വിശ്വാസങ്ങളും സാമ്പത്തികനിലയും

മനോജ്. എം
നാരായണീയം
മണിമല ശാഖ

വടക്കേ ഇന്ത്യൻ ഹിന്ദുക്കളുടെ ഇടയിൽ പ്രത്യേകിച്ച് ബ്രാഹ്മണരുടെ ഇടയിൽ കണ്ടുവരുന്ന ഒരു കാര്യമാണ് ഗോപൂജ. പശുക്കളെ അണിയിച്ചൊരുക്കാനും തൊട്ട് നമസ്കരിക്കാനും കാലത്തെ കണികാണാനും എല്ലാക്കാലത്തും ആരാധകർ ഉണ്ട്. ഇന്ന് അതിന് കൂടുതൽ പ്രാമുഖ്യം വന്നിരിക്കുന്നു എന്നും ചേർത്തുപറയട്ടെ.

ഇനി കേരളത്തിലെ സ്ഥിതി നോക്കിയാൽ ഇവിടുത്തെ മലയാള ബ്രാഹ്മണരോ അവരുടെ മുൻഗാമികളോ ഒന്നും തന്നെ ഇത്തരമൊരു ആചാരം പിന്തുടരുന്നതായി കാണാനും ഇല്ല. ശിവക്ഷേത്രങ്ങളിലും മറ്റും കാളക്കൂറ്റന്മാരെ നടക്കിരുത്തുന്നതും വളർത്തുന്നതും കാണാറുണ്ട്. ചില ക്ഷേത്രങ്ങളിൽ പഞ്ചഗവ്യം ഒരു പ്രധാനവഴിപാടും ആണ്. അതേപോലെ ഓണത്തിനും മറ്റും പണ്ട് പശുക്കൾക്ക് സദ്യനൽകാറും ഉണ്ടായിരുന്നു. എങ്കിലും വടക്കേ ഇന്ത്യയിലെപ്പോലെ പൊതുവഴിയിലൂടെ പശുക്കളും കാളകളും സ്വതന്ത്രമായി നടക്കുന്നതും അവയെ നാട്ടുകാർ തൊട്ടുവന്ദിക്കുന്നതും ഒന്നും ഇവിടെ കാണാൻ കിട്ടില്ല. പുതിയ രാഷ്ട്രീയ കാലാവസ്ഥയിൽ ഗോപൂജയിൽ താല്പര്യമുള്ളവർ വർദ്ധിച്ചിട്ടുണ്ട് എന്നുള്ളത് ശരിതന്നെ.

70കളിൽ ഭൂപരിഷ്കരണ നിയമം പ്രാബല്യത്തിൽ വന്നതിനുശേഷം മലയാള ബ്രാഹ്മണരിൽ മിക്ക കുടുംബങ്ങളും അങ്ങേയറ്റം നാലോ അഞ്ചോ ഏക്കറിന്റെ മാത്രം ഭൂദേവന്മാരായി കഴിഞ്ഞിരിക്കുന്നു. അന്ന് കുടുംബകാര്യങ്ങളും കൃഷികാര്യങ്ങളും ഒരുമിച്ചു കൊണ്ടുപോകാൻ മിക്ക കുടുംബങ്ങളിലും ഒന്നോ രണ്ടോ പശുക്കളെ വളർത്തിയിരുന്നു. പാൽ, പാലുല്പന്നങ്ങൾ, ചാണകം തുടങ്ങിയ എല്ലാം വിപണനം നടത്തുന്നത് കുടുംബങ്ങൾക്ക് ഒരു ധനാഗമന മാർഗ്ഗവും ആയിരുന്നു. പശുക്കൾ വർഷാവർഷം പ്രസവിക്കുകയും, പുതിയ തലമുറ തൊഴുത്തിലേക്ക് വരികയും ചെയ്തിരുന്നു.

പശുക്കിടാവുകളെ കഴിയുന്നിടത്തോളം വീട്ടിൽ നിർത്തുമ്പോളും, കാളക്കിടാവു(മൂരിക്കുട്ടൻ എന്ന് നമ്മുടെ നാട്ടിൽ പറയും)കളെ നാം വിൽക്കാറായിരുന്നു പതിവ്. പെരുന്നാളും മറ്റും ആവുമ്പോൾ കച്ചവടക്കാർ(പ്രത്യേകിച്ചും മുസ്ലീമുകൾ) ഇവയെ നല്ല വിലയ്ക്കു വാങ്ങിയിരുന്നു. ഇന്നത്തെപ്പോലെ ധാരാളം ധനാഗമന മാർഗങ്ങൾ ഇല്ലാതിരുന്ന 80കളിലും 90കളിലും വീട്ടിൽ പുതിയ സോഫ, കട്ടിൽ, ഫ്രിഡ്ജ് ഒക്കെ വാങ്ങിയിരുന്നത് ഇങ്ങനെ കിട്ടുന്ന പണം കൊണ്ടായിരുന്നു എന്ന് ഊഹിക്കുന്നതിൽ തെറ്റില്ല. പണം സമ്പാദിക്കാനുള്ള ഒരു ക്രയവിക്രയവസ്തു ആയിട്ടാണ് പശുവിനെ നാം കണ്ടിരുന്നത്.

കാലം കുറേ കടന്നു പോയി. മലയാള ബ്രാഹ്മണരുടെ ഇടയിൽത്തന്നെ പശുവിനെ വളർത്തി കാലക്ഷേപം കഴിക്കുന്നവരുടെ എണ്ണം നന്നേ കുറഞ്ഞു. എങ്കിലും ഇതുകൊണ്ട് ജീവിക്കുന്നവർക്ക് ഇപ്പോളും മേൽപറഞ്ഞതു തന്നെയാണ് അവസ്ഥ. അവരെ സംബന്ധിച്ചിടത്തോളം കറവ വറ്റാത്ത പശുക്കൾ മാത്രം തൊഴുത്തിൽ ഉണ്ടാവുക എന്നത് അത്യാവശ്യം തന്നെയാണ്. വടക്കേ ഇന്ത്യയിലേപ്പോലെ പൊതുനിരത്തിൽ ഇവയെ അഴിച്ചുവിടാൻ ഇവിടെ സാധിക്കില്ല. അവയെ ഒഴിവാക്കാനും, അല്പസ്വല്പം സമ്പാദിക്കാനും ഇവയെ വരുന്ന കച്ചവടക്കാർക്ക് വിറ്റേ മതിയാവൂ. ഇതിനെ ഒരിക്കലും ധർമ്മവിരുദ്ധം എന്ന് പറയാൻ കഴിയില്ല.

ഓരോ നാട്ടിലും ഉള്ള സാഹചര്യങ്ങൾക്ക് അനുസരിച്ച് വിശ്വാസ പ്രമാണങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശ്വാസവും സാമ്പത്തികവും തമ്മിൽ വിരുദ്ധ ചേരിയിൽ നിൽക്കുന്ന ചില സാഹചര്യങ്ങൾ ഉണ്ട്. ഒരു സാധാരണ മനുഷ്യന് ഇതിൽ ഒന്നു തിരഞ്ഞെടുക്കേണ്ടി വരുന്ന അവസ്ഥ. വിശ്വാസങ്ങൾ ഒരുവനെ ദാരിദ്ര്യത്തിലേക്ക് തള്ളിവിട്ടാൽ അത്തരം വിശ്വാസങ്ങൾകൊണ്ട് എന്ത് പ്രയോജനം.

നമ്മുടെ സാഹചര്യങ്ങൾ പോലെതന്നെയാണ് വടക്കേ ഇന്ത്യൻ കർഷകരും കടന്നുപോവുന്നത്. കറവ വറ്റിയ പശുക്കളേയും കാളകളേയും സംരക്ഷിക്കാൻ ഇന്ന് സർക്കാർ തലത്തിൽ ചില സംരംഭങ്ങൾ ഉണ്ടായിരിക്കാം. എങ്കിലും അവയെ പോകേണ്ട ചിലവ് ഈ കർഷകൻ തന്നെ വഹിക്കേണ്ടിവരും.

ഇവയെ പൊതുവഴിയിൽ അഴിച്ചുവിട്ടാൽ ഇവ വിളകൾ നശിപ്പിക്കുകയും ചെയ്യും. ജീവിതമാർഗ്ഗം അടയുകയല്ലേ ചെയ്യുന്നത്. അതാണ് ഇപ്പോൾ വടക്കേ ഇന്ത്യയിൽ കർഷകരുടെ ഇടയിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഈ ബാധ്യതകൾ ഒരാൾ പണം നൽകി ഏറ്റെടുക്കാൻ തയ്യാറാവുകയാണെങ്കിൽ, അവർ പെരുന്നാൾ ആഘോഷിക്കാൻ വേണ്ടി ആയിക്കൊള്ളട്ടെ, കർഷകർക്ക് അവയെ കൊടുക്കാൻ സാധിക്കേണ്ടതല്ലേ.

ഈ ലേഖനത്തിന്റെ തുടക്കത്തിൽ പറഞ്ഞിരുന്നു, നമുക്കു പരിചിതമല്ലാത്ത ഗോപൂജ പോലെയുള്ള ആചാരങ്ങൾ കേരളത്തിലും പലരും ഏറ്റെടുത്തു തുടങ്ങി എന്ന്. വിശ്വാസപ്രമാണങ്ങൾ, സാമ്പത്തിക സ്രോതസ്സിന്റെ ഉറവ അടക്കുന്നവ ആകരുത്. പല പല ജോലികൾ ചെയ്ത് കഷ്ടപ്പെട്ടാണ് പലരും ജീവിതം മുന്നോട്ടുനീക്കുന്നത്. അവരുടെ ജീവിതത്തിന് വിഘാതം നിൽക്കുന്നവ ആകരുത് നമ്മുടെ ആചാരങ്ങളും ശീലങ്ങളും.

വടക്കേ ഇന്ത്യയിലെ പല വിശ്വാസപ്രമാണങ്ങളും ആചാരങ്ങളും ഇങ്ങ് കേരളത്തിലും നാം ഏറ്റെടുക്കുന്നതായി കാണുന്നു. ഇതിലെ അപകടം മുൻകൂട്ടി കണ്ടതാണ് ഈ ലേഖനത്തിന്റെ പ്രചോദനം. ഇന്നും ക്ഷേത്രങ്ങളുടെ പൂജകളിലും ആചാരങ്ങളിലും ഉള്ള നിയന്ത്രണം ബ്രാഹ്മണരുടെ കൈകളിൽ ആയതിനാൽ, ജനങ്ങളുടെ ഇടയിൽ അഭിപ്രായ സമന്വയം ഉണ്ടാക്കാൻ നമുക്കു കഴിയും. ഗാന്ധിജി ഭരണകർത്താക്കളോട് പറഞ്ഞ ഒരു അഭിപ്രായം ഉണ്ട്. നിങ്ങൾ ഓരോ തീരുമാനങ്ങൾ എടുക്കുമ്പോഴും ഇത് ബാധിക്കുന്ന ഏറ്റവും പാവപ്പെട്ടവന്റെ മുഖം നിങ്ങളുടെ മനസ്സിൽ ഉണ്ടാവണം എന്നാണ് അത്. ഇതേ കാര്യങ്ങളാണ് നമ്മുടെ ബ്രാഹ്മണശ്രേഷ്ഠരോടും പറയാനുള്ളത്. വിശ്വാസത്തിലും ആചാരത്തിലും നിങ്ങൾ അഭിപ്രായം പറയുമ്പോൾ, പുതിയ വഴികൾ ഇറക്കുമ്പോൾ, ഇതുകൊണ്ട് സാധാരണക്കാരന്റെ കുടുംബത്തിൽ ഉണ്ടാവുന്ന സാമ്പത്തിക ആഘാതം നിങ്ങളുടെ മനസ്സിൽ ഉണ്ടാവണം.

## വേളിയാലോചന

HOROSCOPE

| | | | |
|---|---|---|---|
| മ | | | |
| ശി | സ്ത്രീജാതകം | | |
| ച ഗു | | | സ |
| ല | കു ശു | മാ | ര ബു |

**സ്ത്രീജാതകം**

ജനനം : 11 – 10 – 1997. (12.59 pm.)
നക്ഷത്രം : തിരുവോണം
ശിഷ്ട ദശ : ശനി 04 – 08 – 25
Qualification : M Com
Job : CO-Operative Society Trainee
Height. : 166 cm.
Ph.94479 66845, 94957 35788

HOROSCOPE

| | | | |
|---|---|---|---|
| | | | കു ശി |
| | പുരുഷജാതകം | | |
| മ | | | ര ബു ഗു |
| ല ച സ | | | ശു മാ |

**പുരുഷജാതകം**

ജനനം : 05 – 09 – 1992. (1.42 pm.)
നക്ഷത്രം : മൂലം
ശിഷ്ട ദശ : ഗുരു 04 – 02 – 24
Qualification : B Tech
Job : Sales Officer
Height. : 170
Ph.: 94474 62757, 94002 24878

HOROSCOPE

| | | | |
|---|---|---|---|
| മ | | | ര |
| ശി | സ്ത്രീജാതകം | | ബു ശു |
| ഗു | | | ച സ |
| ല | | മാ | കു |

**സ്ത്രീജാതകം**

ജനനം : 08 – 07 – 1997. (5.30 pm.)
നക്ഷത്രം : മകം
Qualification : MSc Mathematics
Job : Teacher
Height. : 159 cm
Ph.95629 21220, 85474 44415

HOROSCOPE

| | | | |
|---|---|---|---|
| മ | ല മാ | | |
| ശി | സ്ത്രീജാതകം | | |
| ഗു | | | ച ര ബു സ |
| | | കു | ശു |

**സ്ത്രീജാതകം**

ജനനം : 31 – 08 – 1997 (10.40 pm)
നക്ഷത്രം : മകം
ശിഷ്ട ദശ : ശിഖി 06 – 08 – 06
Qualification : M Com, Bcom Tax, Bcom Co-Operation
Profession : Asst. Professor
Height. : 170 cm.
Ph.9961586056



കടപ്പൂർ മുരിയമംഗലത്ത് ഇല്ലത്ത് ബ്രഹ്മശ്രീ മധുവിന്റേയും ശ്രീമതി വൃന്ദയുടേയും പുത്രൻ അരവിന്ദ് ശർമ്മയുടെ ഉപനയനത്തോടനുബന്ധിച്ച് ഹവിസ്സിലേക്കുള്ള സംഭാവനയും ശാഖയിലേക്കുള്ള അടിയന്തിര സംഭാവനയും ശാഖാ ഹവിസ്സ് കോ-ഓർഡിനേറ്റർ സ്വീകരിക്കുന്നു

കവിത

# മലയാള ബ്രാഹ്മണ സമാജം സ്ഥാപിത ദിനം

പി. എൻ. നാരായണൻ നമ്പൂതിരി
പുതുമന ഇല്ലം, കുറിച്ചി .

മലയാളത്തിന്നഭിമാനമതാം
ബ്രാഹ്മണ സമാജ മുണരുന്നു !
ഉയരങ്ങളിലായെത്തീടുന്നു
ഉത്സാഹിതരാം വിപ്രന്മാർ !
ബ്രാഹ്മണ സമാജമുയരട്ടെ !

ചരിത്രമിന്നും ഇതിഹാസമതായി
ചരിച്ചിടുന്നു ജ്വലിച്ചിടുന്നു !
ഉണരട്ടങ്ങനെയുയരട്ടെ !
അംബരമോളം ഉയരട്ടെ !
ബ്രാഹ്മണ സമാജ മുയരട്ടെ !

സ്ഥാപിതമായൊരു വിപ്രസമാജം
സ്ഥാപിതമാകിയ പുണ്യ ദിനം !
മാർച്ചിൽ സപ്തമിയായ ദിനത്തിൽ
വാർഷികമിന്നുനടത്തുന്നു !
സ്ഥാപിത വാർഷികമായ ദിനം !

ആയിരമങ്ങുമൊരൊൻപതു മൂന്നും
നാലും ചേർന്നൊരു മാർച്ചു വരും !
ഏഴാകുംദിനമാകും ദിനമിതു
വാഴ്ത്തീടാം നാം പുണ്യ ദിനം !
ബ്രാഹ്മണ സമാജ ജന്മദിനം !

നാഗമംഗലമതാകിയൊരില്ലം
നാഥൻ താനുംനാരായണനും !
ബ്രാഹ്മണ സമാജക്കൂട്ടായ്മയിലെ
പ്രഥമാദ്ധ്യക്ഷ പദത്തിലതും !
ബ്രാഹ്മണ സമാജ നായകനും !

കാര്യക്കാരൻ കാര്യദർശിയോ
പിരളിയിൽ വാഴും മുത്തച്ഛൻ !
പരമേശ്വരനാം വിപ്രൻ താനും
പാരാതങ്ങു വിളങ്ങി മുദാ !
ബ്രാഹ്മണ സമാജ നാഥൻ താൻ !

സംഘങ്ങളുമായി നീങ്ങും സമാജം
മന്ദത ഭാവം വന്നല്ലോ !
സംഘം മെല്ലെ മങ്ങിയതായും
തോന്നലുമങ്ങിനെ വന്നല്ലോ!
സമാജ ഗമനം താമസമായ് !

അങ്ങിനെ കാലം മാറി മറിഞ്ഞു !
തിങ്ങി നിറഞ്ഞിതു തലമുറകൾ !
രൂപം മാറി ഭാവം മാറി !
വേഷം മാറി സമാജവും !
ഭാവം വേറേ വന്നല്ലോ !

കേരം തിങ്ങും കേരള നാട്ടിൽ
കേന്ദ്രമതാകിയവിപ്ര കുലം !
പഴമക്കാരും പുതുമക്കാരും
കോഴയൊഴിഞ്ഞു രമിയ്ക്കുന്നു !
സമാജ മങ്ങനുണർന്നുല്ലോ !

തിരുനക്കരയുടെ തിലകക്കുറിയായ്
തിരുവാഭരണം ചാർത്തിയതാം !
വിപ്രന്മാർതൻ പുണ്യ ഗൃഹം
വിസ്മയമോടു ലസിയ്ക്കുന്നു !
തിരുനക്കരയിൽ തറവാടും !

*** ***

ജയ ! ജയ ! ശങ്കര പൂജിത ഗുരവേ
ജയ! ജയ ! ഭാഗ്യവിധാതാ !
ജനകോടി വിപ്രജനവന്ദിത ഗുരവേ !
ശങ്കര ഗുരു വര വന്ദ്യാ...!
പരമ പവിത്രമതാകും സംഘം
ഉണരുകയുണരുക വേഗാൽ !
ഉണരുകയുയരുക സമാജം !
ഉണർന്നെണീയ്ക്കുക സതതം !
സർവ്വ ജയം മമ വരണം !
ജയ ! ജയ ! ശങ്കര പൂജിത പാദം
പൂജിയ്ക്കാം നാം വേഗാൽ !
ജയ ഹേ...! ജയ ഹേ...! ജയ ഹേ...!
ജയ ! ജയ ! ജയ ! ജയ ഹേ...!

## മോചനമില്ല

വിയർക്കാതെ വിശപ്പില്ലന
നയാതെ വെളുക്കില്ല
കരിയാണ് തിരിയിലെങ്കിൽ
വെളിച്ചമില്ല

വിതയ്ക്കാതെ മുളയ്ക്കില്ല
നടക്കാതെ എത്തുകില്ല
മടിയാണ് കൈയ്യിലെങ്കിൽ
വിജയമില്ല

വീഴാതെ വാഴുകില്ല
പഴുക്കാതെ സ്വാദില്ല
വിഴുപ്പാണ് തലയിലെങ്കിൽ
സ്വപ്നങ്ങളില്ല

ഒഴുകാതൊന്നുമൊഴിയില്ല
കരകാണാൻ കഴിയില്ല
കെട്ടുപാട് കൂടുന്തോറും
മോചനമില്ല

സെൻ

## മാറ്റൊലി

ഏതൊരു പ്രസിദ്ധീകരണത്തിന്റെയും ഉൾക്കാമ്പാണ് പത്രാധിപക്കുറിപ്പ്. ബ്രഹ്മശ്രീ ജനുവരി - ഫെബ്രുവരി ലക്കത്തിലെ പത്രാധിപക്കുറിപ്പാണ് ഈ കത്തിനാധാരം. ഇന്നത്തെ ജീവിത സാഹചര്യങ്ങളെ ആഴത്തിൽ പഠിച്ച ഒന്നായിരുന്നു പത്രാധിപരുടെ അഭിപ്രായങ്ങൾ. എല്ലാ മേഖലകളെയും സൂക്ഷ്മമായി നിരീക്ഷിച്ച ആ നിരീക്ഷണ പാടവത്തിനു മുന്നിൽ പ്രണമിക്കുന്നു. ബ്രഹ്മശ്രീക്കും പിന്നണി പ്രവർത്തകർക്കും എല്ലാ ഭാവുകങ്ങളും ആശംസിക്കുന്നു.

കെ . വി . നാരായണൻ
നമ്പൂതിരി
കാരടിയിൽ ഇല്ലം
മണിമല
9747176980

# വ്രജഭൂമിയിലൂടെ

വി.എൻ.ദിവാകരൻ,
വെള്ളിയേപ്പള്ളിൽ ഇല്ലം, ആണ്ടൂർ
9447809686

**മഥുര, വ്രജവാസികളുടെ രാജധാനി**

ലോകമെങ്ങും ഹൈന്ദവ വിശ്വാസികളുടെ ആരാധനാ മൂർത്തിയായ ശ്രീകൃഷ്ണന് ജന്മം നൽകിയ മഥുരാനഗരിയിൽ ഏതാനും വർഷങ്ങൾക്ക് മുൻപ് തന്നെ സന്ദർശനം നടത്താൻ എനിക്ക് അവസരം ലഭിച്ചിരുന്നു. എന്നാൽ വൃന്ദാവനം ഉൾപ്പടുന്ന വ്രജഭൂമി മുഴുവൻ സന്ദർശിക്കണമെന്ന അന്നു മുതലുള്ള ആഗഹം സാധിതമാക്കുവാൻ സഹായത്തിനെത്തിയത് തൃപ്പൂണിത്തുറയിലെ ഭാഗവതാചാര്യ ചന്ദ്രികടീച്ചർ നേതൃത്ത്വം നൽകുന്ന ശ്രീ പരമേശ്വരം ഭാഗവതം ഗ്രൂപ്പും തിരുവനന്തപുരം ഇസ്കോൺ നടത്തുന്ന തീർത്ഥയാത്രാ പാക്കേജും വഴിയായിരുന്നു. കൊച്ചിയിൽ നിന്ന് ഡൽഹി വരെ വിമാനത്തിൽ ഉണ്ടായി രുന്ന ഭാഗവതം ഗ്രൂപ്പിലെ ഞങ്ങൾ 18 പേരെ കൂടാതെ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 100 ഓളം മലയാളികളും ഡൽഹിയിൽനിന്ന് ഞങ്ങളുടെ യാത്രയിൽ ഉടനീളം ഉണ്ടായിരുന്നു. You Tube ലൂടെ ആദ്ധ്യാത്മിക പ്രഭാഷണങ്ങൾ നടത്തി പ്രസിദ്ധനായ ജഗത് സാക്ഷി ദാസ് പ്രഭുജി (Iscon Thiruvananthapuram) ഈ യാത്രയിൽ ഞങ്ങളോടൊപ്പം ഉണ്ടായിരുന്നതിനാൽ അദ്ദേഹത്തിന്റെ സത്സംഗവും ക്ഷേത്ര മാഹാത്മ്യ വിവരണവും എല്ലാവർക്കും ഈ യാത്ര ഒരു വ്യത്യസ്ഥ അനുഭവമാക്കിത്തീ ർക്കാൻ സഹായിച്ചു. ഉത്തരേന്ത്യയിൽ സന്ദർശനം നടത്താൻ യോജിച്ച സമയമായ മാർച്ച് മാസത്തിലെ 5-ാം തീയതി മുതൽ ഒരാഴ്ച്ചയായിരുന്നു സഹധർമ്മിണിയോടൊപ്പം എന്റെ യാത്ര എന്നതിനാൽ തീഷ്ണമായ തണുപ്പോ ചൂടോ ഞങ്ങളെ അലട്ടിയില്ല. ഇത്തരം യാത്രകൾ സംഘടിപ്പിക്കുന്നതിൽ ISKON പരിചയസമ്പന്നരായിരുന്നതിനാൽതാമസവും ഭക്ഷണവും ആർക്കും പരാതിക്കിട നൽകിയതുമില്ല.

ഡൽഹിയിൽ നിന്ന് വൃന്ദാവനം വരെയുള്ള 150 കി.മി. ബസ് യാത്രയിൽ ഡൽഹി - ആഗ്ര എക്സ്പ്രസ് ഹൈവേ ഒഴിച്ചുള്ള ഭാഗങ്ങളിൽ റോഡിന്റെ സ്ഥിതി മോശമായിരുന്നു. 5 മണിക്കൂർ നീണ്ട ബസ്സ് യാത്ര എല്ലാവരേയും ക്ഷീണിതരാക്കിയിരുന്നു. അന്ന് വൃന്ദാവനത്തിലെ 'കൃഷ്ണാവാലി' ഹോട്ടലിൽ ഞങ്ങൾ എല്ലാവരും താമസം തുടങ്ങുകയും അടുത്ത ദിവസം മുതൽ വ്രജത്തിലെ പര്യടനം ആരംഭിക്കുകയും ചെയ്തു.

**ശ്രീകൃഷ്ണ ജന്മസ്ഥാനം**

യദുകുല രാജാവായിരുന്ന ശൂരസേനന്റെ മഥുരയിലെ കൊട്ടാരത്തിന്റെ ഭാഗമായ കാരാഗൃഹത്തിലായിരുന്നല്ലോ ശ്രീകൃഷ്ണൻ പിറവിയെടുത്തത്. അവിടേയ്കായിരുന്നു ഞങ്ങളുടെ ആദ്യ സന്ദർശനം. രാവിലെ ഭാഗവത പാരായണം, നാമജപം, ഭക്ഷണം ഇവയ്കുശേഷം 9 മണിയോടെ ഞങ്ങൾക്കായി ഹോട്ടലിനടുത്ത് കിടന്നിരുന്ന 3 ബസ്സുകളിലായാണ് അവിടേക്ക് തിരിച്ചത്. അഞ്ചു വർഷങ്ങൾക്ക് മുൻപ് ഉണ്ടായിരുന്നതിനേക്കാൾ കനത്ത സുരക്ഷാ നടപടികളാണ് ഇപ്പോൾ ഇവിടെ ഏർപ്പെടുത്തിയിരിക്കുന്നത്. ക്യാമറ, സ്മാർട്ട് ഫോൺ തുടങ്ങിയവയൊന്നും ഉള്ളിലേക്ക് കൊണ്ടു പോകുവാൻ അനുവാദമില്ല. ഹോളി പ്രമാണിച്ചുള്ള അവധി തുടങ്ങിയിരുന്നതിനാൽ ക്ഷേത്രങ്ങളിൽസാമാന്യം തിരക്കുണ്ടായിരുന്നു. ശ്രീകൃഷ്ണന്റെ പൗത്രനായ അനിരുദ്ധന്റെ മകൻ വജ്രനാഭ മഹാരാജാവാണ് വ്രജത്തിലെ മറ്റ് അയ്യായിരത്തോളം ക്ഷേത്രങ്ങൾക്കൊപ്പം ഏതാണ്ട് 5000 വർഷം മുൻപ് ഇവിടെയും ക്ഷേത്രം നിർമ്മിച്ചത് എന്ന് പറയപ്പെടുന്നു. മഥുരയിലെ മധുവൻ എന്ന സ്ഥലത്തുള്ള ഈ കൊട്ടാരത്തിന്റെ ഏതാണ്ട് പകുതിയോളം ഭാഗം മുഗൾ ഭരണാധികാരിയായിരുന്ന ഔറംഗസീബ് തകർക്കുകയും അവിടെ പള്ളി പണിയുകയുമാണുണ്ടായത്.

എന്നാൽ ഔറംഗസീബ് കാരാഗൃഹ ത്തിന്റെ ഭാഗങ്ങൾ തകർക്കുവാൻ നിയോ ഗിച്ച ജോലിക്കാർക്ക് ഉള്ളിൽ നിന്ന് ഉയർന്ന അതികഠോരമായ ഒച്ചകളെ തുടർന്ന് ജോലി നിർത്തി വയ്കേണ്ടി വന്നതായി പറയപ്പെടുന്നു.

പിന്നീട് 1951ൽ പണ്ഡിറ്റ് മദൻ മോഹൻ മാളവ്യയുടെ നേതൃത്വത്തിൽ അവിടം വീണ്ടെടുത്ത് ശ്രീകൃഷ്ണ ജന്മ സ്ഥാനമായി സംരക്ഷിക്കുകയുണമാണിപ്പോൾ ചെയ്തിരിക്കുന്നത്. ഔറംഗസീബ് പണിത മുസ്ളിം പള്ളിയിൽ 1991 മുതൽ പുരോഹിതന്മാരൊഴിച്ച് സാധാരണ മുസ്ളിംങ്ങൾക്ക് പ്രവേശനമില്ല. ശ്രീകൃഷ്ണ ജന്മസ്ഥാനത്തെ മുഖ്യ ക്ഷേത്രങ്ങൾ ഇവയാണ്:

### കേശവ്ദേവ് മന്ദിർ

ശ്രീകൃഷ്ണൻ ജന്മമെടുത്തത് തന്നെ ചതുർഭുജങ്ങളോടും ശംഖചക്രഗദാപത്മധാരിയുമായിട്ടയിരുന്നല്ലോ. എന്നാൽ തന്റെ സഹോദരൻ കംസൻ ഇതറിഞ്ഞാലുണ്ടാവുന്ന ഭവിഷ്യത്ത് മനസ്സിലാക്കിയ ദേവകി ഭഗവാനോട് സാധാരണ ശിശുരൂപത്തിലേക്ക് മാറാൻ അപേക്ഷിക്കുകയും അദ്ദേഹം അത് മാനിക്കുകയുമാണല്ലോ ഉണ്ടായത്. ഇതിനെ അനുസ്മരിപ്പിക്കുന്ന ചതുർഭുജനായ മഹാവിഷ്ണുവാണ് ഇവിടുത്തെ പ്രതിഷ്ഠ. 1958ൽ R K ഡാൽമിയയാണ് ഈ ക്ഷേത്രം പണിത് സമർപ്പിച്ചത്.

### ഗർഭ ഗൃഹം (കാരാഗൃഹം)

ശ്രീകൃഷ്ണൻ ജനിച്ച കാരാഗൃഹത്തിലെ മുറിയാണിത്. ഇവിടേക്കുള്ള ഇടുങ്ങിയ ഇടനാഴിയുടെ വശങ്ങളിൽ ശ്രീകൃഷ്ണന്റെ ജന്മവും വസുദേവർ കൃഷ്ണനെ ഗോകുലത്തിലാക്കുന്നവയുൾപ്പെടെയുള്ള നിരവധി പെയിന്റിംഗുകളാൽ നിറഞ്ഞിരിക്കുന്നു. ഇതിനുള്ളിൽ ശ്രീകൃഷ്ണ പ്രതിഷ്ഠ കൂടാതെ യോഗമായയെയും പ്രതിഷ്ഠിച്ചിട്ടുണ്ട്.

### ഭാഗവത ഭവനം

1965ൽ ബിർള സമർപ്പിച്ച മനോഹരമായ ഈ ക്ഷേത്രത്തിൽ പ്രധാന പ്രതിഷ്ഠ രാധാകൃഷ്ണന്മാരുടേതാണ്. കൃഷ്ണനോടൊപ്പം രാധയുടെ പ്രതിഷ്ഠ വ്രജഭൂമിയുടെ മാത്രം പ്രത്യേകതയാണ്. രാധയെ വ്രജവാസികൾ ലക്ഷ്മീദേവിയുടെ അവതാരമായ രാധാറാണിയായിട്ടിണ് സങ്കല്പ്പിക്കുന്നത്. രാധാറാണിക്കുവേണ്ടി മാത്രം വ്രജത്തിൽ നിർമ്മിച്ചിരിക്കുന്ന ക്ഷേത്രങ്ങൾ തുടർന്നുള്ള ഭാഗങ്ങളിൽ വിവരിക്കാം.

രാധാകൃഷ്ണ ന്മാരുടെ ഇടതു വശത്തുള്ള ശ്രീകോവിലിൽ സീതാരാമ പ്രതിഷ്ഠയാണ്. വലതുവശത്ത് ശ്രീകോവിലിൽ സുഭദ്രയോടും ബലരാമ നോടും നില കൊള്ളുന്ന ജഗന്നാഥൻ പുരിയിലെ ജഗന്നാഥ ക്ഷേത്രത്തെ അനുസ്മരി പ്പിക്കുന്നു. ഇവിടെ ഇതു കൂടാതെ ശിവന്റെയും ദുർഗ്ഗയുടേയും ഹനുമാന്റെയും ശ്രീകോവിലുകളുണ്ട്. ക്ഷേത്രത്തിന്റെ സീലിംഗിൽ ശ്രീകൃഷ്ണന്റെ ബാലലീലകൾ വളരെ സുന്ദരമായി ചിത്രീകരിച്ചിരിക്കുന്നു. വിശാലമായ ഉൾഭാഗമുള്ള ഈ ക്ഷേത്രത്തിനകത്ത് നിരവധി ഭക്തന്മാർ ഭജനഗീതങ്ങൾ പാടുകയും വിശ്രമിക്കുകയും ചെയ്യുന്നുണ്ടായിരുന്നു.

### പവിത്ര കുണ്ഡ്

ശ്രീകൃഷ്ണ ജന്മസ്ഥാനത്തിന് തെക്കു കിഴക്കായി കാണപ്പെടുന്ന ഈ തീർത്ഥക്കുളത്തിലാണ് കൃഷ്ണനെ ജനിച്ച ഉടനെ ആദ്യമായി കുളിപ്പിച്ചതെന്ന് പറയപ്പെടുന്നു.

### വ്രജ ഭൂമി

പുരാണങ്ങളിൽ കാളിന്ദി എന്ന് അറിയപ്പെട്ടിരുന്ന യമുനയുടെ ഇരുകരകളിലുമായി ഏതാണ്ട് 4000 ച. കി. മി. വിസ്തീർണ്ണമുള്ള ഭൂപ്രദേശമാണ് ശ്രീകൃഷ്ണന്റെ ഏതാണ്ട് 12 വർഷത്തെ ബാലലീലകളുടെ കഥകൾ പറയുന്ന വ്രജഭൂമിയായി അറിയപ്പെടുന്നത്. ഇവിടെ യമുന വടക്കുനിന്ന് തെക്കോട്ടാണ് ഒഴുകുന്നത്.

യമുനയുടെ കിഴക്കേക്കരയിൽ ബലരാമന്റെ അധീനതയിലുള്ള 5000 വും പടിഞ്ഞാറെക്കരയിൽ ശ്രീകൃഷ്ണന്റെ അധീനതയിൽ 7000 ക്ഷേത്രങ്ങളും ഉണ്ടായിരുന്നതായി പുരാണങ്ങൾ പറയുന്നു. പിന്നീടത് 5000 ആയി ചുരു ങ്ങുകയും മുഗൾ ഭരണകാലത്ത് ഒട്ടേറെ ക്ഷേത്രങ്ങൾ തകർക്കപ്പെടുകയും ചെയ്തു. ഇപ്പോഴും നിരവധി ക്ഷേത്രങ്ങൾ വ്രജത്തിൽ ഉണ്ടെ ങ്കിലും സമയപരിമിതി മൂലം വളരെ പ്രധാന പ്പെട്ട ക്ഷേത്രങ്ങൾ മാത്രമാണ് ഇവിടെയെത്തുന്നവർക്ക് സന്ദർശിക്കാനാവുക. അനിരുദ്ധപുത്രനായ വജ്രനാഭമഹാരാജാവ് അന്ന് ജീവിച്ചിരിക്കുന്ന കുരുവംശജരിൽ ശ്രീകൃഷ്ണനെ നേരിൽ കണ്ടിട്ടുള്ള ഏക വ്യക്തിയായ ഉത്തരയിൽ നിന്ന് ശ്രീകൃഷ്ണന്റെ



എന്നുള്ളിലുള്ളൊരു താപമെല്ലാം കൃഷ്ണാ
എന്നുണ്ണികൃഷ്ണാ ശമിപ്പിക്കണേ

രൂപഭാവങ്ങൾ ചോദിച്ചറിഞ്ഞാണ് ഈ ക്ഷേത്രങ്ങളിലെ പ്രതിഷ്ഠകൾ നടത്തിയത് എന്ന് പറയപ്പെടുന്നു.

**ത്രിമൂർത്തികളുടെ ഇരിപ്പിടം**

വ്രജഭൂമിയിൽ ഭൂമി പൊതുവെ നിരപ്പാണെങ്കിലും മൂന്ന് ചെറിയ പർവതങ്ങൾ ഉള്ളത് ത്രിമൂർത്തികളായ ബ്രഹ്മാ വിഷ്ണു മഹേശന്മാരുടെ ഇരിപ്പിടമായി അറിയപ്പെടുന്നു. ഇതിൽ പ്രധാനം വൈഷ്ണവ ചൈതന്യം നിറഞ്ഞു നിൽക്കുന്ന ഗോവർദ്ധനം തന്നെ. നന്ദഗാവ് എന്ന പർവ്വതം ശിവന്റെ അധീനതയിലാണെങ്കിലും മലമുകളിലുള്ള ക്ഷേത്രം നന്ദഗോപരുടേതാണ്. ശിവനെയും ഇവിടെ ആരാധിക്കുന്നു. 150 ഓളം പടികൾ കയറേണ്ട ഈ ക്ഷേത്രത്തിൽ ഹോളി സമയത്ത് പുരുഷന്മാരും ഹിജഡകളും സുന്ദരി വേഷത്തിൽ നൃത്തം ചവിട്ടുന്നത് കാണാം. മൂന്നാമത്തെ പർവ്വതം രാധ തന്റെ ചെറുപ്പകാലം കഴിച്ചുകൂട്ടിയ ബർസാന എന്ന സ്ഥലത്താണ്. ഈ പർവ്വതം ബ്രഹ്മാവിന്റെ ഇരിപ്പിടമായി അറിയപ്പെടുന്നു. 350 ഓളം പടികൾ കയറുമ്പോൾ രാധാറാണിയുടെ പ്രസിദ്ധമായ ക്ഷേത്രത്തിൽ എത്താം. ബ്രഹ്മാ വിഷ്ണു മഹേശ്വരന്മാർ ഈ മൂന്ന് മലകളിലുമായി ഇരുന്ന് രാധാകൃഷ്ണ ലീലകൾ ആസ്വദിക്കുന്നതായാണ് സങ്കല്പം.

അടുത്ത ലക്കത്തിൽ തുടരും



തൈക്കാട്ടുശ്ശേരി ശാഖ മേച്ചേരിൽ ഇല്ലത്ത് ശ്രീ ഹരീഷിന്റെയും ശ്രീമതി ആദിത്യയുടെയും പുത്രൻ കാശ്യപിന്റെ അന്നപ്രാശനത്തോടനുബന്ധിച്ച് ഹവിസ്സിലേയ്ക്കുള്ള സംഭാവന മേച്ചേരിൽ ഇല്ലത്ത് ശ്രീ M.N നീലകണ്ഠൻ ഇളയത് ശ്രീ M.N. വേണുഗോപാൽ എന്നിവരിൽ നിന്ന് ഹവിസ്സിന്റെ ശാഖാ സംയോജകൻ ഏറ്റുവാങ്ങുന്നു

# സമസ്യാ പൂരണങ്ങൾ

**പെപ്പര പേരമ്മേയതു കേൾക്കാൻ
പീപ്പി വിളിയ്ക്കും ചക്കരമുത്തേ
പെപ്പര കേൾക്കാം ഉത്സവനാളിൽ
പെപ്പര കീക്കീപെപ്പപ പോം പോം**
**ഗിരിജ എൻ. നമ്പൂതിരി,
വടുതലായിൽ ഇല്ലം, കുടക്കച്ചിറ**

**ഉത്ഭവമായോരുത്സവസന്ധ്യ –
യ്ക്കുൾഭ്രമമേകും നാദതരംഗാൽ
പൊൽപ്രഭമിശ്രാഘോഷമുയർന്നു
പെപ്പര കീക്കീ പെപ്പപ പോം പോം'**
**വി എൻ വാസുദേവൻ ഇളയത്,
വാളമറ്റത്തില്ലം, ഇഞ്ചൂർ**

**ആടി വരുന്നേ, പാടി വരുന്നേ,
കിങ്ങിണി കെട്ടീട്ടോടിവരുന്നേ,
കയ്യിലൊരോലപ്പീപ്പിയുമുണ്ടേ
പെപ്പര കീക്കീ പെപ്പപ പോം പോം'**
**ഗീത സി.കെ. , അപർണ്ണ
മൈമ്പിള്ളി ഇല്ലം, തൃശൂർ**

**ഉത്സവമേളോം ചെമ്പടതാളോം
വത്സരമായീ കേൾപ്പതുമില്ലേ
ഇപ്പൊഴൊതുങ്ങീ കോവിഡു , വീണ്ടും
പെപ്പര കീക്കീ പെപ്പപ പോം പോം**
**വി. എൻ. ദിവാകരൻ,
വെള്ളിയെപ്പള്ളിൽ ഇല്ലം, ആണ്ടൂർ**

**നാദരസത്തിൻ താളമുണർന്നു
ചെമ്പട ചെണ്ടക്കോലിലുണർന്നു.
കൊമ്പുകുഴൽക്കാരൊന്നിനു മെച്ചം
പെപ്പര കീക്കീ പെപ്പപ പോം പോം**
**രാജീവ് പി. പാണാട്ടില്ലം, ആലുവ**

**<u>സമസ്യാകാരന്റെ പൂരണം</u>**

**വാഹന വൃന്ദം വന്നു വിലങ്ങീ
പട്ടണമാകെ സ്തംഭനമായീ
സാരഥിമാരോ ശബ്ദമുയർത്തി
പെപ്പര കീക്കീ പെപ്പപ പോം പോം**
**ഹരികുമാർ പി. , പാണാട്ട് ഇല്ലം, കുറിച്ചിത്താനം**

**അടുത്ത സമസ്യ**

**വേണം കരത്തിലൊരു ഫോണെന്ന
വസ്തുവവനാണിന്നു ലോകവിരുതൻ
വൃത്തം: മത്തേഭം
മത്തേഭ സംജ്ഞ മിഹ വൃത്തം ധരിക്ക
തഭയത്തോടു ജംജര നഗം**

ഓടക്കുഴൽ വിളി മേളമോടെ കൃഷ്ണാ
ഓടിവരികെന്റെ ഗോപ ബാലാ

# ചെണ്ടക്കാരാ എന്നോട് വേണോ?

തിരുമേനി കൈതാരം
9446868008

കഥകളിക്കാരിങ്ങിനെയാണ്, ഞാനില്ലെങ്കിൽ കളിയില്ല എന്ന ചിന്താഗതിക്കാർ.

വേഷക്കാരന്റെ മട്ടും ഭാവവും 'ഞാനില്ലെങ്കിൽ എന്തു കഥകളി? പാട്ടുകാരും മേളക്കാരും മാത്രമായാൽ അതു കഥകളിയാണോ? കഥകളിപ്പദ കച്ചേരിയല്ലേ?' എന്നാണ്. അവർക്ക് അതനുസരിച്ചുള്ള ബഹുമാനം കിട്ടണം എന്നു നിർബന്ധമാണ്. കിട്ടിയില്ലെങ്കിൽ ചിലർ അത് പിടിച്ചു വാങ്ങും. പിന്നെ തന്റെ അപ്രമാദിത്വം സ്ഥാപിക്കാനായി ഒരു ടെസ്റ്റ് ഡോസ് എടുക്കും. കളി ബുക്കു ചെയ്യാൻ വരുന്നവർക്ക് ഒരു ലിസ്റ്റ് കൊടുക്കും. പാട്ടിന് ഇന്നയാള് വേണം, ചെണ്ടക്ക് ഇന്നയാൾ, മദ്ദളത്തിന് ഇന്നയാൾ, കൂട്ടുവേഷത്തിന് ഇന്നയാൾ, ചുട്ടിക്ക് ഇന്നയാൾ, പിന്നെ മൂന്നു വശത്തു നിന്നും മുകളിൽ നിന്നും ഉഷാ ഫാനിന്റെ കാറ്റ് (ഫാനിന്റെ ബ്രാൻറ് മാറിയാൽ പോലും കക്ഷി കളി കുട്ടിച്ചോറാക്കും.) ആദ്യ കഥയിലെ ആദ്യാവസാന വേഷം ഇങ്ങിനെ പോകുന്നു ടെസ്റ്റ് ഡോസിന്റെ നമ്പരുകൾ.

ഇനി ഭാഗവതരാണെങ്കിലോ?

'കഥയില്ലാതെ എന്ത് ആട്ടം? എന്ന ചിന്തയാണവർക്ക്,തനിക്ക് ഇഷ്ടമല്ലാത്തവരേയോ തന്നെ മൈൻന്റുചെയ്യാത്തവരേയോ അരങ്ങിൽ കിട്ടിയാൽ അയാൾക്ക് ഒന്നും ആടാൻ അവസരം കൊടുക്കാതെ പദങ്ങൾ എല്ലാം ഓരോ തവണ പാടിയിട്ട് വട്ടം തട്ടി അവസാനിപ്പിച്ചു കളയും. പാവം വേഷക്കാരന് ആട്ടം മതിയാക്കാതെ എന്തു നിവർത്തി ?'

കളി കഴിയുമ്പോൾ കാണികൾ പറയും

''ഏയ്! ആ പുഷ്കരൻ കെട്ടിയവന്റെ കയ്യിൽ ഒരു വഹ''യുമില്ല!ശുംഭൻ അതോടെ ആ വേഷക്കാരന്റെ കളികളുടെ എണ്ണം പകുതിയായി കുറയും.

അടുത്തത് ചെണ്ടക്കാരനും മദ്ദളക്കാരനുമാണ്. അവർക്കും തങ്ങളില്ലെങ്കിൽ എന്തു കളി എന്ന ഭാവമാണ്. അതവർ തങ്ങളുടെ സ്തുതിപാഠകരോട് പറയുകയും ചെയ്യും.

ഉത്ഭവത്തിലെ രാവണനും ചെറിയ നരകാസുരനും ചെണ്ട - മദ്ദളങ്ങളില്ലാതെ ആടിയാലുള്ള അവസ്ഥ ഒന്നാലോചിച്ചു നോക്കൂ. പൊതുവാളാശാൻ മരിച്ചതിൽ പിന്നെ എന്താ രാമൻ കുട്ട്യാശാൻ ഈ രണ്ടു വേഷങ്ങളും ഒഴിവാക്കുന്നത്? അതാ മേളത്തിന്റെ കേമത്തം'

അവർ വീരസ്യം മുഴക്കും. ചുട്ടിക്കാരും പെട്ടിക്കാരും വിട്ടുകൊടുക്കില്ല. കൃഷ്ണൻ നായരാശാനെയും രാമൻകുട്ട്യാശാനെയും നളനും കീചകനുമാക്കുന്നത് തങ്ങളാണെന്നാണ് അവരുടെ അവകാശവാദം.

പണ്ട് ദുശാസനനിൽ നിന്നും സായ്പിനെ രക്ഷിച്ചതിന് പാരിതോഷികം വാങ്ങിയവരുടെ തലമുറയാണെന്ന ഗമയോടെയാണ് തിരശീലക്കാരുടെ നടപ്പ്.

കഥകളിക്കാരുടെ ഇടയിലുള്ള ഈയൊരവസ്ഥയിലാണ് ബദ്ധവൈരികളായ ഒരു പ്രമുഖ നടനും ചെണ്ടക്കാരനും ഒരുമിച്ച് ഒരേ വേദിയിൽ വരുന്നത്. രണ്ടു പേരും കേമന്മാർ .കളി തുടങ്ങി. കാലകേയവധമാണ് കഥ, ദേവലോകം കാലകേയന്മാർ എന്നൊരു കൂട്ടം അസുരന്മർ ആക്രമിക്കുകയും നിവർത്തിയില്ലാതെ, ഭൂമിയിലുള്ള വില്ലാളിവീരനായ തന്റെ മകൻ അർജുനനെ സ്വർഗലോകത്ത് വരുത്തി കാലകേയന്മാരെ തോൽപ്പിക്കാനും ഇന്ദ്രൻ തീരുമാനിച്ചു. കൗരവരുമായി നടന്ന ചൂതുകളിയിൽ തോറ്റ പാണ്ഡവർ വനവാസം നടത്തുന്ന കാമ്യക വനത്തിലേക്ക് ഇന്ദ്രൻ തന്റെ തേരാളിയായ മാതലിയെ അയയ്ക്കുന്നു. വിവരങ്ങൾ പറഞ്ഞ് മാതലി അർജുനനെ ഉടലോടെ സ്വർഗത്തിലെത്തിക്കുന്നു. സ്വർഗത്തിലെത്തിയ അർജുനൻ, ഭൂമിയിൽ പറഞ്ഞു മാത്രം കേട്ടിട്ടുള്ള സ്വർഗ വിസ്മയങ്ങൾ കാണുവാനിറങ്ങി, തുടർന്ന് കഥയുടെ ഏറ്റവും പ്രധാന ഭാഗമാണ് നടന്റെ കഴിവ് മുഴുവൻ പുറത്തെടുക്കേണ്ട സന്ദർഭം. 'സ്വർഗവർണന' നടൻ ആടിത്തുടങ്ങി, സ്വർഗത്തിലെ ഓരോ അത്ഭുതവും കാണികളെ വളരെ തന്മയത്വമായി കാണിച്ചു തരികയാണ്. മേളം മുറുകി. അർജുനൻ സ്വർഗത്തിലെ നൃത്തശാലയിൽ എത്തി. അവിടെ അതാ നിരവധി സംഗീതോപകരണങ്ങൾ അവയോരോന്നും വായിക്കുന്നതായി അഭിനയിച്ചു. (സ്വർഗത്തിൽ ശരിക്കും അർജുനൻ അതൊന്നും പ്രയോഗിക്കുന്നില്ല; വിവിധ സംഗീത ഉപകരണങ്ങൾ കാണുന്നു എന്ന് കാണികളെ ബോദ്ധ്യ പ്പെടുത്തുന്നു എന്നു മാത്രം) അവസാനം വീണയിരിക്കുന്ന സ്ഥലത്തെത്തി.

അതിൽ ഒന്നെടുത്ത് വായിക്കാൻ തുടങ്ങി. പ്രഗത്ഭനായ ചെണ്ടക്കാരൻ വീണാനാദം അതേപടി ചെണ്ടയിൽ പുനർവിന്യസിച്ചു. രണ്ടു പേരും തമ്മിൽ ഉഗ്രൻ മത്സരം, കാണികൾ ആ അപൂർവ നിമിഷങ്ങൾക്ക് സാക്ഷിയായി;



മദമത്സരം ചിന്തിച്ചു ചിന്തിച്ചു
മതികെട്ടു നടക്കുന്നിതു ചിലർ

എന്നാൽ നടൻ വീണാവാദനം നിർത്താനുള്ള ഭാവമില്ല. ചെണ്ടക്കാരനാകെ മുഷിഞ്ഞു.

''ഇയാളെ ഒന്നു കൊച്ചാക്കാൻ പറ്റിയ അവസരം ഇതുതന്നെ'' എന്ന് മനസിൽ ഉറപ്പിച്ചു കൊണ്ട് ചെണ്ടക്കാരൻ ചെണ്ടയുടെ വക്കിൽ ആഞ്ഞൊരടിയടിച്ചു. വീണക്കമ്പി പൊട്ടിയതായി കാണികൾ ഉൾപ്പെടെയുള്ളവർക്ക് ബോദ്ധ്യപ്പെടും വിധമായിരുന്നു ആ പ്രയോഗം. എന്നിട്ട് 'എങ്ങിനെയുണ്ട്'? എന്നർത്ഥത്തിൽ തന്റെ ശിങ്കിടികളുടെ നേരേ നോക്കി വെളുക്കെ ചിരിച്ചു.

കാണികൾ ആർത്തു കൈയ്യടിച്ചു. എന്നാൽ നടനും വിട്ടുകൊടുക്കാൻ തയ്യാറായില്ല. സ്വർഗമല്ലെ, വീണയ്ക്കാണോ ക്ഷാമം? ഇഷ്ടം പോലെയിരിക്കുകയല്ലേ? കമ്പി പൊട്ടിയ വീണ മാറ്റി മറ്റൊരു വീണയെടുത്ത് വായിക്കാൻ തുടങ്ങി, ചെണ്ടക്കാരന് കൂടെക്കൂടാതെ നിവർത്തിയില്ലാതായി. കാണികൾ വീണ്ടും കൈയ്യടിച്ചു. ഇടയ്ക്ക് കാണികളുടെ ശ്രദ്ധയിൽപ്പെടാതെ നടൻ ചെണ്ടക്കാരനെ ഇടംകണ്ണിട്ടു നോക്കി ഒരു കള്ളച്ചിരി പാസാക്കി.

'ചെണ്ടക്കാരാ എന്നോട് വേണോ?' എന്നായിരുന്നു ആ നോട്ടത്തിന്റെ അർത്ഥം

---

# ഒരു യാത്ര പോകണം..

ശ്രീകാന്ത് എം എൻ
മഴുവഞ്ചേരി ഇല്ലം 9447376948

ശാന്തസുന്ദരമായ ഒരു ഗ്രാമം തേടിയുള്ള
യാത്ര ........

വയലുകളും പുഴകളും മലകളും
തോടുകളും നിറഞ്ഞ ഉൾനാടൻ ഗ്രാമം.....

ബസിറങ്ങി റോഡിനുമപ്പുറം
പാടവരമ്പിലൂടെ നടന്ന്
വഴിയിൽ കാണുന്നവരോടൊക്കെ
വർത്തമാനം പറയണം ......

പാടത്തെ തവളകളുടെ ശബ്ദം കാതുകളിൽ
മുഴങ്ങി.......കുത്തുകല്ലുകളും കയ്യാലകളും
താണ്ടി .......

ഇരുട്ടിനെ മറികടക്കുവാൻ ചിരട്ടയിൽ
തെളിച്ച മെഴുകുതിരി വെളിച്ചത്തിൽ
വേണം എനിക്കവിടെ എത്തുവാൻ....

കോരിച്ചൊരിയുന്ന മഴയിൽ
വടക്കുവശത്തെ കുളത്തിൽ പോയി
മുങ്ങിക്കുളിക്കണം.....

അത്താഴം കഴിഞ്ഞ് നെടുനീളൻ
വരാന്തയിലൂടെ ഒന്ന് ഉലാത്തണം....

ഉമ്മറത്തെ ചാരുകസേരയിൽ അൽപം
നേരം ഇരിക്കണം....

രാത്രിയുടെ അന്ത്യയാമങ്ങളിൽ
പുള്ളുകളുടെ കരച്ചിൽ എന്നെ
ഭയപ്പെടുത്തണം....

അതിരാവിലെ കുയിലുകളുടെ കൂവൽ
കേട്ടുണരണം....

മുറ്റത്തെ മാവിന്റെ ഇലകൾ പറിച്ച്
ചവച്ചരച്ച് എന്റെ പല്ലുകളെ
ശക്തിപ്പെടുത്തണം...

തൈതെങ്ങിന്റെ ഈർക്കിൽ നടുവേ കീറി
എന്റെ നാവിനെ എനിക്ക്
വൃത്തിയാക്കണം....

എണ്ണ തേച്ച് കുളിച്ച് അടുത്തുള്ള
അമ്പലത്തിൽ പോകണം....

പ്രഭാത ഭക്ഷണത്തിനു ശേഷം സൈക്കിൾ
എടുത്ത് ഈ നാട് മുഴുവൻ എനിക്ക്
ചുറ്റണം...

മതസ്പർദ്ധകളില്ലാത്ത രാഷ്ട്രീയ
പകപോക്കലുകൾ ഇല്ലാത്ത പരസ്പര
വിശ്വാസവും സഹകരണവും ആവോളം
ഉണ്ടായിരുന്ന സമത്വസുന്ദരശാന്ത
മനോഹര ഗ്രാമം എനിക്കിന്ന് നഷ്ടപ്പെട്ടു
കഴിഞ്ഞിരിക്കുന്നു.......

**വസ്തുവില്പന**

പാലക്കാട് താലൂക്ക് ആനക്കരയിൽ ഒരു ക്ഷേത്രത്തിനോടു ചേർന്ന് 60 സെന്റ് സ്ഥലം വിൽക്കാനുണ്ട്. പുരാതന ഇല്ലം, രണ്ടുനില, കുളം, കിണറ്, തേക്ക് വീട്ടി എന്നീ മരങ്ങൾ.
മോഹനൻ, 98478 53653

## പദപ്രശ്നം 18

| | | | | | | |
|---|---|---|---|---|---|---|
| 1 | | | 2 | 3 | | |
| 4 | | 5 | | | | |
| | | 6 | 7 | | | |
| 8 | | | | | 9 | |
| 10 | 11 | | | 12 | | 13 |
| | | | 14 | | 15 | |
| | | 16 | | | | 17 |

## ഈ ലക്കത്തിലെ പദപ്രശ്നം സംഖ്യായോഗങ്ങൾ മാത്രം

**വലത്തോട്ട്**

1. സപ്തസ്വരങ്ങളിൽ ഒന്ന് (3)
2. പഞ്ചപ്രാണങ്ങളിൽ ഒന്ന് (4)
4. പഞ്ച ഔഷധങ്ങളിൽ ഒന്ന് (2)
8. പഞ്ച കർമ്മങ്ങളിൽ ഒന്ന് (2)
10. അഷ്ടധാതുക്കളിൽ ഒന്ന് (2)
15. പഞ്ചഭൂതങ്ങളിൽ ഒന്ന് (2)
16. ദോഷത്രയങ്ങളിൽ ഒന്ന് (2)

**മേൽപ്പോട്ട്**

5. ചതുരുപായങ്ങളിൽ ഒന്ന് (2)
9. ഗുരുത്രയങ്ങളിൽ ഒന്ന് (3)
13. അഷ്ടഗന്ധങ്ങളിൽ ഒന്ന് (4)
17. അഷ്ടമംഗല്യങ്ങളിൽ ഒന്ന് (2)

**അയച്ചുകിട്ടേണ്ട അവസാന തീയതി : ജൂൺ 15**

Name...............................................

Address...........................................

Mob:................................................

**പദപ്രശ്നത്തിന്റെ ഉത്തരം പൂരിപ്പിച്ച് പേരും മേൽവിലാസവുമെഴുതി ഫോട്ടോ എടുത്ത് ചീഫ് എഡിറ്ററുടെ വാട്സപ് നമ്പരിൽ അയച്ചാൽ മതിയാവും.**

**ഇടത്തോട്ട്**

6. നവഗ്രഹങ്ങളിൽ ഒന്ന് (2)
9. അഷ്ടഗന്ധങ്ങളിൽ ഒന്ന് (2)
13. സപ്തനാഗങ്ങളിൽ ഒന്ന് (4)
14. ത്രിഭുവനങ്ങളിൽ ഒന്ന് (2)
7. പഞ്ചദുഃഖങ്ങളിൽ ഒന്ന് (2)

**കീഴ്പ്പോട്ട്**

1. ദശപുഷ്പങ്ങളിൽ ഒന്ന് (4)
2. അഷ്ടദിഗ്ഗജങ്ങളിൽ ഒന്ന് (5)
3. ദശമൂലങ്ങളിൽ ഒന്ന് (3)
6. അഷ്ടവിവാഹങ്ങളിൽ ഒന്ന് (3)
11. ശൃംഗാരദ്വയങ്ങളിൽ ഒന്ന് (3)
12. കലഹകാരണദ്വയങ്ങളിൽ ഒന്ന് (3)
15. സപ്തർഷികളിൽ ഒരാൾ (2)
8. ദശാവതാരങ്ങളിൽ ഒന്ന് (4)
14. കാലത്രയങ്ങളിൽ ഒന്ന് (2)

**തയ്യാറാക്കിയത്**
**ഓമനക്കുട്ടൻ പുതുശ്ശേരി ഇല്ലം**



ആണ്ടൂർ ശാഖ, കുമ്മണ്ണൂർ മുട്ടത്തുമനയിൽ സുജിത്തിന്റെയും അഞ്ജനയുടെയും പുത്രന്മാരായ ശാംഭവിന്റെയും മുകുന്ദിന്റെയും ഉപനയനത്തോടനുബന്ധിച്ച് 'ഹവിസ്സി' ലേക്കുള്ള സംഭാവന ജില്ലാ പ്രസിഡന്റ് ഏറ്റുവാങ്ങുന്നു.



സമാജം കേന്ദ്ര സമിതി അംഗം ഹരികൃഷ്ണശർമ്മയുടെ പുത്രൻ ബദരിനാഥന്റെ ഉപനയനത്തോട് അനുബന്ധിച്ചു ഹവിസിലേയ്ക്ക് ഉള്ള സംഭാവന കേന്ദ്ര ട്രഷററർക്ക് കൈമാറുന്നു

# ആദരാഞ്ജലികൾ



കോട്ടയം ജില്ലയിൽ മീനടം
കോശ്ശാപ്പള്ളി ഇല്ലത്ത് അന്തരിച്ച
നാരായണൻ ഇളയത്തിന്റെ
പത്നി രാധാദേവി അന്തർജ്ജനം
(83) 2022 ഏപ്രിൽ മാസം 10
തിയതി വിഷ്ണുപാദം പൂകി



ആലുവ ശാഖാംഗം
കറുത്തമേശ്ശേരി ഇല്ലത്ത്
ബ്രഹ്മശ്രീ നീലകണ്ഠൻ ഇളയത്
22-03-2022 ന്
വിഷ്ണുപാദം പൂകി



വൈക്കം ശാഖ, വല്ലാഴത്ത്
ഇല്ലത്ത് പരേതനായ ശ്രീ വി.എൻ
ശേഖരൻ ഇളയതിന്റെ പത്നി
വി.എൻ ദേവകിക്കുട്ടി, 78
വയസ്സ്, 5-4 - 2022 ന്
വിഷ്ണു പാദം പൂകി.



എം. ബി. എസ്. വൈക്കം
ശാഖയിൽ കല്ലറ,
മണിമംഗലത്തില്ലത്ത്,
കൃഷ്ണശർമ്മ (60 വയസ്സ്)
വിഷ്ണുപാദം പൂകി



എറണാകുളം ശാഖ
ചോറ്റാനിക്കര വഴുതനപ്പിള്ളി
ഇല്ലത്ത് ശ്രീ രുദ്രൻ ഇളയത് (73)
2022 ഏപ്രിൽ 1ന്
വിഷ്ണുപാദം പൂകി



കോത്തല ശാഖ കൈനിക്കര
ഇല്ലത്ത് കെ കെ നാരായണൻ
ഇളയത് (83) 2022 ഏപ്രിൽ 9ന്
വിഷ്ണുപാദം പൂകി



കോത്തല ശാഖാംഗവും
വെന്നിമല ശ്രീരാമ ലക്ഷ്മണ
ക്ഷേത്രത്തിലെ മേൽശാന്തി
യുമായ ചെമ്പകപ്പള്ളി മഠത്തിൽ
ശ്രീ.മുരളീധരൻ നമ്പൂതിരി
24/04/2022ന് വിഷ്ണു പാദം
പൂകി.



തൃപ്പൂണിത്തുറ പ്രയാഗയിൽ
വി എൻ ടി നമ്പൂതിരിയുടെ
സഹധർമ്മിണി
**ലീല അന്തർജ്ജനം**
2022 മാർച്ച് 12ന്
വിഷ്ണുപാദം പൂകി



വി.എൻ.റ്റി. നമ്പൂതിരിയുടെ സഹധർമ്മിണി ലീലാ അന്തർജനത്തിന്റെ അനുസ്മരണ യോഗത്തിൽ ഹവിസിലേക്കുള്ള സംഭാവന എറണാകുളം ശാഖ സെക്രട്ടറി ഏറ്റു വാങ്ങുന്നു



ഒന്നുമില്ല വിധിയെത്തടുക്കുവാൻ
വന്നിടുന്നു മൃതി ഭൂമിപാലനും



കേരള യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് 2018-21 ൽ MD (ഹോമിയോ) - പ്രാക്ടീസ് ഓഫ് മെഡിസിനിൽ ഒന്നാം റാങ്ക് നേടിയ Dr ഐശ്വര്യ M A. തമ്പലക്കാട് കല്ലാരവേലിൽ ഇല്ലത്ത് അനൂപ് കുമാറിന്റെ ഭാര്യയാണ്. കോഴിക്കോട് (മോങ്ങണ്ടമ്പലത്തു അകത്തോട്ടില്ലത്ത്) രാജേന്ദ്രൻ തമ്പാന്റെയും Dr പത്മജ (VMH ഹോമിയോ ക്ലിനിക്, കോഴിക്കോട്)യുടെയും മകളാണ്.



2022 ഏപ്രിൽ മാസത്തിൽ നടന്ന MBBS പരീക്ഷയിൽ ഫസ്റ്റ് ക്ലാസോടെ പാസ്സായ ഗുരുവായൂർ ശാഖാ കൊണഞ്ചേരി ഇല്ലത്ത് മോഹനൻ ഇളയതിൻറേയും ബിന്ദു അന്തർജ്ജനത്തിൻറേയും പുത്രി ദിവ്യ



രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് ഇൽ നിന്നും ആയുർവേദ MD മാനസ രോഗം (Ayurvedic Psychiatry) വിഭാഗത്തിൽ മൂന്നാം റാങ്കോടെ പാസ്സ് ആയ ഡോ. ലക്ഷ്മി ലാൽ. ആണ്ടൂർ തോട്ടത്തിൽ ഇല്ലത്ത് ലാൽ കൃഷ്ണന്റെയും മിനി ലാലിന്റെയും മകളും, തിരുവനന്തപുരം വെണ്മാറനല്ലൂർ മഠത്തിൽ വിവേക് നാരായണന്റെ ഭാര്യയുമാണ്.



തിരുവിതാംകൂർ ദേവസ്വം ബോർഡിലെ ശാന്തിക്കാരുടെയും ജീവനക്കാരുടെയും പ്രശ്നങ്ങൾ അടങ്ങിയ നിവേദനം, MBS കേന്ദ്ര പ്രസിഡന്റ് പ്രൊഫ.കെ.ബാലചന്ദ്ര ശർമ്മയും ജനറൽ സെക്രട്ടറി ശ്രീ ശ്രീവത്സലൻ നമ്പൂതിരിയും കേന്ദ്രസമിതി അംഗം ശ്രീ സി.വി.ശശികുമാറും തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ശ്രീമതി മായാ നാരായണനും ചേർന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ.അനന്തഗോപന് സമർപ്പിച്ചപ്പോൾ



മലയാള ബ്രാഹ്മണ സമാജത്തിന്റെ അഭ്യുദയ കാംക്ഷിയും പ്രശസ്ത സാഹിത്യകാരനുമായ ഡോ.ജോർജ് ഓണക്കൂറിന് കേന്ദ്ര സാഹിത്യ അക്കാഡമി അവാർഡ് ലഭിച്ചതിൽ MBS തിരുവനന്തപുരം ജില്ല അദ്ദേഹത്തിന് ഉപഹാരം നൽകി ആദരിച്ചപ്പോൾ.



ശ്രേഷ്ഠർക്കു ചേർന്നുള്ള മഹത്ത്വമെല്ലാം
പെട്ടെന്ന് താൻ കിട്ടിയതല്ല പാരിൽ

## കേന്ദ്രവാർത്തകൾ

മലയാള ബ്രാഹ്മണ സമാജം കേന്ദ്ര സമിതി യുടെ മാർച്ച് മാസ യോഗം 26/03/2022 ഓൺലൈനായി ഗൂഗിൾ മീറ്റ് കഴി നടന്നു. കേന്ദ്ര പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജനറൽ സെക്രട്ടറി യോഗത്തിലേക്ക് അംഗങ്ങളെ സ്വാഗതം ചെയ്തു. ഉപക്രമ പ്രസംഗത്തിന് ശേഷം ജനറൽ സെക്രട്ടറി റിപ്പോർട്ടും ട്രഷറർ കണക്കും അവതരിപ്പിച്ചു. തുടർന്ന് ജില്ലാ സെക്രട്ടറിമാർ ജില്ലാ റിപ്പോർട്ടിങ് നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ താഴെ പറയുന്ന തീരുമാനങ്ങൾ കൈകൊണ്ടു.

ബൈലോയുടെ ഭേദഗതി ചെയ്യേണ്ട കാര്യങ്ങൾ DTP ചെയ്തു കേന്ദ്ര സമിതിയിൽ അവതരിപ്പിക്കുവാനും തുടർന്ന് ഇക്കാര്യ ത്തിന് വേണ്ടി മാത്രം കേന്ദ്ര കൗൺസിൽ വിളിച്ചു ചേർക്കുവാനും തീരുമാനിച്ചു. വസ്തു സമ്പാദനവുമായി ബന്ധപ്പെട്ടു ഒരു ധവളപത്രം പുറത്തിറക്കുവാനും ആയത് ഏപ്രിൽ പകുതിയോടു കൂടി പ്രിന്റ് ചെയ്തു ശാഖകൾ മുഖാന്തരം ഇല്ലങ്ങളിൽ എത്തി ക്കുവാനും തീരുമാനിച്ചു. തുടർന്ന് ധനസമാ ഹരണം നടത്തി വായ്പ്പാ തുക എത്രയും വേഗം കൊടുക്കുവാനും തീരുമാനിച്ചു. ഇത്തവണത്തെ ശ്രീശങ്കര ജയന്തി ആഘോ ഷങ്ങൾ നടത്തുന്നതിനായി കേന്ദ്ര സമിതി അംഗം ത്രിവിക്രമൻ നമ്പൂതിരിയെ ചുമതലപ്പെടുത്തി. ജനറൽ സെക്രട്ടറി വ്യക്തിപരമായ കാര്യങ്ങളാൽ ഓസ്ട്രേലി യക്കു പോകുന്നതിനാൽ 6 മാസത്തേക്ക് ചുമതലകളിൽ നിന്ന് അവധിക്കു അപേക്ഷി ക്കുകയും ആയതു കേന്ദ്ര സമിതി അംഗീക രിക്കുകയും ചെയ്തു. ഇക്കാലയളവിൽ മുതിർന്ന ജോയിന്റ് സെക്രട്ടറി മോഹൻ കുമാറിന് സെക്രട്ടറിയുടെ ചുമതല നൽകുവാനും തീരുമാനിച്ചു. മാറ്റി വയ്ക്ക പ്പെട്ട നേതൃത്വ പരിശീലന ക്യാമ്പുകൾ മെയ് മാസത്തിൽ നടത്തുന്നതിന്റെ സാധ്യതകൾ യോഗം ചർച്ച ചെയ്യുകയും കൂടുതൽ തീരുമാനങ്ങൾ എടുക്കുവാൻ മാറ്റിവച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് ഉൾപ്പടെ ഉള്ളവർക്ക് നൽകു വാനുള്ള നിവേദനം ഏപ്രിൽ മാസത്തിൽ തന്നെ നൽകുവാൻ തീരുമാനിച്ചു. സമാജ ത്തിനായി ഒരു പതാക തയാറാക്കുവാനും ആയതിന്റെ ചുമതലകൾ പ്രൊഫഷണൽ ആയി തന്നെ ചെയ്യിക്കു വാനും ജോയിന്റ് സെക്രട്ടറി ജയാജിയെ ചുമതലപ്പെടുത്തി.

### എറണാകുളം ജില്ല

മലയാള ബ്രാഹ്മണ സമാജം എറണാകുളം ജില്ലാ കമ്മിറ്റി മീറ്റിംഗ് ജില്ലാ പ്രസിഡന്റ് അനിൽ പുതുമനയുടെ അദ്ധ്യക്ഷതയിൽ 23/3/2022 ൽ ഗൂഗിൾ മീറ്റ് വഴി നടന്നൂ. ജില്ലാ ഭാരവാഹികൾ ശാഖാ ഭാരവാഹികൾ കേന്ദ്ര പ്രതിനിധികൾ ഉൾപ്പെടെ 18 അംഗങ്ങൾ പങ്കെടുത്തു. ശാഖക ളിൽ നിന്ന് 2 വനിതകളെ തിരഞ്ഞെടുത്ത് ജില്ല യിൽ വനിതാ വേദി രൂപീകരിക്കുവാൻ തിരുമാ നിച്ചു. കഴിഞ്ഞ ബ്രഹ്മശ്രീയിൽ മുഖചിത്രം തയ്യാറാക്കിയ ജില്ലാ വൈസ് പ്രസിഡന്റ് O K ഹരിയെ ജില്ലാ കമ്മിറ്റി പ്രത്യേകം അഭിനന്ദിച്ചു. യോഗത്തിൽ കേന്ദ്ര ജോയിൻ സെക്രട്ടറി മോഹൻകുമാർ പുതുമന, മുൻ കേന്ദ്ര ജനറൽ സെക്രട്ടറി ദേവൻ ഇളയത് എന്നിവർ ആശംസ നേർന്ന് സംസാരിച്ചു.

ഏപ്രിൽ മാസ യോഗം

എറണാകുളം ജില്ലാ കമ്മിറ്റിയുടെ യോഗം ജില്ലാ വൈസ് പ്രസിഡന്റ് O K ഹരിയുടെ അദ്ധ്യക്ഷ തയിൽ 17/4/2022 ൽ ഗൂഗിൾ മീറ്റ് വഴി നടന്നു. ജില്ലാ, ശാഖാ, കേന്ദ്ര പ്രതിനിധികൾ ഉൾപ്പെടെ 16 പേർ പങ്കെടുത്തു. വിവിധ ശാഖകൾ വാർ ഷികം നടത്തുന്നതിനെ കുറിച്ച് ശാഖാ റിപ്പോർ ട്ടിംഗിൽ അറിയിച്ചു. ശാഖാ ഭാരവാഹികളുടെ പ്രാതിനിധ്യം ജില്ലാ കമ്മിറ്റിയിൽ കുറയുന്നതി നാൽ പ്രാതിനിധ്യം ഉണ്ടാകുന്നതിന് ജില്ലാ ഭാരവാഹികൾ ഇടപെടെണ്ട ആവശ്യകതയെ കുറിച്ച് ചർച്ചകൾ നടന്നൂ. യോഗത്തിൽ കേന്ദ്ര ജോയിൻ സെക്രട്ടറി മോഹൻകുമാർ പുതുമന ആശംസകൾ നേർന്ന് സംസാരിച്ചു

### കോത്തല ശാഖ

എം.ബി.എസ്. കോത്തല ശാഖയുടെ വാർ ഷികവും കുടുംബസംഗമവും 2022 ഏപ്രിൽ 17-ാം തീയതി ഞായറാഴ്ച 2 പി. എം. മുതൽ കൊടുങ്ങൂരുള്ള മന്നം സ്മാരക ഓഡിറ്റോറി യത്തിൽ വച്ച് ആഘോഷിച്ചു. ശാഖാ പ്രസി ഡന്റ് ശ്രീ. റ്റി.വി. നാരായണ ശർമ്മ പതാക ഉയർത്തി.ശ്രീ. എൻ.ജി. ഉണ്ണികൃഷ്ണൻ നമ്പൂതിരി പ്രതിജ്ഞാ വാചകം ചൊല്ലിക്കൊ ടുത്തു

ശാഖാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ ശാഖാ സെക്രട്ടറി ശ്രീ.കെ.വി.രാജീവ് സ്വാഗതം ആശംസിച്ചു. വാർഷിക റിപ്പോർട്ട് ശ്രീ. കെ.വി.രാജീവും വാർഷിക കണക്ക് ട്രഷറർ ശ്രീ.കെ.കെ.പുരുഷോത്തമ ശർമ്മയും അവതരിപ്പിച്ചു. അദ്ധ്യക്ഷ പ്രസംഗത്തിനുശേഷം കാഞ്ഞിരപ്പള്ളി എം.എൽ.എ. യും കേരള ചീഫ് വിപ്പുമായ ഡോ.എൻ.ജയരാജ് ഭദ്രദീപം കൊളുത്തി സമ്മേളനം ഉദ്ഘാടനം ചെയ്തു. ബ്രഹ്മശ്രീ ചീഫ് എഡിറ്റർ ശ്രീ ഹരികുമാർ പാണാട്ട് മുഖ്യപ്രഭാഷണം നടത്തി. കേന്ദ്ര ട്രഷറർ ശ്രീ അരുൺ കിച്ചേരി, കേന്ദ്ര സമിതി അംഗം ശ്രീ.റ്റി.എസ്. ശ്രീകുമാർ, കോട്ടയം ജില്ലാ ട്രഷറർ ശ്രീ. ലാൽ തോട്ടത്തിൽ, ലീഗൽ അഡ്വൈസർ അഡ്വ. സി.എൻ.പരമേശ്വരൻ നമ്പൂതിരി, കോതമംഗലം ശാഖാംഗമായ ശ്രീ.സുരേഷ് എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. ചമ്പക്കര പൂങ്കാവിൽ ഇല്ലത്ത് ശ്രീ. വിശാഖ് എൻ.ശർമ്മയുടെ പഞ്ചാരിമേള അരങ്ങേറ്റത്തിൽ അഭിനന്ദനങ്ങൾ അറിയിച്ചു കൊണ്ട് എം.ബി.എസ്. കോത്തല ശാഖ തയ്യാറാക്കിയ മെമന്റോ ചീഫ് വിപ്പ് ഡോ. എൻ.ജയരാജ് എം.എൽ.എ. ശ്രീ. ഹരിശർമ്മയ്ക്ക് നൽകിക്കൊണ്ട് അഭിനന്ദിച്ചു. ശ്രീ. അരുൺ കിച്ചേരിയേയും ശ്രീ. റ്റി.എസ്. ശ്രീകുമാറിനെയും ശ്രീ ലാൽ തോട്ടത്തിനേയും ശ്രീ. ഹരി പാണാട്ടിനേയും പൊന്നാട അണിയിച്ച് ആദരിച്ചു. കുമാരി അനഘ കോശാപ്പള്ളി ഇല്ലം, ശ്രീ.സുരേഷ് ശർമ്മ വെങ്ങല്ലൂരില്ലം എന്നിവരുടെ ഗാനങ്ങൾ സമ്മേളനത്തിന് കൊഴുപ്പേകി. ശാഖാ ജോ.സെക്രട്ടറി ശ്രീ. സോമശർമ്മയുടെ കൃതജ്ഞതാ പ്രകടനത്തോടെ വാർഷിക സമ്മേളനം 4.30 പി. എം. ന് സമംഗളം പര്യവസാനിച്ചു. കൊടുങ്ങൂർ കാട്ടുകുന്നേൽ ഇല്ലത്ത് ശ്രീ. കെ.വി. വാസുദേവൻ ഇളയത് ഒരുക്കിയ ലഘുഭക്ഷണവും ഏവർക്കും ഹൃദ്യമായി. ആഘോഷ പരിപാടികളുടെ വിജയത്തിനായി പരിശ്രമിച്ച ഇലവുന്താനത്ത്

ശ്രീ.കേശവൻ ഇളയത് ഉൾപ്പടെയുള്ള മുഴുവൻ ഭരണസമിതി അംഗങ്ങളോടുമുള്ള നന്ദി അറിയിക്കുന്നു.

**വടക്കാഞ്ചേരി ശാഖ**

മാർച്ച് മാസത്തെ യോഗം 12-3-22 ശനിയാഴ്ച ഗൂഗിൾ മീറ്റ് ആയി നടന്നു.പ്രസിഡന്റിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി സ്വാഗതം പറഞ്ഞു. സെക്രട്ടറി ശ്രീമതി. ദേവകി ചെമ്പുക്കാട്ട് റിപ്പോർട്ടും ട്രഷറർ ശ്രീമതി വിജയശ്രീ കണക്കും അവതരിപ്പിച്ചു. ജില്ലക്ക് നൽകാനുള്ള വിഹിതം അടച്ചതായി ട്രഷറർ പറഞ്ഞു. ജില്ല നടത്തിയ അക്ഷര ശ്ലോകം പരിപാടിയിൽ ശാഖയിൽ നിന്ന് ദേവകി ടീച്ചറും ശാന്തകുമാരി ടീച്ചറും പങ്കെടുത്തു. ശാഖാ വാർഷികം ഏപ്രിൽ മാസത്തിൽ നടത്താൻ തീരുമാനിച്ചു. സ്ഥലവും തീയതിയും പിന്നീട് അറിയിക്കും. നന്ദി ഐകമത്യസൂക്തം എന്നിവയോടെ യോഗം അവസാനിച്ചു.

**കുറവിലങ്ങാട് ശാഖ**

മലയാള ബ്രാഹ്മണ സമാജം കുറവിലങ്ങാട് ശാഖയുടെ ശാഖാ വാർഷികവും കുടുംബ സംഗമവും 27/2 / 2022 ഞായറാഴ്ച കുറവിലങ്ങാട് തുരുത്തിയിൽ ഇല്ലത്തു വച്ചു ചേർന്നു. സംസ്ഥാന ജന സെക്രട്ടറി ബ്രഹ്മശ്രീ ശ്രീവത്സലൻ നമ്പൂതിരി യോഗം ഉദ്ഘാടനം ചെയ്തു. പ്രസ്തുത യോഗത്തിൽ മുൻ സംസ്ഥാന പ്രസിഡന്റ് ബ്രഹ്മശ്രീ TV നാരായണ ശർമ്മ , ശാഖയിലെ ശതാഭിഷിക്തരായ തുരുത്തിയിൽ ഇല്ലത്ത് ബ്രഹ്മശ്രീ നാരായണൻ നമ്പൂതിരിയേയും സഹധർമ്മിണി ദേവകിക്കുട്ടി അന്തർജ്ജനത്തേയും ആദരിച്ചു . തദവസരത്തിൽ കോട്ടയം ജില്ലാ പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ , ജില്ലാ പ്രതിനിധി, ശാഖാ ഹവിസ്സ് കോ- ഓർഡിനേറ്റർ തുടങ്ങിയ വർ ആശംസകൾ അർപ്പിച്ചു കൊണ്ട് സംസാരിച്ചു . കൂടാതെ 2020 - 21 വർഷത്തെ SSLC, +2 പരീക്ഷകളിൽ ഉന്നതവിജയം നേടിയ കുട്ടികൾക്കുള്ള cash award വിതരണവും നടത്തി. തുരുത്തിയിൽ ഇല്ലത്ത് ശ്രീമതി ദേവകി അന്തർജ്ജനം ഹവിസിലേക്ക് നൽകിയ സംഭാവന ഹവിസ് കോ- ഓർഡിനേറ്റർ ശ്രീ റ്റി.എസ് ശ്രീകുമാർ ഏറ്റ് വാങ്ങി



വൈക്കം ശാഖ, വല്ലാഴത്തില്ലത്ത് വി.എൻ ദേവകിക്കുട്ടി അനുസ്മരണ യോഗത്തിൽ ഹവിസ്സിലേയ്ക്കുള്ള സംഭാവന പുത്രൻ ശ്രീ ജയകൃഷ്ണനിൽ നിന്നും കേന്ദ്ര പ്രസിഡന്റ് ഏറ്റുവാങ്ങുന്നു.



കവിയാൽ വിഭുവും വിഭുവാൽ കവിയും
വിലസുന്നിവരാലധികം സഭയും









മണിമല ശാഖ കല്ലാരവേലിൽ ഇല്ലത്ത് ബ്രഹ്മശ്രീ കെ. പരമേശ്വരശർമ്മയുടേയും സരളാദേവിയുടേയും പൗത്രരും ജയരാമൻ ശ്രീചിത്ര ദമ്പതികളുടെ പുത്രരും ആയ **കെ.ജെ. ശിവഹരി ശർമ്മയുടേയും കെ.ജെ. ദേവഹരി ശർമ്മയുടേയും** ഉപനയനം മകരം 24 നും (ഫെബ്രുവരി 7) സമാവർത്തനം മകരം 28 (ഫെബ്രുവരി 11)ന് സ്വഗൃഹത്തിൽ വെച്ച് സമംഗളം നടന്നു.



ഇടപ്പള്ളി, പോണേക്കര മാപ്പോംപിള്ളി ഇല്ലത്ത് രാജൻ ഇളയതും മോഹനൻ ഇളയതും കുടുംബാംഗങ്ങളോടൊപ്പം

Published & Owned by Malayala Brahmana Samajam .H.O. Kottayam.Ph. 0481-2301168
( A Registered Charitable Society- Reg No.K593/99, Printed at Ephphatha Press, Kottayam)